FINANCIAL BUSINESS

Voting on Demands for Grants in the Budget for 1970-1971

Demand XVI—University Education
Demand XVII—General Education
Demand XVIII—Technical Education

Minister for Education and Home (**Shri C. H. Mohammed Koya**): I move that Government be granted a sum of Rs. 4,60,05,700 under Demand XVI—University Education.

I also move that Government be granted a sum of Rs. 49,83,55,100 under Demand XVII—General Education.

I further move that Government be granted a sum of Rs. 1,83,51,000 under Demand XVIII—Technical Education.

Minister for Finance (**Shri N. K. Seshan**): I second the Demands.

Shri P. N. Chandrasenan: I move to reduce the total allotment of Rs. 4,60,05,700 under Demand XVI—University Education by Rs. 5700.

Shri C. B. Chandrasekhara Warrier: I move to reduce the total allotment of Rs. 4,60,05,700 under Demand XVI—University Education by Rs. 100.

Shri N. I. Devassykutty: Sir, I move to reduce the total allotment of Rs. 4,60,05,700 under Demand XVI—University Education by Rs. 100.

Shri Alexander Parambithara: I move to reduce the total allotment of Rs. 4,60,05,700 under Demand XVI—University Education by Rs. 10.

Shri K. T. George: I move to reduce the total allotment of Rs. 49,83,55,100 under Demand XVII—General Education by Rs. 100.

Shri C. B. Chandrasekhara Warrier: I move to reduce the total allotment of Rs. 49,83,55,100 under Demand XVII—General Education by Rs. 100.

Shri Alexander Parambithara: I move to reduce the total allotment of Rs. 49,83,55,100 under Demand XVII—General Education by Rs. 10.

Shri Mustafa Kamal: I move to reduce the total allotment of Rs. 1,83,51,000 under Demand XVIII—Technical Education by Rs. 100

ശ്രീ. എ. കെ. അപ്പു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആ എതിർപ്പിനോടൊപ്പം ഇന്നലെ ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ ഒരു ഭീഷണി പ്രയോഗിച്ചതുസംബന്ധിച്ചു രണ്ടുവാക്കുകൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. അദ്ദേഹം ഈ സഭയിൽ പറഞ്ഞു, ഈ ഗവൺമെൻറു രാജിവയ്ക്കാനുള്ള സാഹചര്യമുണ്ടായിക്കഴിഞ്ഞാൽ ഈ നിയമസഭ പിരിച്ചുവിടുമെന്ന് അതായത് ആ ഭീഷണിക്ക് അടിമപ്പെട്ടുകൊണ്ട് ഇവിടെയുള്ള സാമാജികൻമാർ എല്ലാവരുംതന്നെ ധനാഭ്യർത്ഥനക്ക് അനുകൂലമായി വോട്ടുചെയ്യണം. അങ്ങനെയുള്ള ഒരു ഭീഷണിയായിരുന്നു അത്. വാസ്തവത്തിൽ ഇവിടത്തെ ഗവർണ്ണറും നമ്മുടെ പ്രസിഡൻറും എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും ജനാധിപത്യവിരുദ്ധമായരീതിയിൽ പെരുമാറുമെന്ന് അദ്ദേഹത്തിന് ഉത്തമബോദ്ധ്യമുണ്ടായത് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല. ഒരു പക്ഷേ, ശ്രീമാൻ ബേബിജോൺ............................

ശ്രീ. ബേബിജോൺ: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഞാൻ ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ ഈ നിയമസഭയെ പിരിച്ചുവിടുമെന്നു പ്രസംഗിച്ചിട്ടില്ല. പകരം ഒരു ഗവൺമെൻറു ഉണ്ടാകുമെന്ന പ്രതീക്ഷ അല്ലാതെ ആളുകളെ പ്രബോധിപ്പിക്കാൻവേണ്ടി ചിലർ ബോധപൂർവ്വം പ്രവർത്തിക്കുന്നുവെന്നു ഞാൻ പറഞ്ഞതിനെ ഒരു അധ്യാപകൻകൂടിയായ ശ്രീമാൻ അപ്പുമാസ്ററർ തെററായി വ്യാഖ്യാനിക്കുന്നത് ആർഡറിലാണോ?

ശ്രീ. എ. കെ. അപ്പു: അതിൽ എന്തു പോയിൻറ് ആഫ് ആർഡറാണ് ഉള്ളതെന്ന് എനിക്കു................

മി. സ്പീക്കർ: ആർഡർ ആർഡർ. പ്രസംഗം തുടരാം.

ശ്രീ. എ. കെ. അപ്പു: പകരം ഒരു ഗവൺമെൻറു ഉണ്ടാകുകയെന്നു പറഞ്ഞാൽ ഈ ഗവൺമെൻറു പരാജയപ്പെടുകയെന്ന അർത്ഥമാണ്. ഈ ഗവൺമെൻറു പരാജയപ്പെടാൻ സാധ്യതയുണ്ടായാൽ പിന്നെ പ്രസിഡൻറു ഭരണമാണ്. അതുകൊണ്ട് ഈ ഗവൺമെൻറിനെ പരാജയപ്പെടുത്തരുത് ഞങ്ങൾ വയ്ക്കുന്നതെല്ലാം പാസ്സാക്കിത്തരണം എന്നുള്ള ഒരു ഭീഷണിയാണ് അതിൻെറ പിന്നിലുള്ളതെന്നു പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. ഒരു പക്ഷേ ബഹുമാനപ്പെട്ട ബേബിജോൺ സമ്പർക്കംപുലർത്തിവരുന്ന ഇൻഡ്യൻകമ്മ്യൂണിസ്ററുപാർട്ടിയും കേന്ദ്രത്തിലെ ഇന്ദിരയുടെ പാർട്ടിയും തമ്മിൽ ഉണ്ടായ അടുപ്പംകൊണ്ട് അങ്ങിനെ തോന്നുന്നതാവാം.

ശ്രീ. ബേബിജോൺ: അടുപ്പം ജനസംഘവുമായിട്ടാണ് നിങ്ങൾക്കുള്ളത്.

മി. സ്പീക്കർ: വെറും രാഷ്ട്രീയംമാത്രം മതിയെന്നു വിചാരിക്കരുത്.

ശ്രീ. എ. കെ. അപ്പു: അത്രയേ പറയുന്നുള്ളു, വിദ്യാഭ്യാസകാര്യത്തിലേക്കു കടക്കുകയാണ്. ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ് ശ്രീമാൻ ഇ. എം. എസ്. ൻെറ നേതൃത്വത്തിൽ ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ വിദ്യാഭ്യാസമന്ത്രിയായപ്പോൾ അദ്ധ്യാപകൻമാർക്കായിട്ട് ചിലതെല്ലാം ചെയ്തിട്ടുണ്ടെന്ന്. പക്ഷേ അന്നും ഇന്നും എപ്പോഴും എനിക്കുള്ള ആക്ഷേപം വിദ്യാർത്ഥികളെ ഗവൺമെൻറു പാടെ വിസ്മരിച്ചിട്ടുണ്ടെന്നാണ്. ഇന്നും നമ്മുടെ വിദ്യാഭ്യാസം മെക്കാളെ ആസൂത്രണംചെയ്ത അതേ രീതിയിൽത്തന്നെ നിൽക്കുകയാണ്. യഥാർത്ഥത്തിൽ അതിനേക്കാളും താണ നിലപാടിലേയ്ക്കാണ് ഈ ഗവൺമെൻറ് കാര്യങ്ങൾ കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്നത്. മെക്കാളെ ഇവിടെ കുറെ ക്ലാർക്കൻമാരെ ഉണ്ടാക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് ഒരു വിദ്യാഭ്യാസ പദ്ധതി ആസൂത്രണം ചെയ്തതെങ്കിലും ആ പദ്ധതിയിൽ ചില രജതരേഖകളുണ്ടായിരുന്നു സംഗീതം പഠിക്കാമായിരുന്നു, ക്രാഫ്ററിനും ഫിസിക്കൽ എഡ്യൂക്കേഷനും ഉള്ള സൗകര്യമുണ്ടായിരുന്നു. ഇതെല്ലാം എടുത്തുകളഞ്ഞുകൊണ്ടുള്ള ഒരു പദ്ധതിയാണ് റൂൾ അമൻറുചെയ്തുകൊണ്ട് ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ ആസൂത്രണംചെയ്തത്. ഇന്നു യൂ. പി. സ്കൂളുകളിൽ ക്രാഫ്ററദ്ധ്യാപകൻ വേണ്ട, സംഗീതഅദ്ധ്യാപകൻവേണ്ട, ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകൻ വേണ്ട അങ്ങനെ വിദ്യാർത്ഥികളെ വെറും

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകപ്പുഴുക്കളാക്കി മാററുന്നതല്ലാതെ ഒന്നും തന്നെ അനുവദിക്കാത്ത ഒരു വിദ്യാഭ്യാസസംപ്രദായമാണ് ഇവിടെയുള്ളത്. ഇതിനു മറുപടി യായിട്ട് ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ ഇവിടെ പ്രസ്താവി ച്ചത് നിലവിലുള്ള അദ്ധ്യാപകൻമാരെയൊന്നും പിരിച്ചുവിടുകയില്ല, ക്രാഫ്ററ് അദ്ധ്യാപകൻമാർക്ക് തുടരാം, സംഗീതാദ്ധ്യാപകൻമാർക്ക് തുടരാം എന്നൊക്കെയാണ്.

[Deputy speaker in the Chair]

എനിക്കു പറയാനുള്ളത് അധ്യാപകൻമാരുടെ കാര്യംമാത്രമേ ഈ ഗവൺമെൻറു ശ്രദ്ധിച്ചിട്ടുള്ളു എന്നാണ്. ഇപ്പോഠം യൂ. പി. സ്ക്കൂളിലേക്ക് ചെല്ലുന്ന കുട്ടികളുടെ സ്ഥിതിയെന്തെന്ന് ഈ ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ ഉണ്ടായസാഹചര്യമെന്താണെന്നുള്ളതിനെ പ്പററി വളരെക്കാലമായി ഞാൻ ചിന്തിക്കുകയായിരുന്നു. ഇപ്പോഠം എനിക്കു വളരെ വിശദമായിട്ടു മനസ്സിലാക്കാൻ സാധിച്ചു. അതിന് പ്രത്യേകമായി ഒരു സാഹ ചര്യമുണ്ടായിട്ടുണ്ട്. എന്താണെന്നറിയാമോ? ഇന്ന് ഒരു പുതിയ നയമുണ്ടാക്കി യിരിക്കുകയാണ്; ഈ വർഷം മുതൽക്ക് നിയമപ്രകാരം എല്ലാ എൽ. പി. സ്ക്കൂളിലും ഹൈസ്ക്കൂളിലും ഓരോ യൂ. പി. സ്ക്കൂളിലും അറബിക് ടീച്ചറൻമാരെ നിയമിക്കാം. ഒരു ക്ലാസിൽ 10 വീതം നാലു ക്ലാസിലായി 40 കുട്ടികഠം അറബിക് പഠിക്കാനുണ്ടായാൽമതി. അതിനു പററിയവിധത്തിലാണ് നിയമം ഉണ്ടാക്കിയിരിക്കുന്നത്. ഒരു ഫുഠം ടൈം അറബിക് ടീച്ചറെ എല്ലാ സ്ക്കൂളുകളിലും നിയമിക്കുമ്പോഠം ഉണ്ടാകുന്ന ഭീമമായ, ഖജനാവിനു താങ്ങേണ്ടിവരുന്ന ഭീമമായ തുക നികഴ്ത്താൻവേണ്ടി യാണ് മറെറാന്നും വേണ്ടായെന്നു തീരുമാനത്തിന് കാരണമായിത്തീർന്നത്. ഇതു മാററണമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ അതിന് ഒരു പരിഹാരം ഉണ്ടായിട്ടില്ല. ഈ നിയമസഭയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. എച്ച്. പറയുകയുണ്ടായി, ഞാൻ അറബിക്കിനെയും സംസ്കൃതത്തേയും ഒരേ നിലവാരത്തിൽ കൊണ്ടുവന്നതാണെന്ന്. സർ, അദ്ദേഹം കരുതിക്കൂട്ടി ഈ സഭയെ തെററിദ്ധരിപ്പിച്ചുവെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടു ചോദിക്കുകയാണ് 1 മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ, സാധാരണ ക്ലാസ്സുകളിൽ സംസ്കൃതം പഠിപ്പിക്കാനായിട്ട് വല്ല നിയമവും ഈ സ്റേററിലുണ്ടോ? അതേസമയത്ത് ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ അറബിക് പഠിപ്പിക്കാനായിട്ട് ഒരു ഫുഠം ടൈം അദ്ധ്യാപകനെ നിയമിക്കാനായിട്ടുള്ള നിയമം ഇന്ന് ഈ രാജ്യത്തുണ്ട്. ഉദാഹരണമായിട്ട്, ഒരു നിയമത്തിൽ പറയുകയാണ് അറ ബിക് പഠിക്കുന്ന പത്തുകുട്ടികഠം ഒരു ക്ലാസ്സിൽ ഉണ്ടെങ്കിൽ അവിടെ അറബിക് പഠിപ്പിക്കാം. അതായത് അതിന്റെ അർത്ഥം നാൽപ്പതു കുട്ടികഠം നാലു ക്ലാസ്സിലായിട്ട് ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം, നാലാംതരം ഇങ്ങനെ നാലു ക്ലാസ്സിലായിട്ട് നാൽപ്പതുകുട്ടികളുണ്ടെങ്കിൽ അവിടെ ഒരു ഫുഠംടൈം അറബിക് അധ്യാപകനെ നിയമിക്കാമെന്നർത്ഥം. ഈ സ്റേററി ലുള്ള എല്ലാ പ്രൈമറി സ്ക്കൂളുകളിലും ഒരു പ്രത്യേക സമുദായത്തിൽപ്പെട്ട ആളുകഠംക്കുവേണ്ടി ഖജനാവു കാലിയാക്കുന്ന ഒരു പദ്ധതിയാണ് അദ്ദേഹം ആസൂത്രണം ചെയ്തത്. സംസ്കൃതത്തിന്റെ മറയിൽ ആളു കളെ തെററിദ്ധരിപ്പിക്കാമെന്നു ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയ കരുതി.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഒരു അദ്ധ്യാപകൻ കൂടിയായ അദ് ദേഹം ഇങ്ങനെ തെററിദ്ധാരണയുണ്ടാക്കുന്ന രീതിയിൽ..................

ഡെ. സ്പീക്കർ: ആർഡർ, ആർഡർ. അദ്ദേഹം വഴങ്ങുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. അപ്പു: ഞാൻ പറയുന്നത് തെററൊന്നുമല്ല. യാഥാർത്ഥ്യങ്ങൾ മാത്രമാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഈ അറബിക് അദ്ധ്യാപകൻമാരുടെ നിയമം മദിരാശിയിൽ ഉണ്ടായിരുന്നു. ആ നിയമം ഇങ്ങോട്ടു നടമറക്കുകയല്ലെചെയ്തത്? മദിരാശിയുടെ ഭാഗമായിരുന്ന മലബാർഭാഗത്ത് അറബിക് പഠിച്ചു എസ്. എസ്. എൽ.സി. വരെ വന്ന ആളാണ് ഞാൻ. അന്നും അറബിക് അദ്ധ്യാപകൻമാരുണ്ടായിരുന്നു. പരമ്പരാഗതമായിത്തന്നെ ഉള്ള ഒരു നിയമം ശ്രീമാൻ സി. എച്ച്. മുഹമ്മദു കോയയുടെ കാലത്താണ് ഉണ്ടാക്കിയതെന്നു പറഞ്ഞു ഈ സഭയേയും ജനങ്ങളേയും തെററിദ്ധരിപ്പിക്കുന്നതു ശരിയാണോ?

ഡെ. സ്പീക്കർ: അദ്ദേഹത്തിൻറ അഭിപ്രായമാണ് പറഞ്ഞത്

ശ്രീ. എ. കെ. അപ്പു: അദ്ദേഹത്തെ ഞാൻ വെല്ലുവിളിക്കാൻ തയ്യാറാണ്. ഈ സഭയിലെ ഒരു കമ്മിററിയോ വിദ്യാഭ്യാസ ഡയറക്ടറോ അതിനെപ്പററി പരിശോധിച്ചിട്ട് ഇന്നുള്ളതുപോലെ ഒരു നിയമം അന്നു മദിരാശിയിൽ ഉണ്ടായിരുന്നതായി പറഞ്ഞാൽ എൻെറ നിയമസഭാംഗത്വംതന്നെ രാജിവയ്ക്കാൻ തയ്യാറാണ്. നിയമത്തിൽ മാററംവരുത്തിയിട്ടുണ്ട് ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ അറബു പഠിപ്പിക്കുന്നതിൽ ഞാൻ എതിരല്ല. പക്ഷേ അതിനുവേണ്ടി ഡ്രായിംഗ് വേണ്ടാ, സംഗീതം വേണ്ട, ഫിസിക്കൽ എഡ്യൂക്കേഷൻ വേണ്ട എന്നതരത്തിലുള്ള വിദ്യാഭ്യാസരീതിയ്ക്കു ഞാനെതിരാണ്.

ശ്രീ. വി. കുഞ്ഞിരാമക്കുറുപ്പ്: രാജിവച്ചുകൊണ്ടു രണ്ടാമതു തെരഞ്ഞെടുപ്പിനെ നേരിടുമോ?

ശ്രീ. എ. കെ. അപ്പു: തെരഞ്ഞെടുപ്പും ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. സത്യം പറയുന്നവർ ചിലപ്പോൾ തെരഞ്ഞെടുപ്പിൽ ജയിച്ചെന്നു വരികയില്ല. അതു വേറെ പ്രശ്നം. എനിക്കു പറയാനുള്ളതു എന്താണെന്നു വച്ചാൽ അറബിക്കിനെയും സംസ്കൃതത്തേയും ഒരേ നിലവാരത്തിൽ കൊണ്ടുവന്നിട്ട് നീതികാണിച്ചു എന്നു പറയരുതെന്നു മാത്രമേയുള്ളു. അറബിക് പഠിപ്പിക്കുന്നതിൽ എനിക്ക് എതിർപ്പില്ല. പക്ഷേ മ്യൂസിക് പഠിപ്പിക്കരുത് ക്രാഫ്ററ് പഠിപ്പിക്കരുത് ഡ്രിൽ പഠിപ്പിക്കരുത് എന്നു പറയുന്നതിലാണ് എതിർപ്പ് ഈ തെററുതിരുത്തണമെന്ന് ഞാൻ ഇതിനുമുൻപു ഈ സഭയിലും ബഹുമാനപ്പെട്ട മന്ത്രിയോടു നേരിലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് യാതൊരു പരിഹാരവും ഉണ്ടാകാത്തതുകൊണ്ടാണ് ഇതു ആവർത്തിക്കുന്നത്.

അതുപോലെതന്നെ അറബിക്കിനും സംസ്കൃതത്തിനുമുള്ള അദ്ധ്യാപകൻമാരുടെ ക്വാളിഫിക്കേഷൻ ഒരേതരത്തിലുള്ളതാണെന്ന് എനിക്ക് അഭിപ്രായമില്ല. അറബിക്കിൻെറ സർട്ടിഫിക്കററു കിട്ടാൻ വളരെ വളരെ എളുപ്പമാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർട്ടിഫിക്കററു കിട്ടാൻ എളുപ്പമാണെന്നു പറയുന്നതിൽ ദുസ്സൂചനയുണ്ട്.

(നിരവധി മാർക്സിസ്ററു അംഗങ്ങൾ എഴുന്നേററുനിന്ന് എന്തോ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. എ. കെ. അപ്പു: സർ, ആ രീതിയിലുള്ള പരീക്ഷകളാണ് നടത്തുന്നത്. എനിക്ക് മറെറാരാരോപണം വയ്ക്കാനുള്ളത് ഗവൺമെൻറ് വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തലത്തിൽ ഉള്ള അഴിമതികളെ വളരെ വളരെ പ്രോൽസാഹിപ്പിക്കുന്നു എന്നുള്ളതാണ്. അതിനുള്ള തെളിവുകൾ പറയാം. കഴിഞ്ഞവർഷം ബി. എഡ്.-ന് ഈ ഗവൺമെൻറ്, ഈ വിദ്യാഭ്യാസ മന്ത്രിയുടെ ഗവൺമെൻറിൻെറ തീരുമാനമനുസരിച്ചു കുറേപ്പേരെ തിരഞ്ഞെടുത്തുകൊണ്ട് കല്പനയിട്ടു. അതിനെ തൃണവൽഗണിച്ചുകൊണ്ട് ആ ലിസ്ററു തള്ളിക്കൊണ്ടു ഫറൂക്ക് ട്രയിനിംഗ് കോളേജിൽ വിദ്യാർത്ഥികളെ ചേർത്തു. പക്ഷേ ആ മാനേജുമെൻറിൻെറ കീഴിലുള്ള മറെറാരു കോളേജിലെ പ്രിൻസിപ്പാൾ സിൻഡിക്കേററിലുള്ള ആളാണ്. ബി. ടി. കോളേജ് മാനേജുമെൻറിൻെറ കീഴിൽ അവിടത്തെ ആർട്സ് കോളേജിലെ പ്രിൻസിപ്പലായ ഒരു ബഹുമാന്യ വ്യക്തിയാണ്. സിൻഡിക്കേററ് അംഗം കൂടാതെ ബി.എഡ് കോളേജിലെ പ്രിൻസിപ്പളാണ് ഒരു പരീക്ഷകൻ. ഇത്രയും അനീതി, ഇത്രയും അനീതിയെ പ്രോൽസാഹിപ്പിക്കാൻ എവിടെയെങ്കിലും നടക്കുന്നുണ്ടോ എന്നു വളരെ ശാന്തമായി ഒന്നാലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനെ സംബന്ധിച്ച് അത്രമാത്രമേ പറയാനുള്ളൂ.

ഡെ. സ്പീക്കർ: രണ്ടുമിനിട്ടു കൂടിയേയുള്ളൂ.

ശ്രീ. എ. കെ. അപ്പു: ധാരാളം സംഗതികൾ പറയാനുണ്ടായിരുന്നു. സമയം കഴിഞ്ഞുപോയി. ഒരു കാര്യം. ആർ. ഡി. ഡി. ആഫീസുകൾ നിറുത്തൽ ചെയ്യുക, എ. ഇ. ഒ. ആഫീസുകൾ പുനരാസൂത്രണം ചെയ്യുക മുതലായവയെ സംബന്ധിച്ച് ഗവൺമെൻറ് എടുത്ത തീരുമാനം നടപ്പാക്കുകയാണെങ്കിൽ ഞാൻ അതിന് പിന്തുണ നൽകുന്നതാണ്; ആ റിപ്പോർട്ടുകൾ മുഴുവനായി നടപ്പാക്കുകയാണെങ്കിൽ പല നല്ല കാര്യങ്ങളും ഞാൻ കാണുന്നുണ്ട്. ആർ.ഡി.ഡി. ആഫീസുകൾ നിറുത്തലാക്കാൻ തീരുമാനിച്ചതിൽ ഞാൻ ഈ ഗവൺമെൻറിനെ അഭിനന്ദിക്കുകയാണ്. മററു കാര്യങ്ങളും ഉടൻ നടപ്പാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അദ്ധ്യാപകർക്കും ഇംക്രിമെൻറു നൽകുന്ന നടപടിക്രമത്തെ സംബന്ധിച്ചു കഴിഞ്ഞ ബഡ്ജററിൻെറ ചർച്ചാവേളയിൽ ഞാൻ പറഞ്ഞിരുന്നു. അതിനെ സംബധ്ധിച്ചും ഫലവത്തായ ഒന്നും ചെയ്തുകാണുന്നില്ല. എയിഡഡ് സ്ക്കൂൾ അദ്ധ്യാപകരുടെ ഇൻക്രിമെൻറ് അനുവദിച്ചു വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. ഇതു പരിഹരിക്കാൻ ഡയറക്ടരുടെ ബന്ധപ്പെട്ട ശുപാർശ നടപ്പാക്കണം. ഇന്ന് എയിഡഡ് സ്ക്കൂളിലെ ശമ്പളബിൽ എഴുതുക എന്നു പറഞ്ഞാൽ അനേകം കെട്ടു കടലാസ് എഴുതാനുണ്ട്. ഈ രീതി ശരിയല്ല. ട്രഷറി കോഡിൽ ഭേദഗതി വരുത്താൻ പോകുന്നു എന്നു കേട്ടിരുന്നു. പക്ഷേ അനുഭവത്തിൽ കാണുന്നില്ല. എയിഡഡ് സ്ക്കൂളിലെ അദ്ധ്യാപകർക്ക് വിശേഷിച്ചും സെക്കൻററി വിഭാഗത്തിലുള്ള അദ്ധ്യാപകർക്ക് ഇൻക്രിമെൻറ് കിട്ടാൻ വളരെ വളരെ കാലതാമസം ഉണ്ട്. അതു പരിഹരിക്കാനായി ഡയറക്ടർ ശുപാർശ ചെയ്ത അതേ പദ്ധതി ഉടനടി നടപ്പാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും ഈ ഡിമാൻറുകളെ എതിർത്തുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഗംഗാധരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസനയം ഒരു ലക്ഷ്യബോധമില്ലാതെ തുടരുകയാണ്. പഴയ വിദ്യാഭ്യാസനയമെന്നു പറഞ്ഞാൽ ബ്രിട്ടീഷുകാരും രാജാക്കൻമാരും ഭരിച്ചിരുന്ന കാലത്തുണ്ടായിരുന്ന നയമാണ്. അതിന് അടിസ്ഥാനപരമായ മാററം വരുത്തണമെന്നുള്ളതിനെ സംബന്ധിച്ചു ഇൻഡ്യ റിപ്പബ്ളിക്കായശേഷം വിദ്യാഭ്യാസവിദഗ്ദ്ധൻമാരും ഈ നിയമസഭയിലുള്ള ബഹുമാനപ്പെട്ട മെംബർമാരും മാറിമാറിവരുന്ന വിദ്യാഭ്യാസ ധുരന്ധരൻമാരുമൊക്കെ പ്രസംഗിക്കാറുണ്ടെങ്കിലും മുമ്പത്തെക്കാൾ മോശമായ നിലയിലേക്കാണ് വിദ്യാഭ്യാസരംഗം പൊയ്ക്കൊണ്ടിരിക്കുന്നത്, ഒന്നാമത്തെ കാരണം വിദ്യാഭ്യാസ

സ്ഥാപനങ്ങളിലെ അസ്വസ്ഥതയാണ്. വിദ്യാർത്ഥികളുടെ അച്ചടക്കത്തെസംബന്ധിച്ചും അധ്യാപകൻമാരുടെ സമരത്തെസംബന്ധിച്ചുമൊക്കെ വളരെ ഗംഭീരമായി നമ്മുടെ ഭരണസാരഥികളും ഉപനിഷത്തുകളും മററും ഉദ്ധരിച്ചുകൊണ്ടു സംസാരിക്കാറുണ്ടെങ്കിലും അതിന്റെ സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങൾ പരിശോധിക്കാറില്ല. പഠിച്ചുവരുന്നവരുടെ ജീവിതത്തിനും ഭാവിക്കും ഒരു ഉറപ്പില്ലെന്നുള്ളതാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അസ്വസ്ഥതയ്ക്കു ഒരു പ്രധാനകാരണം. പഠിച്ചുവരുന്നവർക്ക് തൊഴിൽ കിട്ടുമെന്നുള്ളതിന് ഉറപ്പില്ലെന്നുള്ളത് തൊഴിലില്ലായ്മ വർദ്ധിക്കുന്നതിൽ നിന്നു വ്യക്തമാണ്. പഠിപ്പാണെങ്കിൽ വളരെ മോശമായിവരുകയുമാണ്. കഴിഞ്ഞവർഷം എസ്. എസ്. എൽ. സി. ക്ക് ഒരു ലക്ഷത്തി എഴുപത്തിനാലായിരം പേർ ഹാജരായതായി കാണുന്നുണ്ട്. പക്ഷേ പത്തെഴുപത്തോരായിരം ആളുകൾ മാത്രമേ ജയിച്ചിട്ടുള്ളു. ഓരോ കൊല്ലവും തോററവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ വിദ്യാഭ്യാസ നിലവാരം ഉയരുന്നതിനുപകരം താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇതിന് ആരെങ്കിലും പ്രത്യേക ഉത്തരവാദികളാണെന്നു ഞാൻ ആരോപിക്കുന്നില്ല. ആകെ അഴിച്ചുപണിയേണ്ട, ആകെ മാറേറണ്ട ഒരു രംഗമാണു വിദ്യാഭ്യാസരംഗമെന്നാണ് എനിക്കു പറയാനുള്ളത്. വിദ്യാഭ്യാസനിലവാരം ഉയരുന്നില്ലെന്നു മാത്രമല്ല എസ്. എസ്. എൽ. സി. പാസായവരുടെയും ഗ്രാഡുവേററ്സിന്റെയും പോസ്ററ് ഗ്രാഡുവേററ്സിന്റെയും ഇടയിലുള്ള തൊഴിലില്ലായ്മ സംഭ്രാന്തകരമായി, അമ്പരപ്പിക്കുന്നവിധത്തിൽ വർദ്ധിച്ചുവരികയാണ്. അതെല്ലാം നമ്മുടെ അധികൃതരേഖകളിൽ വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. അധികൃതരേഖകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നെടുക്കുന്നതാണ്. ഉദ്യോഗാർത്ഥികളെല്ലാവരും എക്സ്ചേഞ്ചിൽ പേര് രജിസ്ററർ ചെയ്യുന്നില്ലെന്നുള്ളത് ഈ ഗവൺമെൻറും രേഖകളും സമ്മതിക്കുന്നതാണ്. അങ്ങനെ തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുകയാണ്. ഈ ബഡ്ജററിലും അതിനുതകുന്ന അടിസ്ഥാനപരമായ നിർദ്ദേശങ്ങളോ മതിപ്പുകളോ ഒന്നും കാണുന്നില്ല. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സർവ്വകലാശാല) എടുത്തുനോക്കിയാൽ രണ്ടു പ്രധാന തകരാറുകളാണ് അവിടെ കാണുന്നത്. പണ്ട് ഈ രാജ്യത്തു വലിയ ജനവിഭാഗത്തെ വിദ്യാലയങ്ങളിൽ പഠിക്കാൻ അനുവദിച്ചിട്ടില്ലായിരുന്നു. അതു മാറിയിട്ട് കുറെക്കാലമായി. പക്ഷേ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികൃതസ്ഥാപനങ്ങളിൽ ഇരിക്കുന്ന ആളുകൾ ഇന്നും ആ പഴയ ജാതിമേധാവിത്വം പുലർത്തുന്നവരാണ്. അതുകാരണം ഇന്നു അവർണ്ണർക്കു പ്രവേശനം കിട്ടുന്നതിനുപോലും വിഷമമുണ്ട്. പ്രവേശനം കിട്ടിയാൽത്തന്നെയും സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങളെ പ്രോൽസാഹിപ്പിക്കാൻ ഗവൺമെൻറു ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും തൃപ്തികരമല്ല. ഉദാഹരണത്തിനു ഞാൻ ഒരു കാര്യം പറയാം. ഞാനും എന്റെ മുൻഗാമികളുമെല്ലാം ഇക്കാര്യം ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മന്ത്രിയായതിനുശേഷവും അതിനുമുമ്പും ഇക്കാര്യം സമ്മതിച്ചിട്ടുള്ളതും ഇതിനെ ആക്ഷേപിച്ചിട്ടുള്ളതുമാണ്. അതായത് കുമാരപിള്ളക്കമ്മീഷൻ റിപ്പോർട്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന പ്രത്യേക സൗജന്യങ്ങൾ കേന്ദ്രത്തിലും ഇവിടെയും ഉള്ള ഉദ്യോഗസ്ഥൻമാരുടെ ജാതിമേധാവിത്വം കൊണ്ട് വളരെ തുച്ഛമായിട്ടുമാത്രമേ അനുവദിച്ചുകൊടുക്കുന്നുള്ളു. എങ്കിൽപ്പോലും അത് ഉടൻ നടപ്പിൽവരുത്തുന്നതുമില്ല. ഈ ഗവൺമെൻറു വന്നശേഷവും ഇതിനുമുമ്പുള്ള ഐക്യമുന്നണി ഗവൺമെൻറിന്റെ കാലത്തും ഇക്കാര്യം ഞാൻ വിദ്യാഭ്യാസമന്ത്രിയോടു സംസാരിച്ചിട്ടുള്ളതും കുമാരപിള്ളകമ്മീഷൻ റിപ്പോർട്ടിലെ സൗജന്യങ്ങൾ എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

അർഹതപ്പെട്ടവർക്ക് കൊടുക്കുമെന്നു അദ്ദേഹം വാഗ്ദാനംചെയ്തിട്ടുള്ളതു മാണ്. ഇതിനകം എത്രസ്ഥലത്തു കൊടുത്തിട്ടുണ്ട്, കൊടുക്കാതിരുന്നി ട്ടുള്ളതിന്റെ കണക്കെത്ര എന്നു ചോദിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി എഴുന്നേററുനിന്നുപറയും വിവരം ശേഖരിച്ചുവരുന്നതേയുള്ളു എന്നു. മന്ത്രി മാർ അതിൽ നിസ്സഹായരാണ്. വിവരം കൊടുക്കരുതെന്നു ഈ ഭരണ വകുപ്പുകളുടെ മേലദ്ധ്യക്ഷൻമാർ നിശ്ചയിച്ചാൽ അതു തടയാൻ സാധ്യ മല്ല. അങ്ങനെ കൊടുക്കാതിരുന്നാൽ അവരെ ശിക്ഷിക്കുന്നതിന് യാതൊരു നിയമവുമില്ല. അതുകൊണ്ട് കുമാരപിള്ളക്കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ കരം വളരെ തുച്ഛമായ രീതിയിൽമാത്രമേ നടപ്പിൽവന്നിട്ടുള്ള. നടപ്പിൽ വന്നിട്ടില്ലേ എന്നു ചോദിച്ചാൽ നടപ്പിൽവന്നിട്ടുണ്ട്; പെട്ടിക്കാരന്റെ സത്യം പോലെ. പട്ടികജാതിക്കാർക്ക് മഹാത്മാഗാന്ധി വളരെ ദിവ്യമായി ഇട്ട ഹരി ജൻ എന്ന പേര് പൂജിച്ചു പറയുകയല്ലാതെ അവർക്കുള്ള ആനുകൂല്യങ്ങളോ അർഹതയോ അവകാശങ്ങളൊ ഒന്നും അനുവദിച്ചുകൊടുക്കുകയില്ല. തലമുറ തലമുറകളായി സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കംനിൽക്കുന്നു എന്നുമാത്രമല്ല സമുദായത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന അവരുടെ കാര്യങ്ങരം വളരെ നിർഭാഗ്യകരമാണ്. അവരുടെ നീറുന്ന അനവധി കഥകരം ഇവിടെ പറയാനുണ്ട്. പക്ഷേ അതുപറഞ്ഞ് ഞാൻ സമയം കളയുന്നില്ല. എത്ര യോ കഥകരം ബഹുമാനപ്പെട്ട മന്ത്രിയ്ക്കറിയാവുന്നതാണ്. പിന്നോക്കവിഭാഗ ത്തിനുവേണ്ടി ഞാൻ ഒരു നിർദ്ദേശംവയ്ക്കുകയാണ്. സാങ്കേതിക വിദ്യാ ലയങ്ങളിലും കലാശാലകളിലും ഹരിജനങ്ങരംക്ക് 50 ശതമാനം പ്രവേശനം നൽകുകയും പഠിച്ചുവരുന്നവർക്ക് 50 ശതമാനം ഉദ്യോഗങ്ങരം റിസർവ്വ് ചെയ്യു കയുംവേണം. ഇതു കർശനമായി ചെയ്യാതെ ഇവിടെ എന്തെല്ലാം നിർദ്ദേശ ങ്ങരം പറഞ്ഞാലും പ്രയോജനമൊന്നുമില്ല. ഹരിജനങ്ങളുടെ കാര്യം പരി ശോധിക്കാൻ ഇവിടെ ഒരു സെല്ലോമറേറാ ഉണ്ടാക്കിയിട്ടുണ്ടെന്ന് കൊട്ടിഘോ ഷിക്കുകയും വളരെയധികം ആർഭാടപൂർവ്വം ഇവിടെ പറയുകയും ചെയ്തു. എന്തിനാണ് ഈ സെൽ? ഇതെന്തിനാണ് ഇതെന്താണ് എന്നൊന്നും ഞങ്ങരം ക്ക് യാതൊരു അറിവുമില്ല. ആന്ധ്രയിലെ മന്ത്രിമാർ അവിടത്തെ ഹരി ജനങ്ങളെ ചവിട്ടിമെതിക്കുന്നതുപോലെ ഇവിടത്തെ ഹരിജനങ്ങളെ ചവിട്ടാൻ സാധിക്കാത്തതുകൊണ്ടാണോ സെല്ലിലാക്കിയിരിക്കുന്നതെന്നറിഞ്ഞുകൂടാ. ഏതായാലും കലാശാലകളിലുംമററും ഹരിജനങ്ങരംക്ക് 50 ശതമാനം പ്രവേ ശനം അനുവദിക്കുകയും വിദ്യാഭ്യാസംകഴിഞ്ഞുവന്നാൽ ഉദ്യോഗംകൊടുക്കുകയും ചെയ്തില്ലെങ്കിൽ സെൽഎന്നല്ല ഇവിടെ സ്വർഗ്ഗം സൃഷ്ടിച്ചുകൊടുത്താൽപ്പോ ലും ഒരു പ്രയോജനവും ഉണ്ടാകുകയില്ല. പട്ടയവിതരണംപോലെ വെറും തട്ടിപ്പ്. സർ, ജാതി മേധാവിത്വത്തിന് വേദനാജനകമായ ഒരു ഉദാഹരണംകൂടി. സർവ്വ കലാശാല മുതൽ ഇങ്ങോട്ടെടുക്കാം. ഇവിടെ ഒരു പോളിറെറിക്സ് ഡിപ്പാർട്ടു മെൻറുണ്ട്. ഞാൻ ഇതു പറയുമ്പോരം എന്റെ മുഖത്തു നോക്കുന്ന വിദ്യാ ഭ്യാസമന്ത്രിക്കു ഞാൻ പറയാൻപോകുന്ന കാര്യം അറിയാം. അവിടെ പിന്നോക്ക സമുദായത്തിൽപ്പെട്ട ഒരു പെൺകുട്ടിക്കു കിട്ടേണ്ട ഒരു പോസ്ററു ഒഴിവു വന്നിട്ടും, രണ്ടുകൊല്ലം ലീവെടുത്തുകൊണ്ട് ആരം അമേരിക്കയിൽപോയിട്ടും അവർക്ക് കൊടുക്കാതെ മാററിവച്ച കഥയുണ്ട്. ഇക്കാര്യം ഞാൻ ഇതിനു മുൻപും ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്; മന്ത്രിക്കു നിവേദനംകൊടുത്തി ട്ടുണ്ട്; കുമാരപിള്ളയെ അന്വേഷണക്കമ്മീഷനായി നിശ്ചയിച്ചിട്ടുണ്ട്. അത്രയും അഭിനന്ദനം. ആ പെൺകുട്ടി മൽസ്യവ്യവസായംനടത്തുന്ന സമു ദായത്തിൽ ജനിച്ചുപോയി എന്നുള്ളതുകൊണ്ട് അവർ ജോലിക്കു ഡിപ്പാർട്ടു മെൻറിൽ ചെല്ലുമ്പോരം 'മീൻചന്തയിൽ പോയ്ക്കൂടേ' എന്നാണ് വകുപ്പ് തലവൻ ചോദിക്കുന്നത്. ഇതിന് ആ പെൺകുട്ടി പരാതി എഴുതികൊടു ക്കുകയുംചെയ്തു. അത് അന്വേഷിക്കാൻ ചെന്ന ആരം വിദേശങ്ങളിൽ പോയി ബിരുദം സമ്പാദിച്ച ഒരു 'ഡീനോ' മറേറാ ആണെന്നാണ് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> ക്വാളിഫൈഡായ ആളിനെയാണോ എടുക്കാനിരുന്നത്.

<u>ശ്രീ. പി. ഗംഗാധരൻ:</u> വളരെ ക്വാളിഫൈഡ് ആണ്. അതിന്റെ കാരണം കേട്ടിട്ട് ബഹുമാനപ്പെട്ട കാരണവർ തീരുമാനിച്ചാൽ മതി. അവർ മദ്രാസ് സർവ്വകലാശാലയിൽ പാസ്സായതാണ്. ഇതിൽ ഏതാണ് യോഗ്യത കൂടുതൽ ഉള്ളത് എന്ന് അങ്ങ് തീരുമാനിച്ചാൽ മതി. അങ്ങനെ പറയുവാൻ പല കാര്യങ്ങളും ഉണ്ട്.

അതുപോലെതന്നെ ഇപ്പോഴും നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലും ഉദ്യോഗസ്ഥമേധാവിത്വമാണ് കൊടികുത്തിവാഴുന്നത്. ഉദ്യോഗസ്ഥൻമാർക്ക് തങ്ങൾ ചെയ്യുന്ന അഴിമതിയിൽ ജനപ്രതിനിധികളായ ആളുകൾ ഇടപെടരുത് എന്ന അഭിപ്രായം ഉണ്ടെന്നുമാത്രമല്ല, ശക്തിയായി അതിന് എഴുതികൊടുക്കുകയും ചെയ്തിരിക്കുന്നു. മലബാറിൽ ഒരു സൊസൈററി ക്രീയേററു ചെയ്തിട്ടുണ്ട്. എഡ്യൂക്കേഷൻ സൊസൈററി ഒട്ടേറെ സ്കൂളുകളിലെ മാസ്ററർമാർക്ക് ഇതുവരെ ശമ്പളമാക്കി കൊടുത്തിട്ടില്ലെന്നാണ് പറയുന്നത്. ഒരു സമരകാലത്ത് സ്കൂളുകൾ പൂട്ടിയിട്ടിട്ടുപോയ ആളിന് അതിനുശേഷം വന്ന പ്രസിഡൻറു ഭരണം അവർക്ക് ശമ്പളമാക്കി കൊടുത്തു. ഇതു സംബന്ധിച്ചു അനവധിനിവേദനങ്ങൾ കൊടുത്തതിന്റെ പകർപ്പുകൾ എന്റെ കൈയിൽ ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും ഒരു കാപ്പികൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഇരിങ്ങാലക്കുടയിൽ എഡ്യൂക്കേഷൻ ആഫീസറുടെ കീഴിൽ അവിടെ ജോലി ചെയ്തിരുന്ന ഒരു ഉദ്യോഗസ്ഥന്റെ സർവ്വീസു ബുക്കുപോലും എടുത്തു ഒളിച്ചുവയ്ക്കുകയും അതേപ്പററി നിവേദനം നടത്തി അതു ശരിയാണെന്നു കണ്ടതിനുശേഷവും ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുത്തിട്ടില്ല. ഈ വിധത്തിൽ ലക്ഷ്യബോധമില്ലാത്ത, ജാതിമേധാവിത്വം കൊടികുത്തിവാഴുന്ന ഒരു വിദ്യാഭ്യാസരംഗമാണ് ഇപ്പോഴും ഉള്ളത്. സാമുദായിക സാമ്പത്തിക കാരണങ്ങളുടെ തൊഴിലില്ലായ്മ വർദ്ധിക്കുന്ന വിദ്യാഭ്യാസ നയമാണ് ഇന്നും തുടരുന്നത് എന്നുള്ളതുകൊണ്ട് ഞാൻ അതിനെ എതിർക്കുന്നു.

<u>ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള:</u> സർ, ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. പ്രധാനമായും സർവ്വകലാശാല വിദ്യാഭ്യാസത്തെ സംബന്ധിച്ചാണു ഞാൻ സംസാരിക്കുവാൻ ആഗ്രഹിക്കുന്നത്. ഈ ഗവർമ്മെണ്ട് ഈ അടുത്ത കാലത്ത് വിദ്യാഭ്യാസരംഗത്തു പ്രവർത്തിച്ചത് അദ്ധ്യാപകർക്കു വേണ്ടി പ്രത്യേകിച്ചും സർവ്വീസിൽ നിന്നും പിരിഞ്ഞുപോയ അദ്ധ്യാപകർക്ക് പ്രത്യേകമായി ചെയ്തുകൊടുത്ത ചില കാര്യങ്ങൾ ഈ സന്ദർഭത്തിൽ അനുസ്മരിക്കാതെയിരിക്കുവാൻ നിവൃത്തിയില്ല. ഒരു അധ്യാപകൻകൂടിയായ ബഹുമാനപ്പെട്ട അപ്പു മാസ്ററർ ഇതിനെ എതിർക്കണമെന്നുള്ള മനപ്പൂർവ്വമായ ഉദ്ദേശ്യത്തോടുകൂടി സംസാരം ആരംഭിച്ചതെങ്കിലും ആ ഒരു നല്ല കാര്യത്തിൽ ഈ ഗവൺമെൻറിനെ ശ്ലാഘിക്കുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. ഒരു പുതിയ സർവ്വകലാശാല എറണാകുളത്ത് ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ഒരു പ്രഖ്യാപനവും ഈ ഗവൺമെൻറ് നടത്തി. ആ കാര്യത്തെക്കുറിച്ചും അദ്ദേഹം ഒന്നും പറഞ്ഞില്ല എന്നുമാത്രമല്ല മനപ്പൂർവ്വം അത് അവഗണിച്ചു എന്നുള്ളതുവളരെ ഖേദകരമാണ് സർ, സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഘടനയെ സംബന്ധിച്ചുള്ള നിരവധിപ്രശ്നങ്ങൾ ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ബഡ്ജററിനെ അനുകൂലിച്ചുകൊണ്ടു സംസാരിക്കുന്ന ഘട്ടത്തിൽ പരാമർശിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ല. സമയം കിട്ടുമെന്നു തോന്നുന്നില്ല. നമ്മുടെ സർവ്വകലാശാലാരംഗത്തുള്ള വിദ്യാഭ്യാസ സംപ്രദായത്തിൽ സാമാന്യമായ പരിവർത്തനങ്ങൾ വരുത്തുന്നതിൽ കുറെയൊക്കെ നാം വിജയിച്ചിട്ടുണ്ടെങ്കിലും സർവ്വകലാശാലാ വിദ്യാഭ്യാസത്തിനു

LIBRARY ARCHIVES Kerala Legislative Assembly

തയാറെടുത്തു മുന്നോട്ടു വരുന്ന വിദ്യാർത്ഥികൾ ബിരുദം ഭൂഷണത്തിനുവേണ്ടി മാത്രമാണെന്നും ജീവിതമാർഗ്ഗത്തിന് ഉദ്യോഗമാണ് മാർഗ്ഗമെന്നും കരുതുന്ന കാലഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്. ആ സ്ഥിതി മാററണം എന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. താഴെത്തെ ലവലിൽവച്ചുതന്നെ—സെക്കൻററി വിദ്യാഭ്യാസം കഴിഞ്ഞുവരുന്ന യുവതീയുവാക്കൻമാർക്ക് ജീവിതത്തിൽ പ്രവേശിക്കാനും തൊഴിൽ ലഭിക്കാനും ഉള്ള സാഹചര്യം ഉണ്ടാക്കുക എന്നുള്ള ഉദ്ദേശം മുൻനിറുത്തികൊണ്ടുള്ള വിദ്യാഭ്യാസ സംപ്രദായം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു എന്നു പറയേണ്ടിവന്നതിൽ ഖേദം ഉണ്ടു്. സർവ്വകലാശാലാവിദ്യാഭ്യാസം കാംക്ഷിക്കുന്ന ആളിന് ഒരു സ്പെഷ്യലൈസേഷനിട്ടാണു സർവ്വകലാശാലാപ്രവേശനം എന്നരീതി വരുന്നതുവരെ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസംകൊണ്ട് സാമൂഹ്യമായ പുരോഗതി കൈവരുത്തുന്നതിൽ നാം വിജയിച്ചു എന്നു അവകാശപ്പെടാൻ നമുക്കു സാധ്യമല്ല. കേവലം ഭൂഷണത്തിനുവേണ്ടി ഡിഗ്രി സമ്പാദിക്കുന്ന കാലഘട്ടമൊക്കെ പോയി. ഒന്നു കൂടി ആളുകൾ കാംക്ഷിക്കുന്നു. സെക്കണ്ടറി ലവലിൽവച്ച്തന്നെ തൊഴിലിനുവേണ്ടിയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കുകയും സ്പെഷ്യലൈസേഷനു വേണ്ടി ആഗ്രഹിക്കുന്ന പ്രബുദ്ധരായ ആളുകൾ സർവ്വകലാശാലയിൽ പ്രവേശിച്ച് വിദ്യാഭ്യാസം നടത്തുന്ന സാഹചര്യം ഉണ്ടാകണമെന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമം ഗവൺമെൻറു ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ള പ്രത്യേകമായ ഒരു നിർദ്ദേശം വയ്ക്കുകയാണ്. സർ, നമ്മുടെ സ്ക്കൂൾ വിദ്യാഭ്യാസം നമ്മുടെ സ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്നുള്ള ഒരു നിർദ്ദേശം നിലവിലുണ്ട്. അതു തീർച്ചയായും പ്രായോഗികമാക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുകയാണ്. സെക്കണ്ടറിലവൽവരെയുള്ള വിദ്യാഭ്യാസം മൊത്തമായി നമ്മുടെ സ്വയംഭരണസ്ഥാപനങ്ങളെ ഏൽപ്പിക്കുകയെന്നു പറയുമ്പോൾ ഒരുപക്ഷെ എതിർപ്പുകൾ ഉണ്ടാകുമെന്നകാര്യം വിസ്മരിക്കുന്നില്ല. എന്നിരുന്നാലും ഇങ്ങനെ ഒരു നവീകരണം നമ്മുടെ സെക്കണ്ടറി വിദ്യാഭ്യാസരംഗത്ത് വരുത്തുന്നത് വളരെയേറെ സ്വാഗതാർഹമായ കാര്യമാണ് എന്നാണ് എന്റെ അഭിപ്രായം.

ഇന്നു നമ്മുടെ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അത് വളരെയേറെ അന്യൂനമാണെന്ന് അവകാശപ്പെടുന്നില്ല. വളരെനല്ല കാൽവയ്പുകൾ സർവ്വകലാശാലാ വിദ്യാഭ്യാസരംഗത്ത് വരുത്തിത്തീർക്കുന്നതിന് ശ്രമിക്കുന്നുണ്ട്. എങ്കിലും ഇന്നും മാതൃഭാഷയെ സംബന്ധിച്ചിടത്തോളം—മലയാളത്തെ സംബന്ധിച്ചിടത്തോളം—വളരെയേറെ അവഗണന നമ്മുടെ സർവ്വകലാശാലാരംഗത്ത് നിലനിൽക്കുന്നുണ്ട് എന്നുള്ള വസ്തുത ഞാൻ ആവർത്തിക്കുവാൻ ആഗ്രഹിക്കുകയാണ്. സർവ്വകലാശാലയുടെ മലയാളവിഭാഗം നമ്മുടെ സംസ്കാരവും നമ്മുടെ ഭാഷയും വികസ്വരമാകണമെന്ന് ആഗ്രഹിക്കേണ്ടുന്ന സർവ്വകലാശാല കഴിഞ്ഞ ഇരുപതു വർഷമായി നമ്മുടെ ഭാഷയെയും സംസ്കാരത്തെയും അവഗണിക്കുന്ന നീണ്ട ചരിത്രമാണ് കാണുന്നതെന്നു വീണ്ടും ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നും നമ്മുടെ ബഡ്ജററിൽ മാതൃഭാഷയുടെ വികസനത്തിന് വേണ്ടത്ര തുക കൊള്ളിച്ചിട്ടില്ല. അതു പറയുമ്പോൾ മലയാള ഭാഷയിലേക്ക് വിദ്യാഭ്യാസം പരിപൂർണ്ണമായുള്ള പരിവർത്തനം സാധിതപ്രായമാക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടെന്ന് വിദ്യാഭ്യാസവിദഗ്ദ്ധൻമാർ പറയുമെങ്കിലും നമ്മുടെ ടെക്സ്ററു ബുക്കുകളും മററെല്ലാ കാര്യങ്ങളും തയാറാക്കിയതിനു ശേഷം മാത്രമെ ഇങ്ങനെയുള്ള പരിവർത്തനം ആകാവൂ എന്നു ശഠിക്കുന്നതിനോട് എനിക്കു യോജിപ്പ് ഇല്ല. ടെക്സ്ററു ബുക്ക് തയാറാക്കി കഴിഞ്ഞതിനുശേഷം മലയാള ഭാഷാപരിവർത്തനം ഒരു സുപ്രഭാതത്തിൽ നടത്താമെന്നുള്ള അഭിപ്രായം അത്ര സ്വാഗതാർഹമായിരിക്കുകയില്ല. നേരേ

LIBRARY ARCHIVES Kerala Legislative Assembly

മറിച്ച് ഇപ്പോഴത്തന്നെ മാതൃഭാഷയിലേയ്ക്കുള്ള പരിവർത്തനം ക്രമേണ നടപ്പാക്കണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഓറിയന്റൽ ഫാക്കൽററിയിൽ അതിന്റെ പ്രൊസീഡിംഗ്സ് എങ്കിലും മലയാളത്തിൽ കൈകാര്യം ചെയ്യണമെന്ന് ഒരു അംഗം അഭിപ്രായം അവതരിപ്പിക്കുകയും ഭൂരിപക്ഷത്തോടുകൂടി അതു തള്ളിക്കളഞ്ഞുകൊണ്ട് ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു എന്നറിയുന്നതു ശരിയാണോ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ബഹുമാനപ്പെട്ടമെമ്പറെപോലെ പത്രത്തിൽ വായിച്ചറിഞ്ഞ വസ്തുതയാണ്. എനിക്ക് അതിൽ അഭിപ്രായവ്യത്യാസമുണ്ട്. അങ്ങനെയുള്ള തീരുമാനത്തെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. അപ്രായോഗികമായ മേഖലകളിലേക്ക് മലയാളഭാഷാ പരിവർത്തനം വരുത്തണമെന്നല്ല, പ്രായോഗികതലങ്ങളിൽ മലയാള ഭാഷാ പരിവർത്തനം കൈവരുത്തുന്നതിന് എളിയ പ്രവർത്തനം..

ശ്രീമതി. കെ. ആർ. ഗൗരി: ഞാൻ മനസ്സിലാക്കുന്ന ബഹു; മെമ്പർ സിൻഡിക്കേററ് മെമ്പർ ആണെന്നാണ്. സിൻഡിക്കേററുമെമ്പർ ഇവിടെ വരുമ്പോൾ മറേറത് സൂത്രത്തിൽ മാററിക്കളഞ്ഞെന്നാണ് എനിക്കുതോന്നുന്നത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സൂത്രത്തെ സംബന്ധിച്ച് വലിയ പരിജ്ഞാനമൊന്നുമില്ല. അവിടെയും സിൻഡിക്കേററ് മെമ്പർ എന്നു പറഞ്ഞാൽ ഇവിടെയും 'സിൻഡിക്കേററു' മെമ്പറല്ല. അവിടെ മാത്രമാണ് സിൻഡിക്കേററു മെമ്പർ. കഴിഞ്ഞ നിരവധി വർഷങ്ങളായി സർവ്വകലാശാലാവിദ്യാഭ്യാസം മലയാളഭാഷയിലാക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. നമ്മുടെ ടെക്സററു ബുക്ക് എല്ലാം മലയാളഭാഷയിലായതിനുശേഷം മാത്രമെ മലയാളമാകാവൂ എന്നു ശഠിക്കുന്നതിന്റെ ആവശ്യമില്ല. ക്രമപ്രവൃദ്ധമായ രീതിയിൽ പരിവർത്തനം നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മറെറാരു കാര്യം സർവ്വകലാശാലയുടെയും ഗവൺമെന്റിന്റെയും
10 A. M. ഭാഗത്തുനിന്ന് ആർക്കിയോളജി (പുരാവസ്തുഗവേഷണ) വിഭാഗത്തോടു കാണിക്കുന്ന അനാസ്ഥയാണ്. പ്രധാനപ്പെട്ട പല ഉൽഖനനങ്ങളും നടത്തി വരുന്ന നമ്മുടെ നാട്ടിൽ ആർക്കിയോളജി വിഭാഗം തീരെ അപര്യാപ്തമാണ്. ഗവമെന്റിന് അങ്ങനെയൊരു വിഭാഗം ഉണ്ടെങ്കിലും സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ആ വകുപ്പ് ഒന്ന് വികസിപ്പിക്കുന്നതിന് ഉള്ള മുൻകൈ ഗവൺമെന്റ് ഭാഗത്തുനിന്ന് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. വികസിപ്പിക്കുകയാണെങ്കിൽ കേരളചരിത്രത്തിന്റെ തന്നെ ചില 'മിസ്സിംഗ് ലിംക്സ്' കണ്ടു കിട്ടുന്നതിന് സഹായകമായത്തീരും.

(**Shri K. Moideenkutty Haji** In the Chair)

കേരളത്തിലെ വിദ്യാഭ്യാസ സംപ്രദായത്തെപ്പററി പറയുമ്പോൾ വിദ്യാർത്ഥികളുടെ ഇടയിലുള്ള അസ്വസ്ഥതകളെ സംബന്ധിച്ച് പരാമർശിക്കാതെ കടന്നുപോകുന്നത് ശരിയായിരിക്കുകയില്ല. വിദ്യാർത്ഥികളുടെ ഇടയിലുള്ള അസ്വസ്ഥതകളെക്കുറിച്ച് സംസാരിക്കുമ്പോൾ, വിദ്യാർത്ഥികളുടെ ഇടയിലെ ഈ അസ്വസ്ഥതകൾ ഒരു സാർവ്വലൗകിക പ്രശ്നം ആണെന്നുള്ളതും വിസ്മരിക്കാൻ സാധ്യമല്ല. ശ്രീ. പി. ഗംഗാധരൻ ഇവിടെ അതിനെപ്പററി പറഞ്ഞു. അദ്ദേഹം കാരണം കണ്ടുപിടിച്ചതു ലക്ഷ്യബോധമില്ലായ്മ, ഭാവിസുരക്ഷിതത്വത്തെക്കുറിച്ച് വിശ്വാസമില്ലായ്മ എന്നിവയാണ്. പക്ഷേ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അതിനോട് യോജിപ്പില്ല. ഭാവി പൂർണ്ണമായും സുരക്ഷിതമായ ചില രാജ്യങ്ങളിൽപോലും വിദ്യാർത്ഥികളുടെ ഇടയിൽ അസ്വസ്ഥതകൾ കാണുന്നുണ്ട്. അതുകൊണ്ട് ഇത് ഗാഢമായി ചിന്തിച്ച് പരിഹാരം കാണേണ്ട പ്രശ്നമാണ്

ശ്രീ. പി. ഗംഗാധരൻ: ഭാവിസുരക്ഷിതമായിരിക്കുന്ന ഏതു രാജ്യത്താണ് വിദ്യാർത്ഥികൾ അസ്വസ്ഥരായിരിക്കുന്നത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: പല രാജ്യത്തും ഉദാഹരണമായി ഫ്രാൻസിലുണ്ട്. വിപ്ലവങ്ങൾ തന്നെ രാജ്യങ്ങളിലുണ്ട്. നൂറുശതമാനമല്ലെങ്കിലും നമ്മുടേതിനെക്കാൾ എത്രയോ അധികം ഭാവിയെസംബന്ധിച്ച് സുരക്ഷിതത്വമുള്ള രാജ്യങ്ങളാണ് അവ. അതുകൊണ്ട് കുട്ടികളുടെ ഇടയിലുള്ള ഈ അസ്വസ്ഥതസംബന്ധിച്ചു കൂടുതൽ കാര്യമായ പരിചിന്തനം നടത്തേണ്ടതുണ്ട്. അതിന് കൂടുതൽ മുൻകൈയെടുത്തു വിദ്യാഭ്യാസവകുപ്പു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഇന്നു വിദ്യാർത്ഥികളുടെ അസ്വസ്ഥത വളർന്നിരിക്കുന്നു എന്നതുപോലെ തന്നെ കോഴിക്കോടും തിരുവനന്തപുരവും പോലുള്ള പട്ടണങ്ങളിൽ ഹിപ്പികളും ഹിപ്പിണികളും പരിപൂർണ്ണ നഗ്നരായി നടക്കുന്ന കാലഘട്ടത്തിലേക്ക് എത്തിരിക്കുകയാണ്. ഇത്രയേറെ വന്നിരിക്കുന്ന ഈ പ്രവണതയ്ക്ക് പരിഹാരം കണ്ടെത്തുകയെന്നതു നമ്മുടെ സാമൂഹ്യമായ കടമയാണ്. അതിലേക്ക് ഞാൻ ഗവൺമെൻറിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഹിപ്പികളും ഹിപ്പിണികളും നിരപദ്രവികളായ ജീവികളല്ലേ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: അവരുമായി സന്തതസാമീപ്യം ഉള്ളവർക്കേ അറിയാവൂ. ഏതായാലും ബഹുമാനപ്പെട്ട മെമ്പറെ ഉപദ്രവിക്കുമെന്ന് എനിക്ക് വിശ്വാസമില്ല.

ഏതായാലും വിദ്യാർത്ഥികളുടെ ഇടയിലുള്ള അസ്വസ്ഥതകളെ സംബന്ധിച്ച് നിരവധി പ്രബന്ധങ്ങളും നിരവധി അന്വേഷണങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും കേരളത്തെസംബന്ധിച്ചിടത്തോളം ഈ അസ്വസ്ഥതയുടെ മൂലകാരണങ്ങളെപ്പററിയുള്ള അന്വേഷണങ്ങൾ എത്രമാത്രം പൂർണ്ണമായി വിജയിച്ചിട്ടുണ്ട് എന്നുള്ള സംഗതി സംശയാസ്പദമാണ്. ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും കൂടുതൽ ആത്മാർത്ഥമായ പരിശ്രമം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഇന്ന് ഹ്യൂമാനിററീസിന് ശാസ്ത്ര വിഷയങ്ങളെക്കാൾ കൂടുതൽ പ്രാമുഖ്യം നൽകണമെന്ന വാദത്തോട് ഞാൻ യോജിക്കുന്നു. ശാസ്ത്രവിഷയങ്ങൾക്കു കൂടുതൽ പ്രാമാണ്യവും പ്രാമുഖ്യവും നൽകി പരിഗണിക്കണം. എന്നാൽ അതോടൊപ്പംതന്നെ ഹ്യൂമാനിററീസിന് വേണ്ടത്ര പരിഗണന നൽകാതെ പോയാൽ മനുഷ്യശരീരത്തിലെ ഏതെങ്കിലും ഒരവയവം മാത്രം വളർന്നാൽ ശരീരം വികൃതമാകുന്നതുപോലെയുള്ള അനുഭവമുണ്ടാകും. അതുകൊണ്ടു ഹ്യൂമാനിററീസിന്, പരിപൂർണ്ണമായ അവഗണനയ്ക്കു പകരം, വിദ്യാഭ്യാസം നല്ലനിലയിൽ വേണമെങ്കിൽ വേണ്ടത്ര പരിഗണന നൽകണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു. ആർക്കിയോളജിവകുപ്പിനെസംബന്ധിച്ചിടത്തോളവും ഉൽഖനനങ്ങളെ സംബന്ധിച്ചിടത്തോളവും ഇതുവരെ അനുവർത്തിച്ച അവഗണന അവസാനിപ്പിച്ച് കൂടുതൽ ശ്രദ്ധചെലുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, എനിക്കു രണ്ടു മിനിട്ടു കൂടിതരണം.

ചെയർമാൻ: പാർട്ടി പറഞ്ഞാൽ കുഴപ്പമില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, വളരെയേറെ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്.

ശ്രീ. എൻ. ഗണപതി: സർ, ബഹുമാനപ്പെട്ട മെംബർക്ക് രണ്ടു മിനിട്ടുകൂടി കൊടുക്കാം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പുതിയ കാൽവയ്പുകൾ ഗവൺമെന്റ് എടുത്തിട്ടുള്ളതു സ്വാഗതാർഹംതന്നെയാണ്. എറണാകുളത്ത് ഒരു പുതിയ സർവകലാശാല സ്ഥാപിക്കുമെന്നുള്ളത് ഒരു പുതിയ ഏർപ്പാടൊന്നുമല്ല; വളരെക്കാലമായി എറണാകുളം സർവകലാശാലയെപ്പററി പറഞ്ഞുവരുന്നതാണ്. ഏതായാലും പ്രായോഗികമായ പരിപാടികൾ വച്ചുകൊണ്ടു ചില പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നു എന്നത് സ്വാഗതാർഹമാണ്. എങ്കിലും ഇതുസംബന്ധിച്ചു ചില കാര്യങ്ങൾ ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്, അതിൽ കാണുന്ന സാമ്പത്തിക സ്ഥിതി അനുകൂലമാണെങ്കിൽ ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഇൻഡ്യാഗവൺമെന്റ് ഉപദേശിച്ചിട്ടുണ്ട് എന്നാണ്. സാമ്പത്തിക സ്ഥിതി അനുകൂലമാണെങ്കിൽ ഇൻഡ്യാഗവൺമെന്റിന്റെ ഉപദേശം എന്തിനാണേവോ നമുക്കു ചെയ്യാവുന്നതല്ലേയുള്ളൂ. ഇൻഡ്യാഗവൺമെന്റിൽ നിന്ന്, യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മിഷന്റെ, വിഹിതം ശരിയായി കിട്ടണം; അതുകൊണ്ട് നടത്തികൊണ്ടുപോകാൻ സാധിക്കുകയുംചെയ്യും. എറണാകുളത്തു വേണമെന്നുദ്ദേശിക്കുന്ന സർവകലാശാല ടീച്ചിംഗ് യൂണിവേഴ്സിററിയല്ല. ഒരു റിസർച്ച് യൂണിവേഴ്സിററിയായിട്ടാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളത്. ആ രീതിയിൽ വളരുന്നതിനും വികസിക്കുന്നതിനും റിസർച്ച് രംഗത്ത് സാരമായ സേവനങ്ങൾ ചെയ്യുന്നതിനുമുള്ള സാധ്യതകൾ കണക്കിലെടുത്തുകൊണ്ട്, ഇന്നത്തെ സർവകലാശാലതന്നെ അതിന്റെ വിപുലമായ പരിപാടികൾക്കിടയിൽ കുറച്ചുസമയം റിസർച്ചിനു നീക്കിവച്ചുകൊണ്ട് ഇത് ഒരു റിസർച്ച് സർവകലാശാലയായി അടുത്തവർഷംതന്നെ വളർത്തുന്നതിന് കാര്യമായ നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പിന്നെ പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ചാണ് പറയാനുള്ളത്. പൊതുവിദ്യാഭ്യാസരംഗമെന്നു പറയുന്ന പ്രൈമറി—സെക്കൻഡറി വിദ്യാഭ്യാസ രംഗത്തു വളരെ വിപുലമായ എത്രയോ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങളെപ്പററി ഈയവസരത്തിൽ ഞാൻ എടുത്തുപറയാൻപോകുന്നില്ല. ഈ പ്രശ്നങ്ങൾക്കു കുറെയൊക്കെ പരിഹാരമുണ്ടാക്കിയില്ലെങ്കിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻസാധിക്കുകയില്ല. അധ്യാപകരുടെയും അധ്യേതാക്കളുടെയും, അധ്യാപകരല്ലാത്ത ജീവനക്കാരുടെയും പ്രശ്നങ്ങളുണ്ട്. സാധാരണക്കാർ മുതൽ എല്ലാവരുടെയും സമരങ്ങളെപ്പററിയും ഇന്നു കേൾക്കുന്നുണ്ട്. ഇവയ്ക്കെല്ലാം ശാശ്വതമായ പരിഹാരം കാണാൻ കഴിയുകയില്ല. വിദ്യാഭ്യാസരംഗത്തെ മാഗ്നാകാർട്ടാ എന്നു പറയുന്ന എഡ്യൂക്കേഷൻ ആക്ടിൽ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. For the purpose of associating people with the administration of education and to preserve and estimate local interest in educational affairs, the Government may, by notification in the Gazette, establish local Educational authorities to exercise jurisdiction in any local area specified in such notification.

എന്നു പറയുന്നുണ്ട്. അതായത്, പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി വിദ്യാഭ്യാസരംഗം സജീവമായ ഒന്നാക്കുന്നതിനുള്ള ഒരേർപ്പാടാണിത്. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾ പലതും കാര്യമായ രീതിയിൽ പരിഹരിക്കാൻ സഹായകമായ ഒന്നാണിത്. ആ സെക്ഷൻ 17 ഇതുവരെ നടപ്പിൽ വന്നിട്ടില്ല. ഏതൊരു നിയമവും നടപ്പിൽ വന്നശേഷം അതിന്റെ പ്രവർത്തനം പരിശോധിച്ച് കാലാനുസൃതമായ വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ട്. പ്രത്യേകിച്ചും വിദ്യാഭ്യാസരംഗത്ത് ഇങ്ങനെയൊരു നിയമം കൊണ്ടുവരികയെന്നുള്ളത് നമ്മുടെ നേട്ടംതന്നെയാണ്. ആ രീതിയിൽ, പത്തുകൊല്ലക്കാലം ഈ നിയമത്തിന്റെ പ്രവർത്തനം നടന്നശേഷം എങ്ങനെയിരിക്കുന്നു, എന്തെല്ലാം വ്യത്യാസം വരുത്തേണ്ടിയിരിക്കുന്നു എന്നു പഠനം നടത്തി വിദ്യാഭ്യാസ ആക്ടിനു പുതിയ രൂപം കൊടുക്കാൻ കഴിയേണ്ടതാണ്.

വളരെയേറെ വ്യത്യാസങ്ങൾ ഗുണകരമായ നിലയിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഒരു സംഗതി എനിക്കു മനസ്സിലാക്കാൻസാധിച്ചതു പറയാനുണ്ട്: പല കാര്യങ്ങളിലും പലപ്പോഴും തീരുമാനമെടുക്കുന്നതു വളരെ നീണ്ടുനീണ്ടു പോകുന്നു. ആരും ഒരു തീരുമാനമെടുക്കാൻ തയ്യാറാകാതെ ഒരു അധികാരം അപ്പുറത്തിരിക്കുന്ന മറ്റൊരു അധികാരിയുടെ പക്കലേക്ക് അയയ്ക്കുകയും അങ്ങനെ 'ഷണ്ടു ചെയ്ത്' നീണ്ടുനീണ്ടു പോകുന്ന പ്രവർത്തനം വിദ്യാഭ്യാസ ആക്റ്റ് നടപ്പാക്കുന്ന കാര്യത്തിൽ ഉണ്ടായിക്കൂടാ. ഒരു ''ക്വിക്ക്നെസ് ഓഫ് ഡെസ്പാച്ച്'' ഉണ്ടാകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ട് വിദ്യാഭ്യാസ ആക്റ്റ് പ്രവർത്തനത്തിൽ കൊണ്ടുവരാൻ തയ്യാറാകേണ്ടതാണെന്ന് എനിക്കഭിപ്രായമുണ്ട്.

ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങൾക്കു താരതമ്യേന പ്രാധാന്യം കൊടുക്കുന്നതുനോക്കിയാൽ ചില അപാകതകൾ ഉണ്ടെന്ന് എനിക്കു തോന്നുന്നു. നിയമപരിപാലനത്തിന്റെ കാര്യത്തിൽ, പ്രത്യേകിച്ച് സമാധാനം നിലനിറുത്തുന്ന കാര്യത്തിൽ ഗവൺമെന്റിന് ഉപേക്ഷയോ അമാന്തമോ കാണിക്കാൻ നിവർത്തിയില്ല. വികസനത്തിലേക്കു മാറുകയും വേണം നിയമപരിപാലനത്തിൽ യാതൊരു കോട്ടവും ഉണ്ടാകാനും പാടില്ല എന്നതാണ് സ്ഥിതി. നിയമസമാധനപരിപാലനത്തിനു വേണ്ടി പോലീസിന്റെ ശക്തിമാത്രം വർദ്ധിപ്പിച്ചു ലാത്തിയും തോക്കും മാത്രം ഉണ്ടാക്കിയാൽമതി എന്നു ഞാൻ പറയുന്നില്ല. കാരണം നമ്മുടെ നാട്ടിലെ അസ്വസ്ഥതകൾക്കു പരിഹാരം കാണാൻ വളരെയേറെ മാർഗ്ഗങ്ങൾ വേറെ ഉണ്ടെന്ന് എനിക്കു വിശ്വാസമുണ്ട്. വേറെ മാർഗ്ഗങ്ങൾ നമ്മുടെ മുൻപിലുണ്ട്. ആ മാർഗ്ഗങ്ങളെ ചൂഷണം ചെയ്ത് വിജയം നേടാൻസാധിക്കും. വിദ്യാഭ്യാസരംഗത്തു കൂടുതൽവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ അതു സാധിക്കും. 30 ലക്ഷം രൂപ പോലീസ് വാഹനങ്ങൾക്കും വേറെ വകയ്ക്കും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒരു പ്രസിദ്ധഎഴുത്തുകാരൻപറഞ്ഞു വാളും കുന്തവും ഒക്കെ ഉരുക്കി അരിവാളും കലപ്പയുമായി രൂപാന്തരപ്പെടുത്തണമെന്ന്. അതുപോലെ പോലീസിനുവേണ്ടി ഉപയോഗിക്കുന്ന പണത്തിന്റെ ഒരോഹരി ചോക്കും പെൻസിലും വാങ്ങാൻ ഉപയോഗിക്കുന്നത് ഉപകാരപ്രദമായിരിക്കും. അവിടെ പെൻസിലിന്റെ പ്രാധാന്യമല്ല ഉദ്ദേശിക്കുന്നതെന്നു പറയേണ്ടതില്ലല്ലൊ. സാംസ്കാരികമായ കാര്യങ്ങൾക്കു മുൻതൂക്കം കൊടുത്തുകൊണ്ടുവേണം ഈ കാര്യങ്ങളെ വീക്ഷിക്കാനെന്നാണ് ഉദ്ദേശിക്കുന്നത്.

പിന്നെ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് സമയത്തിനുള്ളിൽ ത്തന്നെ അവസാനിപ്പിച്ചുകൊള്ളാം. വളരെ മുൻപുതന്നെ ചെയ്യേണ്ടിയിരുന്ന ഒരു കാര്യം ഈ ഗവൺമെന്റ് ചെയ്തു എന്നുള്ളതിൽ ഗവൺമെന്റ് തീർച്ചയായും കൃതജ്ഞത അർഹിക്കുന്നുണ്ട്. ഞാൻ പറയുന്നത് അധ്യാപകരുടെ പെൻഷന്റെ കാര്യമാണ്. ഒരു വിഭാഗം അധ്യാപകർക്ക് 1—6—60 നുമൻപു റിട്ടയർ ചെയ്തിട്ടുള്ള അധ്യാപകർ—പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റിന്റെ നടപടി ശ്ലാഘനീയമാണ്. ഞാൻ മുൻപു പറഞ്ഞിട്ടുള്ളതാണ്. അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് അതു തള്ളിക്കളഞ്ഞു. ഇന്ന് ഗവൺമെൻറ് അതു കണക്കിലെടുത്തുകൊണ്ട് ആ കാര്യം ചെയ്യാൻ മുന്നോട്ടു വന്നത് സ്വാഗതാർഹമായ ഒരു കാര്യമാണെന്നു പ്രസ്താവിക്കേണ്ടതുണ്ട്. അതിൽത്തന്നെ വളരെയേറെ വിശദീകരങ്ങളുണ്ട്. പല വിഭാഗം അദ്ധ്യാപകർ റിട്ടയർചെയ്തിട്ടുണ്ട്. അതിൽ ആരൊക്കെപ്പെടും? സാറണ്ടേർഡ് സ്കൂൾ ടീച്ചർമാരും മലബാറിലെ ഡിസ്ട്രിക്ററ് ബോർഡ് സ്കൂൾ ടീച്ചർമാരും ഉണ്ട്. ഇന്ന് അവരുടെ സ്ഥാനത്തിരിക്കുന്ന ഗവൺമെൻറ് സ്കൂൾ അദ്ധ്യാപകരാണ്; അതേ സമയം അവർ പ്രൈവററ് സ്കൂൾ ടീച്ചർമാരായി റിട്ടയർചെയ്തിട്ടുള്ളവരാണ്. ഒരാൾ എനിക്കയച്ച കത്തിൽ പറയുന്നതാണ്,'' എന്റെ പതിനെട്ടാമത്തെ വയസ്സിൽ 6 രൂപ ശമ്പളത്തിൽ പ്രൈവററ് സ്കൂൾ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു 31 വർഷംകഴിഞ്ഞു 15 രൂപ ശമ്പളത്തിൽ 48—ാമത്തെ വയസ്സിൽ 1958 മാർച്ച് 30-ൽ സാറണ്ടേർഡ് സ്കൂൾ അദ്ധ്യാപകനായി. 60—ാമത്തെ വയസ്സിൽ റിട്ടയർ ചെയ്തു''. ആ ആളിന്റെ 10 ക. 15 ക. ആക്കിയിട്ടുണ്ട്. അതുപോലെ ഡിസ്ട്രിക്ററ് ബോർഡ്മുതലായവ'' സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്നവരെയും പ്രൈവററ് സ്കൂളദ്ധ്യാപകരായി റിട്ടയർചെയ്തവരെയും പെടുത്തണം. സെക്കണ്ടറി അദ്ധ്യാപകർക്കും പ്രൈമറി അദ്ധ്യാപകർക്കും 45 രൂപയാക്കിക്കൊടുത്തിരിക്കുകയാണ്. പ്രൈമറി വേറെ സെക്കൻഡറി വേറെ. കൂടുതലും പ്രൈമറി അദ്ധ്യാപകർക്കാണ് വേണ്ടത്. അതിന്റെ ഔചിത്യക്കുറവ് എന്തെന്നുവച്ചാൽ സെക്കൻഡറി അദ്ധ്യാപകരായി റിട്ടയർ ചെയ്ത് പെൻഷൻ വാങ്ങുന്ന അദ്ധ്യാപകർ അവരെപ്പോലുള്ള സെക്കൻഡറി അദ്ധ്യാപകർക്കുള്ളതിനെക്കാൾ കൂടുതൽ പെൻഷൻ വാങ്ങുന്നു. ഈ കുരുത്തക്കേട് ഇങ്ങനെ വന്നതിൽ ഒരുതരത്തിൽ ഒരു സോഷ്യലിസം ഉണ്ട്. പ്രൈമറി സെക്കൻഡറി ഒന്നും തമ്മിൽ വ്യത്യാസമില്ല. സോഷ്യലിസത്തിൽ പറയുന്ന സമത്വം ഇതിൽ കാണുന്നുവെന്നുള്ളതിൽ ഞാൻ സന്തുഷ്ടനാണ്. ഞാനും ഈ ആനുകൂല്യത്തിന് അർഹനായ ഒരാളാണ്; ഞാൻ 35 കൊല്ലം ഹൈസ്ക്കൂൾ അദ്ധ്യാപകനായി ജോലിനോക്കിയിട്ടുണ്ട്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: 1—6—60-നു മുൻപു പെൻഷൻ പററിയ അദ്ധ്യാപകരുടെ എണ്ണം വളരെ കുറവായതുകൊണ്ട് 1—6—60-നു മുൻപുള്ള കുടിശ്ശിക കൂടി കൊടുക്കുക എന്നതു മര്യാദയല്ലേ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: തീർച്ചയായും അത് ശ്രീ. ചന്ദ്രസേനൻ പ്രത്യേകിച്ചു പറയണം. ഞാനും പറയാം. ശരിക്ക് പറയുകയാണെങ്കിൽ അവർക്ക് കൊടുക്കേണ്ടതാണ്. എന്തു സംഖ്യനീക്കിവച്ചാലും ഓരോ മാസം കഴിയുംതോറും ഗവൺമെൻറിനു ലാഭം കിട്ടും. കാരണം അതിലുള്ളത് യുവാക്കൻമാരായ ആളുകളല്ലല്ലോ. ഓരോ കൊല്ലം കഴിയുംതോറും അതിനുവേണ്ടി നീക്കിവയ്ക്കുന്ന സംഖ്യ കുറയാനാണിടവരുന്നത്. അതുകൊണ്ട് പൂർവ്വകാലപ്രാബല്യം കൊടുത്തുകൊണ്ട് അനുവദിച്ചാലും തരക്കേടില്ല. Half a loaf is better than no loaf. അതേപോലെ നാൽപ്പത്തിയഞ്ചുരൂപ കൊണ്ട് ഞങ്ങളുടെ ഔദ്യോഗിക ജീവിതകാലം കഴിച്ചിട്ടുള്ളവരാണ്. അതിൽ ഞങ്ങൾക്ക് യാതൊരു പരിഭവവുമില്ല. ഇക്കാര്യത്തിലെങ്കിലും സൻമനസ്സ് കാണിച്ചതിൽ വിദ്യാഭ്യാസമന്ത്രിയെയും ഒരു വിദ്യാഭ്യാസപ്രവർത്തകനായ ഫൈനാൻസ് മന്ത്രിയേയും, മുഖ്യമന്ത്രിയേയും ഞാൻ അനുമോദിക്കുകയാണ്. അതിൽ കാണിച്ചിട്ടുള്ള സോഷ്യലിസത്തിന് പ്രത്യേകം വിലകൽപ്പിച്ചുകൊണ്ട് പൊരുത്തക്കേടുകൾ മാററി പൂർവ്വകാലപ്രാബല്യം വച്ചുകൊണ്ട് കൊടുക്കാൻ തീരുമാനിച്ചാലും ഗവൺമെൻറിന് ഓരോ കൊല്ലംകഴിയുംതോറും ആ സംഖ്യയിൽ ലാഭം ഉണ്ടാകുകയേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കണക്കിലെടുക്കണമെന്ന് ഉൽബോധിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്. ഈ സഭയുടെ ഇരുഭാഗത്തുനിന്നും ഇന്നു വിദ്യാർത്ഥിലോകത്തുള്ള അസ്വസ്ഥതകളെസംബന്ധിച്ചും, അദ്ധ്യാപകലോകത്തുള്ള അസ്വസ്ഥതകളെസംബന്ധിച്ചും പരാമർശിക്കുകയുണ്ടായി. കുറച്ചുകാലം മുമ്പു ആർട്ട്സ് കോളേജുകളിൽ മാത്രമേ അസ്വസ്ഥതകൾ ഉണ്ടായിരുന്നുള്ളു. ഇന്ന് അത് മാറിയിട്ട് മെഡിക്കൽകോളേജ് തുടങ്ങിയുള്ള പ്രൊഫഷണൽ കോളേജുകളിൽ വരെ ഈ അസ്വസ്ഥത എത്തിയിരിക്കുകയാണ്. അങ്ങനെയുള്ള അസ്വസ്ഥതയുടെ കാരണം എന്താണെന്ന് നാം ആരെങ്കിലുംതന്നെ പരിശോധിച്ച് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ടോ? ഓക്സ്ഫോർഡ് യൂണിവേഴ്സിററിയിൽ ഇപ്പോൾ ഇത്തരത്തിലുള്ള അസ്വസ്ഥതകൾ ഉണ്ടെന്ന് പത്രങ്ങളിൽകൂടി വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് എന്താണെന്ന് ഈ സഭയിൽ വ്യക്തമാക്കിയാൽ അത് ഈ സഭയുടെ അന്തസ്സിനെ ബാധിക്കുമെന്നുള്ളതുകൊണ്ട് വ്യക്തമാക്കുന്നില്ല. അത്രയ്ക്ക് ഭയങ്കരമാണ് ഓക്സ്ഫോർഡു യൂണിവേഴ്സിററിയിൽ നിലവിലുള്ള അസ്വസ്ഥത. ഇൻഡ്യയിലുള്ള യൂണിവേഴ്സിററികളിലും അസ്വസ്ഥതകളുണ്ട്. കൊച്ചു കേരളത്തിലെ അസ്വസ്ഥതയ്ക്കുള്ള കാരണം ഇതിലെ ഘടകങ്ങളായ അദ്ധ്യാപകവിദ്യാർത്ഥികൾക്ക് ഭാവി സുരക്ഷിതത്വം ഇല്ല എന്നുള്ളതുകൊണ്ടല്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ അതാണ് ഇവിടത്തെ വിദ്യാഭ്യാസരംഗത്തുള്ള അസ്വസ്ഥതയുടെ പ്രധാന കാരണം. ഇന്ന് പഠിക്കുന്ന കുട്ടികൾക്ക് ഭാവിയിൽ ജീവിക്കുവാനുള്ള പരിതഃസ്ഥിതി സിദ്ധിക്കുമെന്ന സ്ഥിതിവിശേഷമില്ല. ഇവിടെ സോഷ്യലിസമെല്ലാം പലരും പറയുന്നതു കേട്ടു. എന്തു സോഷ്യലിസമാണ് നാം വരുത്തിയിരുക്കുന്നതെന്നുള്ളത് പ്രശ്നം വേറെ. എന്തുതന്നെയായാലും അദ്ധ്യാപകൻമാരുടെയും വിദ്യാർത്ഥികളുടെയും ഭാവി സുരക്ഷിതത്വമാക്കാതെ വിദ്യാഭ്യാസ രംഗം പരിശുദ്ധമാക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അതിനു സാദ്ധ്യമെല്ലന്നാണ് എനിക്ക് പറയുവാനുള്ളത്. സർ, ഇതെല്ലാം പറയുന്ന അവസരത്തിൽ, ഈ ബഡ്ജററിനെസംബന്ധിച്ച് പറയുന്ന അവസരത്തിൽ വിദ്യാഭ്യാസലോകത്ത് അദ്ധ്യാപകരുടെ വിഷമതകളെക്കുറിച്ചും, വിദ്യാർത്ഥികളുടെ വിഷമതകളെക്കുറിച്ചും, വിദ്യാഭ്യാസത്തിലെ വിഷമതകളെക്കുറിച്ചും ആരെങ്കിലും ആത്മാർത്ഥമായി ചിന്തിച്ചിട്ടുണ്ടോ? അദ്ധ്യാപകരുടെ കാര്യത്തെസംബന്ധിച്ചാണെങ്കിൽ, ക്രാഫ്ററ് അദ്ധ്യാപകൻമാരുടെ സ്ഥിതി, വിശേഷിച്ചും ബാംഗ്ളൂരിൽ നിന്നും പഠിച്ചു വന്ന വിദ്യാർത്ഥികൾക്ക് ജോലികിട്ടാത്ത സ്ഥിതി, പ്രൊവിഡണ്ട് ഫണ്ട് സർവ്വീസിൽ നിന്നു പിരിഞ്ഞശേഷവും കിട്ടാത്ത അദ്ധ്യാപകൻമാരുടെ സ്ഥിതി ഇക്കാര്യങ്ങളെപ്പററിയല്ലാം അസംബ്ലിയിലും മന്ത്രിയുടെ ശ്രദ്ധയിലും പല പ്രാവശ്യം പെടുത്തിയിട്ടുള്ളതാണ്. ഇതുവരെയായിട്ടും അതിനൊരു പരിഹാരം കാണാൻ സാദ്ധ്യമായിട്ടില്ല.

അടുത്തതായി എനിക്കു പറയുവാനുള്ളത് വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന കണ്ടിൻജൻസി വിഭാഗക്കാരെപ്പററിയാണ്. കണ്ടിൻജൻസി വിഭാഗത്തിലുള്ളവർ ഇരുപത്തേഴു രൂപ മാത്രം വാങ്ങിക്കൊണ്ട് ഇന്നും ജീവിക്കുന്നുണ്ട്. ഇതിനെപ്പററി സോഷ്യലിസം പറയുന്നവർക്ക് ഒന്നും പറയാനില്ലേ? ഞാൻ സോഷ്യലിസം പ്രസംഗിക്കുന്നവരെപ്പററി ഒന്നും പറയുന്നില്ല. വിദ്യാഭ്യാസ രംഗത്തു പല മാററങ്ങളും വരുത്താൻ ശ്രമിക്കുന്നുണ്ട്. ഈ മാററങ്ങൾ വരുത്തുന്നതിനെപ്പററി ആരോടും അഭിപ്രായം ചോദിക്കേണ്ടേ? അദ്ധ്യാപകൻമാർക്ക് ഇതിൽ പങ്കില്ലേ? അതിനെപ്പററി അഭിപ്രായം പറയാൻ കഴിവുള്ള വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസചിന്തകൻമാരില്ലേ? അവരോടു അഭിപ്രായം ചോദിച്ചിട്ടുണ്ടോ? ഒരു ദിവസം രാവിലെ സമ്മർവെക്കേഷൻ കർക്കിടക വെക്കേഷനായി മാററിയിരിക്കുകയാണന്ന്. അപ്പോഠം കാററില്ലാത്ത സ്ഥിതിയാണോ? മഴയില്ലാത്ത സ്ഥിതിയാണോ? ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് മലബാറിലെ സ്ഥിതിവിശേഷം അറിയാം. ഡയറക്ടർക്കും അറിയാം. വെള്ളം ഇല്ലാത്ത സ്ഥിതിവിശേഷമാണ് ഇപ്പോഠം അവിടെയുള്ളത്. തിരുവനന്തപുരത്തും ഇപ്പോഠം രാവിലെ എഴുന്നേൽക്കുമ്പോഠം വെള്ളം കിട്ടാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. വെള്ളമില്ലാത്ത കാലത്ത് വിദ്യാർത്ഥികളെ കഷ്ടപ്പെടുത്താൻവേണ്ടിയല്ലേ വെക്കേഷൻ സമയം മാററിവച്ചത്. വെക്കേഷൻ മാററാൻ കാരണമായി പറയുന്നത് ഏതോ ഒരു സ്ഥലത്ത്, ഇവിടെ മന്ത്രിയായിരുന്ന ശ്രീ. പി. ആർ. കുറുപ്പിന്റെ സ്ഥലത്താണെന്നു തോന്നുന്നു എന്തോ കാരണവശാൽ ഒരു സ്ക്കൂഠം കെട്ടിടം ഇടിഞ്ഞു വീണു. അത് പണി ചെയ്ത കോൺട്രാക്ടർ ശരിയായി പണി ചെയ്യാത്തതുകൊണ്ടാണ് അതിടിഞ്ഞു വീണത്. അതിന് ആ കോൺട്രാക്ടറെ ശിക്ഷിക്കാതെ വിദ്യാർത്ഥികളെ ശിക്ഷിക്കുന്ന മാർഗ്ഗം സ്വീകരിക്കുന്നത് വളരെ കഷ്ടമാണ്. ഏതാനും ദിവസങ്ങഠക്കുമുമ്പു തളിപ്പറമ്പിൽ മുന്നേടത്ത് ഹൈസ്ക്കൂളിലെ ഒരു കെട്ടിടം പെട്ടെന്ന് ഇടിഞ്ഞുവീഴുകയുണ്ടായി. എന്തുകൊണ്ടാണ് എന്ന് പരിശോധിക്കട്ടെ. ഏതായാലും മഴകൊണ്ടല്ല ഗവൺമെൻറിന്റെ നിലപാടനുസരിച്ചാണെങ്കിൽ നമുക്ക് ഒരു ദിക്കിലും ജീവിക്കാൻ സാധിക്കുകയില്ല. കാററിനെ ഭയന്നു കൊണ്ടും മഴയെ ഭയന്നുകൊണ്ടും നമുക്ക് ഇവിടെ ഇരിക്കുന്നതു തന്നെ ശരിയല്ല. കാരണം പെട്ടെന്ന് കാററു വരികയില്ലെന്ന് എങ്ങനെ അറിയാം. അതുകൊണ്ട് ഏതായാലും വെക്കേഷൻ സമയം മാററിയതു ശരിയായില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

അദ്ധ്യാപകൻമാർക്ക് പല പ്രശ്നങ്ങളുമുണ്ട്, തീരാത്തപ്രശ്നങ്ങളുണ്ട്. പാമ്പിന്റെ കഥ പറയുന്നതുപോലെയാണ് അവരുടെപ്രശ്നം. ഇപ്പോഠം അദ്ധ്യാപകൻമാർക്ക് അവരുടെ ആവശ്യങ്ങഠം നേടിയെടുക്കുന്നതിനു വേണ്ടി സമരം ചെയ്യുന്നതിന് ഭയമായിരിക്കുകയാണ്. കാരണം വെറുതെയിരിക്കുന്നവരെക്കൂടി അടിക്കുന്ന ഇപ്പോഴത്തെ സ്ഥിതി, അദ്ധ്യാപകൻമാർക്കും അടി കിട്ടുമെന്നു ഉള്ള ഭയം കൊണ്ട് അവരുടെ സമരം കുറഞ്ഞതാണോ എന്ന് ഞാൻ ഭയപ്പെടുകയാണ്. അവർക്ക് പ്രശ്നങ്ങഠം ഇല്ലാത്തതുകൊണ്ടല്ല. അവർക്ക് മനുഷ്യരായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടുമല്ല, ആ നിലയ്ക്ക് ഈ പ്രശ്നങ്ങഠം എല്ലാം അറിവുള്ള ആളുകളെ വിളിച്ചിരുത്തി അവരുമായി ചർച്ചകഠം നടത്തി തീരുമാനം എടുക്കണമെന്ന് വിദ്യാഭ്യാസ മന്ത്രിയോടും വിദ്യാഭ്യാസത്തിൽ താൽപ്പര്യമുള്ളവരോടും പ്രത്യേകം പറയുകയാണ്.

എനിക്ക് പിന്നീടൊന്നു പറയുവാനുള്ളത് കോളേജ് വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ്. കോളേജ് വിദ്യാഭ്യാസം നടത്തുന്നതിന് സമുദായത്തിലെ മേലേക്കിടയിലുള്ള ആളുകഠക്ക് സാധിക്കുന്നില്ല. കാരണം സമുദായത്തിലെ മേലേക്കിടയിലുള്ളവർ അവർ എത്രതന്നെ കഷ്ടപ്പാടുകഠം അനുഭവിച്ചാലും അവർക്ക് കോളേജ് വിദ്യാഭ്യാസം നടത്തണമെങ്കിൽ ഫീസ് കൊടുക്കണം. എന്തിനാണ് ഈ ഡിസ്പാരിററി. കൊടുക്കാവുന്നതിന്റെ പരമാവധി കൊടുക്കാം. നായർ തുടങ്ങി മുന്നോട്ടുള്ള സമുദായക്കാരിൽപ്പെട്ടവർക്ക് എത്ര പാവപ്പെട്ടവരായാലും ഫീസു കൊടുക്കണം. പല നമ്പൂതിരികുടുംബങ്ങളും ഇന്ന് ക്ഷയിച്ചിരിക്കുകയാണ്. നമ്പൂതിരിമാരുടെ അടുക്കളയിൽ ചേരകയറി പോകുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. വളരെയധികം കഷ്ടപ്പാട് അനുഭവിക്കുന്ന നായർ മുതലായ ഉയർന്ന വിഭാഗത്തിലുള്ളവർക്ക് കോളേജ് വിദ്യാഭ്യാസം നടത്താൻ സാധിക്കുന്നില്ല. അതേസമയം നാലു ലക്ഷവും ആറു ലക്ഷവും രൂപ ആദായം കിട്ടുന്ന ആളുകഠക്ക് മെഡിക്കൽ കോളേജു

LIBRARY ARCHIVES Kerala Legislative Assembly

കളിലും മററു കാളേജുകളിലും വിദ്യാഭ്യാസം ഫ്റീയാണ്. ഈ സ്ഥിതി വിശേഷം മാറേറണ്ടതാണ് പിന്നോക്ക സുമുദായക്കാരുടെ എല്ലാ ആനുകൂല്യവും നിലനിർത്തിക്കൊണ്ട് മററു വിഭാഗങ്ങൾക്കും വരുമാനത്തിൻെറ അടിസ്ഥാനത്തിലായിരിക്കണം; വിദ്യാഭ്യാസത്തിൽ സൗജന്യം മററുള്ളവർക്കും അനുവദിച്ചു കൊടുക്കേണ്ടത്. അതിലൊരു മാററം വരുത്താനുള്ള പ്രവണത അടുത്ത ഭാവിയിലെങ്കിലും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അടുത്തതായി ഒരു വാക്ക് എനിക്ക് പറയുവാനുള്ളത് ഗ്രന്ഥശാലാ പ്രസ്ഥാനത്തെപ്പററിയാണ്. ഗ്രന്ഥശാലാ പ്രസ്ഥാനം തുടങ്ങിയിട്ട് എത്ര കാലമായി? നമ്മുടെ സംസ്ഥാനത്ത് നാലായിരത്തോളം ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. അതിനോട് ഈ ഗവൺമെൻറു കാണിക്കുന്ന രീതി ശരിയായിട്ടുള്ളതല്ല. ഇവിടെ ഒരു ലൈബ്രറി ആക്ടു പാസാക്കാൻ പോകുന്നതായി പറഞ്ഞുകേട്ടു. പക്ഷെ അതിനെസംബന്ധിച്ചു ഒന്നും പുറത്തുവന്നുകാണുന്നില്ല. ഏററവും വേഗം ലൈബ്രറി ആക്ട് പാസാക്കി ഗ്രന്ഥശാല വിഭാഗത്തെസംഘടിപ്പിച്ചുകൊണ്ട് അടിയന്തിരമായി നടപടികൾ എടുക്കാൻ ഈ ഗവൺമെൻറ് മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എത്രയും പരിശുദ്ധമാണെന്ന് അപ്പുറത്തിരിക്കുന്നവർ അവകാശപ്പെടുന്ന വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ചില വസ്തുതകളെസംബന്ധിച്ചു മാത്രമേ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളു. ആദ്യം ഞാൻ സൂചിപ്പിച്ച രീതിയിൽ ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകൻമാർക്കും, വിദ്യാർത്ഥികൾക്കുമെല്ലാം ഈ ഗവൺമെൻറിനെ ഭയമാണ്. ഇവിടത്തെ വിദ്യാഭ്യാസ മന്ത്രിയെ ഭയമാണ്. അദ്ദേഹത്തിൻെറ മുമ്പിൽ പോയി നിവേദനം നടത്താൻ എല്ലാവർക്കും ഭയമാണ്. ആ രീതിയിലുള്ള ഒരു സ്ഥിതിവിശേഷമാണ് ഇവിടെ വളർത്തികൊണ്ടിരിക്കുന്നത്. പോലീസ് രംഗത്തു മാത്രമല്ല വിദ്യാഭ്യാസരംഗത്തുകൂടി ഭയപ്പെടേണ്ട ഒരു സ്ഥിതിവിശേഷം ഈ മന്ത്രി ഉണ്ടാക്കിയിരിക്കുകയാണ്.

സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. സി. കെ. കരിം എന്നുപേരായ ഒരു ലക്ചറർ 300—600 സ്കെയിലിൽ പ്രവർത്തിച്ചിരുന്നു. ഈ മന്ത്രി പെട്ടെന്ന് ആ ആളെ ഗസററിയർ പോസ്ററിലേക്ക് 600—900 സ്കെയിലിൽ പൊക്കി. അതു കഴിഞ്ഞ് 1968—ൽ അദ്ദേഹത്തെ നാഷണൽ ആർക്കിടെക്ച്ചറൽ ഡയറക്ടറായി നിയമിക്കാൻ ഉത്തരവിട്ടു. ആ പോസ്ററിലേയ്ക്ക് യോഗ്യതയുള്ള ആളുകൾ ഉണ്ടായിരുന്നു. അതിൻെറ സ്കെയിൽ എത്രയാണെന്നറിയാമോ സർ, 900—1200 ആണ്. ആ പോസ്ററിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മിഷനുമായി ആലോചിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു. അതൊന്നും തന്നെ ചെയ്തിട്ടില്ല. അതേപോലെതന്നെ ലാംഗേജ് ഇൻസ്ററിററ്യൂട്ടിൽ നടത്തിയ നിയമനത്തിൻെറ സ്വഭാവം എന്താണ് സർ? അബ്ദുള്ള എന്നയാളെ ഒരു പ്രൂഫ് റീഡറായി നിയമിച്ചിരിക്കുകയാണ്. ആയിരക്കണക്കിന് എം.എ. ക്കാരും യോഗ്യതയുള്ളവരും ഉണ്ടായിരുന്നിട്ടും മൂന്നു തവണ ബി.എസ്.സി. തോററ അബ്ദുള്ളയെ നിയമിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് സർ ഞാൻ സൂചിപ്പിച്ചത് ഈ വിദ്യാഭ്യാസരംഗം തെററായ പ്രവണതയുടെ രംഗമായി മാറിയിരിക്കുകയാണെന്ന്. വിദ്യാഭ്യാസമാകുന്ന കരിമ്പിൻതോട്ടത്തിൽ ശ്രീ. സി. എച്ച്. മുഹമ്മദുകോയ ആകുന്ന ആന ഇറങ്ങിയിരിക്കുകയാണ്. വിദ്യാഭ്യാസമന്ത്രിയാകുന്ന ആന മദംപൊട്ടി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറാകുന്ന കരിമ്പിൻതോട്ടത്തെ നശിപ്പിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതിൽ നിന്നും അടിയന്തിരമായും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെ രക്ഷിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്. വിദ്യാഭ്യാസമന്ത്രിക്കു തോന്നുന്ന രീതിയിലാണ് ഇന്ന് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനെ ഉപയോഗപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. അയ്യായിരത്തോളം വരുന്ന അറബി അദ്ധ്യാപകൻമാരെ നിയമിച്ചിരിക്കുകയാണ്. അവരെ നിയമിക്കേണ്ടാ എന്നല്ല ഞാൻ പറയുന്നത്. പിന്നോക്കനിലയിലുള്ള ആ വിഭാഗത്തിന് കൂടുതൽ ആനുകൂല്യം അയ്യായിരമോ, ആറായിരമോ എത്രവേണമെങ്കിലും കൊടുക്കട്ടെ, എത്രയെങ്കിലും നിയമിച്ചുകൊള്ളുക. പക്ഷെ അവർക്കെല്ലാം ശമ്പളം കൊടുക്കേണ്ടേ? എവിടെ നിന്നാണ് കൊടുക്കേണ്ടത്? അവർക്കു കൊടുക്കുമ്പോൾ മററുതരത്തിൽ അവശത അനുഭവിക്കുന്ന വിഭാഗക്കാർക്കും ശാശ്വത പരിഹാരം ഉണ്ടാക്കേണ്ടതാണ് ലാംഗേജ് ടീച്ചേഴ്സും ഉണ്ട്. അവർക്കുള്ള വിഷമം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? അവരുടെ കാര്യം കൂടി കണക്കിലെടുക്കേണ്ടതാണ്. അവരുടെ ഭാവിയെ സംബന്ധിച്ച് ഉറപ്പു നൽകാൻ വിദ്യാഭ്യാസ മന്ത്രി മുന്നോട്ടു വരേണ്ടതാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ കുറെക്കൂടി നല്ല രീതിയിലാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ഡിമാൻറുകളെ ഒന്നുകൂടി എതിർത്തുകൊണ്ടും ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. യൂണിവേഴ്സിററി എഡ്യൂക്കേഷനുവേണ്ടി 4,60,05,700 രൂപയും ജനറൽ എഡ്യൂക്കേഷന് 49,83,55,100 രൂപയും ടെക്ക്നിക്കൽ എഡ്യൂക്കേഷനുവേണ്ടി 16,83,51,000 രൂപയും ഉൾപ്പെടെ 56,27,15,900 രൂപായുടെ ധനാഭ്യർത്ഥനകളാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. മറെറാരു വിധത്തിൽ പറഞ്ഞാൽ നമ്മുടെ റവന്യൂവരവിൻെറ ഏകദേശം 40 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടിമാത്രം നാം മാററിവച്ചിരിക്കുകയാണ്. വിദ്യാഭ്യാസത്തിനുവേണ്ടി വരുമാനത്തിൻെറ ഇത്രയും വമ്പിച്ച ഒരു ശതമാനം ചെലവഴിക്കുന്ന മറെറാരു സംസ്ഥാനവും ഇൻഡ്യയിലില്ല. വിദ്യാഭ്യാസത്തിനുവേണ്ടി ഓരോ കുട്ടിക്കും ഏററവും കൂടുതൽ തുക ചെലവാക്കുന്ന സംസ്ഥാനവും കേരളമാണ്. 1968—69ലെ പെർക്യാപ്പിററ ഗവൺമെൻറ് എക്സ്പെൻഡീച്ചർ ആൺ എഡ്യൂക്കേഷൻ ഇൻ വേരിയസ് സ്റേററ്സ് എന്ന ടേബിൾ പരിശോധിച്ചാൽ ഓരോ കുട്ടിക്കുംവേണ്ടി ഏററവും കൂടുതൽതുക വിദ്യാഭ്യാസരംഗത്തു ചെലവാക്കുന്ന സംസ്ഥാനം കേരളമാണെന്നു കാണാം. ആന്ധ്രാപ്രദേശ് 10.54 രൂപയും, ആസ്സാം 13.93 രൂപയും ബീഹാർ 5.66 രൂപയും, ഗുജറാത്ത് 11.68 രൂപയും, ഹരിയാന 14.75 രൂപയും ജമ്മു കാശ്മീർ 18.40 രൂപയും, മദ്ധ്യപ്രദേശ് 10.94 രൂപയും, തമിഴ്നാട് 15.15 രൂപയും, മഹാരാഷ്ട്ര 14.64 രൂപയും, മൈസൂർ 13.20 രൂപയും ഒറീസ്സാ 9.22 രൂപയും, പഞ്ചാബ് 17.92 രൂപയും രാജസ്ഥാൻ 12.41 രൂപയും, ഉത്തർപ്രദേശ് 6.88 രൂപയും പശ്ചിമബംഗാൾ 10.81 രൂപയും കേരളം 32.86 രൂപയുമാണ് ഓരോ കുട്ടിക്കും വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നതെന്നു കാണാൻ സാധിക്കും. ഇത്ര വലിയൊരു തുക വിദ്യാഭ്യാസത്തിനുവേണ്ടി ഓരോ കുട്ടിക്കും നമ്മുടെ സംസ്ഥാനം ഇന്നു ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച പുരോഗതി വിദ്യാഭ്യാസരംഗത്ത് ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചാൽ വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും എണ്ണത്തിൻെറ കാര്യത്തിൽ നേടിയിട്ടുള്ള അത്രയും പുരോഗതി വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിലും വിദ്യാഭ്യാസത്തിൻെറ പുരോഗതിയിലും നേടിയിട്ടില്ലെന്നു കാണാവുന്നതാണ്. 1969—70—ൽ മൊത്തം 11022 സ്കൂളുകളുള്ളതിൽ 6888 വിദ്യാലയങ്ങൾ പ്രൈവററ് മേഖലയിലാണ് പ്രവർത്തിച്ചിട്ടുള്ളത്. 1968—69—ൽ ഒന്നുമുതൽ പത്തുവരെയുള്ള സ്ററാൻഡാർഡുകളിൽ മൊത്തം 46,15,204 വിദ്യാർത്ഥികളാണ് പഠിച്ചിരുന്നത്. സ്കൂൾ അദ്ധ്യാപകരുടെ മൊത്തം എണ്ണം 1,31,477 ആണ്. 1969 മാർച്ച് മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടന്ന എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് 1,54,612 കുട്ടികൾ ചേർന്നതിൽ 71,472 കുട്ടികൾ മാത്രമാണ് (41 ശതമാനം) പാസായിട്ടുള്ളത്. അതുപോലെ യൂണിവേഴ്സിററി എഡ്യൂക്കേഷൻ രംഗത്തും ഈ വർദ്ധനവ് കാണാം. 1967–68–ൽ 104 ആർട്ട്സ് ആൻറ് സയൻസ് കാളേജുകളുണ്ടായിരുന്നപ്പോൾ 1968–69–ൽ അത് 115 ആയി വർദ്ധിച്ചു. കുട്ടികളുടെ എണ്ണം 1,39,761 ആയി വർദ്ധിച്ചു.

അങ്ങനെ നാം വലിയൊരു തുക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നുണ്ടെങ്കിലും നമ്മുടെ വിദ്യാഭ്യാസരംഗം ഇന്നും ശാന്തമല്ല. നമ്മുടെ വിദ്യാഭ്യാസരംഗം ഒരു പൊട്ടിത്തെറിയുടെ വക്കത്ത് എത്തിയിരിക്കുകയാണ്. ഇന്നു സ്കൂളുകളിൽ പോകുന്ന കുട്ടികളും പരീക്ഷപാസായി പുറത്തുവന്നിട്ടുള്ളവരും അദ്ധ്യാപകരും രക്ഷകർത്താക്കളും മാനേജരൻമാരും ഡിപ്പാർട്ടുമെൻറിൻെറയും യൂണിവേഴ്സിററികളുടെയും അധികൃതരും സർവ്വോപരി ഈ രാജ്യത്തെ ജനങ്ങളും സംതൃപ്തരല്ല.

ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കവും രീതിയും മാററാതെ യാതൊരു രക്ഷയുമില്ലെന്നുള്ള ഒരു തോന്നൽ ഇന്നു വളരെ പ്രബലപ്പെട്ടുവന്നിട്ടുണ്ട്. വിദ്യാഭ്യാസം എല്ലാവർക്കും അവകാശപ്പെട്ടാവുന്ന ഒരു സോഷ്യൽസർവ്വീസാണ്. അതുപോലെതന്നെ ഒരു ദേശീയനിക്ഷേപം (നാഷണൽ ഇൻവെസ്ററുമെൻറ്) കൂടിയാണ്.

ഇന്നു ഇൻഡ്യയിൽ നിലവിലിരിക്കുന്ന പൊതുവിദ്യാഭ്യാസക്രമം ഇംഗ്ലീഷുകാർ ഇൻഡ്യയിൽ നടപ്പിലാക്കിയതാണ്. ഈ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ പ്രത്യേകത, അതു വേണ്ടതിലധികം പുസ്തകങ്ങളെ ആശ്രയിക്കുന്നു എന്നുള്ളതാണ്. തൻമൂലം അഭ്യസ്തവിദ്യർ പ്രായോഗിക വിജ്ഞാനത്തിൽ ദരിദ്രരായിത്തീരുന്നു.

ഇന്നത്തെ വിദ്യാഭ്യാസരീതി മാററി എന്തെങ്കിലും തൊഴിൽ പരിശീലനം നൽകി ആ രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ രാജ്യത്ത് ഏർപ്പെടുത്തണമെന്ന് തലയെടുപ്പുള്ള വിദ്യാഭ്യാസവിചക്ഷണൻമാരും തത്വചിന്തകൻമാരും ആവശ്യപ്പെട്ടുതുടങ്ങിയിട്ട് കാലം വളരെയായി. വിദ്യാഭ്യാസത്തെ ഉൽപ്പാദന പ്രക്രിയയുമായി ബന്ധപ്പെടുത്തിയാണ് അവർ വീക്ഷിച്ചിരുന്നത്. അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി അസൂത്രണം ചെയ്യാൻ മുൻകൈ എടുത്തപ്പോൾ ഗാന്ധിജിയും ഊന്നിപ്പറഞ്ഞത് ഉൽപ്പാദന പ്രക്രിയയെപ്പററിയാണ്.

''ഒരു കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കുന്നത് പ്രയോജനകരമായ ഏതെങ്കിലും കൈത്തൊഴിൽ അഭ്യസിച്ചുകൊണ്ടായിരിക്കണം. പരിശീലനം ആരംഭിക്കുന്നതോടൊപ്പം എന്തെങ്കിലുമൊന്നു ഉൽപ്പാദിപ്പിക്കുവാൻ പഠിക്കുകയും വേണം'' എന്നാണ് ഗാന്ധിജി പറഞ്ഞിട്ടുള്ളത്.

ഇതേ അഭിപ്രായം തന്നെയാണ് കാറൽമാർക്സും പറഞ്ഞിട്ടുള്ളത്. ''9 വയസുമുതൽ 12 വയസുവരെയുള്ള കുട്ടികൾ ദിവസം 2 മണിക്കൂർ വീതം ഒരു തൊഴിൽശാലയിലോ ഗൃഹത്തിലോ വിദ്യാലയത്തിലോ പണിയെടുക്കണം. 13 മുതൽ 14 വയസുവരെ പ്രായമുള്ളവർ 4 മണിക്കൂർവീതവും 14 മുതൽ 16 വയസുവരെ പ്രായമുള്ളവർ 6 മണിക്കൂർ വീതവും പണിയെടുക്കണം.'' അങ്ങനെ മാർക്സും വിദ്യാഭ്യാസത്തെ ഉൽപ്പാദന പ്രക്രിയയുമായി ബന്ധപ്പെടുത്തിയല്ലാതെ കണ്ടിട്ടില്ല. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും സോവിയററ് യൂണിയനിലും—ചൈനയിലുമെല്ലാംതന്നെ ഉൽപ്പാദനപ്രക്രിയയുമായി ബന്ധപ്പെടുത്തിയുള്ള വിദ്യാഭ്യാസസമ്പ്രദായങ്ങളാണ് നിലവിലുള്ളത്. ആ രീതിയിൽ നമ്മുടെ രാജ്യത്തും ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കോത്താരി കമ്മിഷന്റെ റിപ്പോർട്ടിലും ഈ വിവരം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ''സ്കൂൾ വിദ്യാഭ്യാസദശയിൽ പ്രായോഗികവിജ്ഞാനവും ഉൽപ്പാദന പ്രക്രിയകളിൽ അഭിനിവേശവും ഉണ്ടാക്കിക്കൊടുക്കുന്നതിലേക്ക് പ്രത്യേക നടപടികളെടുക്കണം''. പത്തുകൊല്ലത്തെ വിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം എസ്. എസ്. എൽ. സി. പാസായി പുറത്തുവരുന്ന ഒരു കുട്ടിക്ക് ഒരു ജോലിയിൽ പ്രവേശിക്കുന്നതിനുള്ള തന്റേടമോ പ്രാപ്തിയോ കിട്ടുന്നില്ല. സെക്കണ്ടറി വിദ്യാഭ്യാസം കഴിയുന്ന കുട്ടികൾക്ക് ജോലി കിട്ടിയാലുമില്ലെങ്കിലും അവരെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തമാക്കത്തക്കരീതിയിലുള്ള ഒരു വിദ്യാഭ്യാസ സംപ്രദായം പുന:സംഘടിപ്പിക്കണമെന്നാണ് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നത്. അതിനുവേണ്ടി ചില നിർദ്ദേശങ്ങൾ വയ്ക്കുകയാണ്.

(1) പ്രീ ഡിഗ്രി കോഴ്സിനെ ഇന്നത്തെ തൃശംകുസ്വർഗ്ഗത്തിൽനിന്നും താഴെയിറക്കി സെക്കണ്ടറി വിദ്യാഭ്യാസവുമായി കൂട്ടിച്ചേർക്കണം. ഈ ഹയർ സെക്കണ്ടറികോഴ്സ് എല്ലാ സർവ്വീസുകൾക്കുമുള്ള പൊതുവിദ്യാഭ്യാസ യോഗ്യതയായി എസ്. എസ്. എൽ. സി. ക്കു പകരം അംഗീകരിക്കണം.

(2) പല വിഷയങ്ങൾക്കും ഇന്നു നിലവിലുള്ള സിലബസ് അറു പിന്തിരിപ്പനും പഴഞ്ചനുമാണ്. പുതിയ ലോകത്തിന്റെ താൽപ്പര്യങ്ങൾക്കുതകും വിധം എല്ലാ വിഷയങ്ങൾക്കുമുള്ള സിലബസുകൾ പൊളിച്ചെഴുതി വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം കാലോചിതമായി പരിഷ്ക്കരിക്കണം.

(3) നമ്മുടെ സ്കൂളുകളിലും കാളേജുകളിലും സയൻസിന്റേയും മാത്തമാററിക്സിന്റേയും ബോധനം ദേശീയതാൽപ്പര്യത്തെ മുൻനിറുത്തി അടിയന്തിരമായി പരിഷ്കരിക്കുകയും കൂടുതൽ സമയം ഈവിഷയങ്ങളുടെ പഠനത്തിനു വേണ്ടി മാററിവയ്ക്കുകയും ചെയ്യണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഒരു മെമ്പർ എഴുതി വായിക്കുന്നത് ശരിയാണോ?

ശ്രീ. പി. എൻ. ചന്ദ്രസേനൻ: അബദ്ധം പറയാതിരിക്കാൻ വേണ്ടി ഞാൻ പോയിൻറുകൾ എഴുതിവച്ച് പ്രസംഗിക്കുകയാണ് ചെയ്യുന്നത്.

(4) ഭാഷാപഠനം ഹയർസെക്കണ്ടറിസ്ക്കൂൾ പഠനം അവസാനിക്കുന്നിടത്തുവച്ച് നിറുത്തണം. ഡിഗ്രിക്ലാസുകളിൽ ഭാഷയും സാഹിത്യവും ഐച്ഛികവിഷയമായെടുത്തു പഠിക്കാൻ സൗകര്യപ്പെടുത്തിയാൽ മതിയാകും. ഇങ്ങനെ ചെയ്താൽ ഐച്ഛികവിഷയങ്ങൾ പൂർണ്ണമായി പഠിച്ചുറപ്പിക്കാൻ ഡിഗ്രിനിലവാരത്തിൽ കൂടുതൽ സമയം ലഭിക്കുന്നതാണ്.

ശ്രീ. ഇ. അഹമ്മദ്: ഇതൊക്കെ പോളിററ്ബ്യൂറോയുടെ തീരുമാനങ്ങളാണോ?

ശ്രീ. പി. എൻ. ചന്ദ്രസേനൻ: അല്ല. വിവരമില്ലാത്തവർക്ക് മനസിലാക്കാൻവേണ്ടി വിവരമുള്ളവരിൽനിന്ന് ഞാൻ വളരെ ബദ്ധപ്പെട്ട് ശേഖരിച്ച നിർദ്ദേശങ്ങളാണ് ഇവിടെ പറഞ്ഞത്.

ചെയർമാൻ: മെമ്പറുടെ സമയം തീർന്നു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് നിറുത്താം. ഒരു പഴഞ്ചൊല്ലുണ്ട്. ദൈവദൂതൻമാർ പ്രവേശിക്കാൻ അറയ്ക്കുന്നിടത്ത് ചെകുത്താൻ കടക്കുമെന്നു പറയുന്നുണ്ട്. അതുപോലെ വിഡ്ഢികൾ കടന്നുവരികയാണ്. ഏതായാലും വിവരമില്ലാത്തവർക്ക് മനസിലാക്കാൻവേണ്ടി വിവരമുള്ളവർ എഴുതിയപല ബുക്കുകളിൽനിന്നും റഫർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത കാര്യമാണ് ഞാൻ ഇവിടെ പറഞ്ഞത്. ആ മുത്ത് വിതറാൻ അനുവദിക്കുന്നില്ലെങ്കിൽ പോകട്ടെ. ആക്ഷേപമില്ല.

അദ്ധ്യാപക പരിശീലനത്തിൽ നാം പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഈ കാര്യങ്ങളെല്ലാം ശരിക്ക് നടപ്പിലാക്കണമെങ്കിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടന എത്രയും വേഗം നടപ്പിലാക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ആർ. ഡി. ഡി. ആഫീസുകൾ നിറുത്തലാക്കുക, റവന്യുഹെഡ്ക്വാർട്ടേഴ്സുകളിൽ ഡി. ഈ. ഓ. മാരെ നിയമിക്കുക, സ്കൂൾ ഇൻസ്പെക്ഷൻ കാര്യക്ഷമമാക്കുക, എ. ഈ. ഓ. പോസ്ററ് ഗസററഡാക്കുക, ഹെഡ്മാസ്ററർമാർക്ക് കൂടുതൽ അധികാരങ്ങൾ വിട്ടുകൊടുക്കുക, പ്രൈവററ് സ്ക്കൂൾ ഹെഡ്മാസ്ററർമാർക്ക് ശമ്പളബിൽ നേരിട്ടെഴുതി ക്യാഷ് ചെയ്യുന്നതിന് അധികാരം നൽകുക, രണ്ടുവർഷത്തെ സർവ്വീസുള്ള എല്ലാക്യാററഗറിയിൽപ്പെട്ട അദ്ധ്യാപകർക്കും പി. എസ്. സി. തയ്യാറാക്കുന്ന ഒരു ലിസ്ററിൽനിന്നും നിയമിക്കുക മുതലായ കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. 1—6—1960 ന് മുൻപായി പെൻഷൻ പററിയ പ്രൈവററ്സ്ക്കൂൾ അദ്ധ്യാപകർക്ക് പെൻഷൻ അനുവദിച്ചതിൽ ഞാൻ ഈ സർക്കാരിനെ അനുമോദിക്കുന്നു. അതോടൊപ്പം ഒരു കാര്യംകൂടി പറയാനുണ്ട്. എഴുപതും എൺപതും തൊണ്ണൂററഞ്ചും വയസ്സ് പ്രായമുള്ള ആയിരത്തിനു താഴെയുള്ള അദ്ധ്യാപകർ മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു. ഇവർക്ക് 1—6—1960 മുതലെങ്കിലുമുള്ള കുടിശ്ശിക പെൻഷൻകൂടി അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഡി. ജി. ററി. എ. ഡയറക്ട് സെലക്ഷനെതിരായി സമരപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പാരിററി അനുവദിച്ചിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പ്രൈവററ്സ്ക്കൂൾ അദ്ധ്യാപകർക്കും നിശ്ചിത ശതമാനം സീററുകൾ നൽകിക്കൊണ്ട് ഡയറക്ട് സെലക്ഷൻ സംപ്രദായം ഉടനടി നടപ്പിൽവരുത്തണം. സാദ്ധ്യായനദിവസങ്ങളുടെ എണ്ണം 200—ൽ നിന്നും 220 ആക്കിയിരിക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നതോടൊപ്പം കോത്താരി കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള സേവനവ്യവസ്ഥകൾകൂടി അദ്ധ്യാപകർക്ക് എത്രയുംവേഗം അനുവദിച്ച് കൊടുക്കേണ്ടതാണ്. അവധിക്കാലം മാററിയത് പരീക്ഷണമെന്നുള്ള നിലയിൽ നോക്കുമ്പോൾ പരാജയമാണെന്ന് കാണുകയാണെങ്കിൽ പഴയതുപോലെയാക്കുന്നതിൽ മടിക്കേണ്ട ആവശ്യമില്ല. ഈ കാര്യങ്ങളെല്ലാം നടത്തുന്നതിന്വേണ്ടി വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് വളരെ സജീവമായി പ്രവർത്തിക്കണമെന്നും, ഊർജ്ജസ്വലനായ ഡി. പി. ഐ. ക്ക്. കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം കൊടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഇന്നു ഈ രാജ്യത്തെ ഏററവും വിപൽക്കരമായ നില തൊഴിലില്ലായ്മയാണ്. നാം ഏതു ഭാഗത്തിലേക്ക് നോക്കിയാലും വിദ്യാഭ്യാസമുള്ളവരും അഭ്യസ്തവിദ്യരും ഉന്നത വിദ്യാഭ്യാസമുള്ളവരും കുറഞ്ഞ വിദ്യാഭ്യാസമുള്ളവരും, ഇങ്ങനെ വിവിധ തലങ്ങളിൽ തൊഴിലില്ലാത്തവരായി വളരെ ആളുകളുണ്ട്. നമ്മുടെ വിദ്യാഭ്യാസം ഇന്നു ബഡ്ജററിൽ കൊണ്ടുവന്നിരിക്കുന്നത് പൊതുവിദ്യാഭ്യാസം, സർവ്വകലാശാല വിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം എന്നീ തരത്തിലാണ്. അതിൽ സാങ്കേതിക വിദ്യാഭ്യാസമാണ് എല്ലാററിനും താഴെ വച്ചിരിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസം മുകളിൽവച്ച് അതിനു താഴെ പൊതുവിദ്യാഭ്യാസംവച്ച് അതിനുതാഴെ സർവ്വകലാശാല വിദ്യാഭ്യാസം വയ്ക്കണം. അങ്ങനെയൊരു ചെയിഞ്ച് വരുത്തേണ്ടിയിരിക്കുന്നു. ഒരു ഉദാഹരണം പറയാം. ഈ നിയമസഭയിൽ എട്ടുമണിമുതൽ ചോദ്യങ്ങൾ ചോദിക്കുകയും മറുപടി പറയുകയും ചെയ്യുന്നുണ്ട്. മുൻപൊക്കെ നിയമസഭയിൽ ചോദ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചാൽ 20—ഓ 25—ഓ വരെ ചോദ്യങ്ങൾക്ക് മറുപടി [illegible]
മായിരുന്നു. ഇപ്പോൾ രണ്ടു മൂന്നു ഉത്തരമാണ് ഒരു [illegible]
ഇവിടെ പറയുന്നത്. അങ്ങനെ ചോദ്യങ്ങളുടെ എണ്ണം കുറഞ്ഞുവരുന്ന [illegible]
സഭയിൽ ആവശ്യപ്പെട്ട ചോദ്യങ്ങളമുക്കുകയും അതേപ്പററി [illegible]
സമയം കിട്ടാത്തതിന്റെ ഫലമായി മെമ്പറൻമാർ ചോദ്യം അയക്കാതിരി[illegible]
ചെയ്യുന്നതാണ്. മെമ്പറൻമാർ ചോദ്യം അയക്കാതെവരുന്നതുകൊണ്ട് [illegible]
ജനങ്ങൾക്ക് അനവധി കാര്യങ്ങൾ അറിയാനുണ്ടെങ്കിലും നിയമസഭയിൽ [illegible]
അതിന് മറുപടി ലഭിക്കാത്തതുകൊണ്ട് ചോദ്യങ്ങൾ അയക്കാതിരി[illegible]
അതിന്റെ ഫലമായിട്ട് അറിയേണ്ട കാര്യങ്ങൾ ജനങ്ങൾക്ക് അറിയാനു[illegible]
ക്കുന്നില്ല. അതുപോലെതന്നെ സാങ്കേതിക വിദ്യാഭ്യാസത്തിനു കൂടുതൽ [illegible]
ചെലുത്തിയില്ലെങ്കിൽ നമ്മുടെ തൊഴിലില്ലായ്മ വർദ്ധിച്ചുവന്ന് [illegible]
ദ്രവമുണ്ടാക്കും. ഇപ്പോൾ ഡാക്ടേഴ്സ്തന്നെ, വളരെ അനവധി [illegible]
തൊഴിലില്ലാതെ നടക്കുകയാണ്. 150-ഓ 200-ഓ ഡാക്ടർമാരെ കാളേജിലെ[illegible]
ട്രയിനിംഗ് കൊടുക്കാൻ പോകുന്നു എന്നു പറയുന്നതുകേട്ടു. [illegible]
ഇന്നു ഡാക്ടർമാർവളരെയധികം തൊഴില്ലില്ലാതെ നടക്കുകയാണ്. ഇന്നു [illegible]
രുപത്തഞ്ചു കാളേജുകളിൽ വരാന്തയിലും മററും ഇരുന്നാണ് [illegible]
ത്ഥികൾ പഠിക്കുന്നത്. അവർക്ക് ഡസ്ക് ഒന്നും വേണ്ട. [illegible]
വയ്ക്കുക, പല്ല് പറിക്കുക അങ്ങനെയുള്ള ധാരാളം ആളുകൾ പുറത്തു [illegible]
യില്ലാതെ നിൽപ്പുണ്ട്. അതുകൊണ്ട് ജനറൽ വിദ്യാഭ്യാസത്തിനും [illegible]
വിദ്യാഭ്യാസത്തിനും തുക കുറച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ[illegible]
തന്നത്താൻ നേടുന്ന എന്തെങ്കിലും തൊഴിൽചെയ്തു ജീവിക്കത്തക്ക [illegible]
സൗകര്യമുണ്ടാക്കത്തക്കരീതിയിൽ പണം ചെലവ് ചെയ്യാൻ ശ്രമിക്കണം. [illegible]
40 രൂപാവരെ ഒരു ദിവസം ചെത്തുകാർക്ക് കിട്ടുന്നുണ്ട്. ഒരു ദിവസം [illegible]
പനവരെ ചെത്താം. 25, 30 രൂപാ ചെത്തുകൂലിയായി കിട്ടുന്നുണ്ട്.
കൊള്ളാവുന്ന ആളുകളെല്ലാം ചെത്തു തൊഴിൽ പഠിക്കുമെങ്കിൽ നന്നായിരിക്കും.
നേരമുള്ളപ്പോൾ ചെത്തുനടത്തുക, ഇവിടെ വരുമ്പോൾ ഇതും [illegible]
അതുകൊണ്ട് തൊഴിൽ പഠനത്തിന് വിദ്യാഭ്യാസത്തിന് നീക്കിവച്ചിരുന്ന
പണത്തിന്റെ വലിയൊരു ഭാഗം ചെലവാക്കാൻ നോക്കേണ്ടതാണ്. [illegible]
മാത്രം തുകയാണ് വിദ്യാഭ്യാസ ചെലവിനായി ബഡ്ജററിൽ കൊള്ളിച്ചിട്ടു[illegible]
ള്ളത്. പത്തുലക്ഷമോ നൂറുലക്ഷമോ അഞ്ഞൂറുലക്ഷമോ രൂപയാണ്
വിദ്യാഭ്യാസത്തിനുവേണ്ടി ഒരാണ്ടിൽ ചെലവ് ചെയ്യാൻ പോകുന്നത്. [illegible]
പണം മുഴുവൻ ചെലവുചെയ്തുകൊണ്ട് കാളേജു വിദ്യാഭ്യാസമോ സാങ്കേ[illegible]
വിദ്യാഭ്യാസമോ കൊടുത്തുകൊണ്ട് ജനങ്ങളെ ഇങ്ങനെ തൊഴിലില്ലാത്തവരാക്കി
ത്തീർക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അടച്ചുകൊണ്ട് തന്നത്താനെതൊഴിൽചെയ്തു
ജീവിക്കാനുള്ള എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിച്ച് അങ്ങനെയുള്ള തൊഴിൽ
വർദ്ധിപ്പിക്കുന്നതിന് കെട്ടിടങ്ങളുണ്ടാക്കുക, യന്ത്രസാമഗ്രികൾ വാങ്ങിക്കുക
മുതലായവ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇന്നു എസ്. എസ്.
എൽ. സി. പാസായ ധാരാളം ആളുകളുണ്ട്. അവരുടെ സ്വന്തം പേര് പോലും
സ്പെല്ലിംഗ് തെററാതെ എഴുതാൻ അറിഞ്ഞുകൂട. എന്നുവച്ച് മിടുക്കൻ
മാരില്ലെന്നല്ല ഞാൻ പറയുന്നത്.

വിദ്യാഭ്യാസം സ്കൂൾ ഫൈനൽ എന്നു പറയുന്ന നിലവാരം വളരെ
താണുപോയിട്ടുണ്ട്. ചിലർ പറയാറുണ്ട് 10 മണിക്കു വന്നിട്ട് 5 മണിക്ക്
ഇറങ്ങിപോകണം. കടലാസിൽ ഒന്നും എഴുതരുത്. ചില [illegible]
എഴുതിയാൽ മററു ചിലർ വെട്ടിമാററും. ഇങ്ങനെ വിദ്യാഭ്യാ[illegible]
വാരം വളരെതാണുപോയിട്ടുണ്ട്. അതുകൊണ്ട് വിദ്യാഭ്യാ[illegible]
സമൂലപരിവർത്തനം വരുത്തിക്കൊണ്ട് സാങ്കേതിക വിദ്യാഭ്യാസ[illegible]
വർദ്ധിപ്പിക്കണം അല്ലെങ്കിൽ വിദ്യാഭ്യാസം കുറച്ചുകൂടി സ[illegible]
പണമില്ലെന്നാണെങ്കിൽ സാങ്കേതികവിദ്യാഭ്യാസം വർദ്ധിപ്പി[illegible]
തിൽ കുറയ്ക്കാൻ നോക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഒരു കാര്യംകൂടി എനിക്കു പറയാനുണ്ട്. പഴയകാലത്തെ റൂരം എന്താണെന്നറിയാമോ?

''ശൂദ്രമക്ഷര സംയുക്തം
ദൂരധ:പരിവർജ്ജയേൽ.''

ഇവിടെ ശൂദ്രൻമാരുണ്ടെങ്കിൽ എന്നോട് പിണങ്ങരുത്. ശൂദ്രൻമാർ അക്ഷരാഭ്യാസമുള്ളവരുണ്ടെങ്കിൽ നാട്ടിൽ കയററരുതെന്നാണ് പഴയ റൂള്. എന്നു പറഞ്ഞാൽ അധ:കൃതവർഗ്ഗത്തിനും മററുള്ളവർക്കും വിദ്യാഭ്യാസം കൊടുക്കാൻ പാടില്ലെന്നു നിയമമുണ്ടായിരുന്നു. ആ കാലസ്ഥിതിയൊക്കെ മാറിയിട്ട് എല്ലാവർക്കും വിദ്യാഭ്യാസം കൊടുക്കുന്നതിന് സൗകര്യമുണ്ടായി. അധ:കൃതരെ പഠിപ്പിക്കുന്നതിനും പുസ്തകമോ മറോറാ വാങ്ങിച്ചുകൊടുക്കുന്നതിനും അവർക്ക് സ്ക്കൂളുകൾ കൂടുതലായിട്ട് തുറന്നു കൊടുക്കുന്നതിനും മററുള്ള സ്ഥലങ്ങളിൽപോയി പഠിക്കുന്നതിനും കൂടുതൽയോഗ്യത സമ്പാദിക്കുന്നതിനും വേണ്ടിയിട്ട് കുറെ പണം ചെലവാക്കി അധ:കൃതവർഗ്ഗക്കാരെ ഉയർത്തുന്നതിനുവേണ്ടിയിട്ട് ഗവൺമെൻറിൻെറ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പിന്നെ ഒന്നുള്ളത് സാമ്പത്തികമായിട്ട് പിന്നോക്കം നിൽക്കുന്ന അവശ വിഭാഗത്തെ പഠിപ്പിക്കുന്നതിനും വേണ്ടതു ചെയ്യാൻ ശ്രമിക്കണം. ഞാൻ പലപ്പോഴും പറയാറുള്ളതുപോലെ സാമ്പത്തികമായി കഴിവുള്ളവരിൽനിന്ന് ഫീസുവാങ്ങിച്ചാൽ കൊള്ളാം. ഇതു ഞാൻ പല തവണ പറഞ്ഞിട്ടുള്ളതാണ്. 101 തവണ ആവർത്തിച്ചാൽ പിന്നീട് ഉപകാരത്തിൽ വരുമെന്നു വിശ്വസിച്ചാണ് വീണ്ടും വീണ്ടും പറയുന്നത്. ഫീസു വാങ്ങിയാൽ സാമ്പത്തികമായ കുഴപ്പം തീരും. അതുകൊണ്ട് സർ ഹരിജനങ്ങളെ കൂടുതൽ ഉയർത്തുന്നതിനുവേണ്ടി കൂടുതൽ അദ്ധ്യാപകരെ സ്ക്കൂളുകളിൽ നിയമിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ച് ശ്രീമാൻ ചന്ദ്രസേനൻ പറുഞ്ഞതുപോലെ ചെയ്യാൻ പരിശ്രമിക്കണം. വിദ്യാഭ്യാസം ഇവിടെ നന്നാക്കുന്നതിന് നിയമത്തിൻെറ അലകും പിടിയും മാററി എന്തെങ്കിലും പുതിയപദ്ധതി കണ്ടുപിടിക്കണം. കുത്തഴിഞ്ഞ പുസ്തകം എങ്ങനെയായി? വിദ്യാഭ്യാസത്തിൽ എന്തെങ്കിലും പരിവർത്തനം ഉണ്ടാക്കുന്നതിന് ചന്ദ്രസേനൻെറ അഭിപ്രായം വളരെ തൂക്കമുള്ളതാണ്. അദ്ദേഹം പറഞ്ഞതിൽ കുറെ എടുക്കാവുന്നതും ന്യായയുക്തമായതുമാണ്. അതിൽ ചില ഭാഗങ്ങൾ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. പാർട്ട്ടൈം അദ്ധ്യാപകരായിട്ട് കുറേപ്പേർ ഇന്നുകാണുന്നുണ്ട്. അവർക്ക് ഫുൾടൈം വർക്കുകൊടുത്ത് ജോലി ചെയ്യിക്കണം. പാർട്ടുടൈം അദ്ധ്യാപകരെ പറഞ്ഞാൽ വീട്ടിലും ആഫീസിലും ആവശ്യമില്ലാത്ത വിഭാഗമാണ്. പിന്നീട് ഗവൺമെൻറ് ഒരു കാര്യം ചെയ്താൽ കൊള്ളാം.

മി. ചെയർമാൻ: സമയം തീർന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എൻെറപാർട്ടിയുടെ സമയത്തിൽനിന്ന് എടുത്തുകൊള്ളാം. അതില്ലെങ്കിൽ നാളത്തെ സമയത്തിൽനിന്നെടുത്തുകൊള്ളാം.

മി. ചെയർമാൻ: മെമ്പറുടെ പാർട്ടിയുടെ സമയമെല്ലാം കഴിഞ്ഞു. നാളത്തെ 10 മിനിട്ട് നാളെ എടുക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: എന്നാൽ നിറുത്തിയേക്കാം. വിദ്യാഭ്യാസത്തിൽ ഹിന്ദിയുടെ കാര്യം ഗവൺമെൻറ് ഒന്നു പ്രത്യേകം ശ്രദ്ധിക്കണം. സർ, ഇതുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിറുത്തിയേക്കാം.

"വിദ്യാനാമനരസ്യ ആപയധികം പ്രച്ഛന്നഗുപ്തംധനം,
വിദ്യാഭോഗകരീയശസ്സുഖകരീ വിദ്യാഗുരൂണാംഗുരു,
വിദ്യാബന്ധുവിദേശഗമനെ വിദ്യാപരദേവത,
വിദ്യാനാമസു പൂജ്യനെനഹിധനം
വിദ്യാധനംസർവ്വധനാൽപ്രധാനം.''

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. ഇവിടെ പലരും പറഞ്ഞതു പോലെ നമ്മുടെ വരുമാനത്തിന്റെ ഏററവും പ്രധാനപ്പെട്ട ഒരു ഭാഗം വിദ്യാഭ്യാസ വകുപ്പിലെ ചെലവുകൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ധനകാര്യമന്ത്രിചെയ്ത ബഡ്ജററു പ്രസംഗത്തിൽ നമ്മുടെ രാജ്യത്തിന്റെ മൊത്തത്തിലുള്ള വിദ്യാഭ്യാസ നിലവാരത്തെപ്പററിയും അതിനുവേണ്ടിവരുന്ന ചെലവുകളെപ്പററിയും ഒക്കെ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. സർ, അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള പ്രതിശീർഷ ചെലവു 11.08 രൂപയാണെങ്കിൽ ഏതാണ്ട് അതിന്റെ ഇരട്ടി പ്രതിശീർഷ ചെലവ് നമ്മുടെ കേരളസംസ്ഥാനത്തിൽ വരുന്നുണ്ടെന്നു അതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ വസ്തു സ്ഥിതികൾ കണക്കാക്കുമ്പോൾ വാസ്തവത്തിൽ കേരളീയരായ നമുക്കൊക്കെ ആഹ്ലാദിക്കാനും അഭിമാനിക്കാനും വകയുണ്ടെന്നാണ് തോന്നുന്നത്. അങ്ങനെ ഇൻഡ്യയിലെ വിദ്യാഭ്യാസകാര്യത്തിൽ ഏററവും മുന്നണിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണെന്നു നമുക്ക് ബോദ്ധ്യപ്പെട്ടിട്ട് വളരെക്കാലമായി. പക്ഷേ ഇത്രഭാരിച്ച തുക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഫലമായി സ്കൂളുകളിലും കോളേജുകളിലും നിന്ന് തൊഴിലില്ലാത്ത ധാരാളം ബിരുദധാരികളെ പുറത്തിറക്കിക്കഴിഞ്ഞിട്ടുള്ള സ്ഥിതിയെപ്പററി ആലോചിക്കുമ്പോൾ വാസ്തവത്തിൽ ആശങ്ക തോന്നുന്നു. ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ ഇന്നത്തെ സ്ഥിതിയിൽ നമ്മുടെ സ്കൂളുകളുടെയും കാളേജ്ജുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനുപകരം വിദ്യാഭ്യാസത്തിന്റെ സ്ററാൻഡേർഡ് ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു എന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തീർച്ചയായും ഇതേപ്പററി നാം ആലോചിച്ചു തുടങ്ങേണ്ടതാണ്, ആലോചിച്ചു തുടങ്ങിയിട്ടുണ്ടെന്നുള്ളത് ഒരു നല്ല കാര്യമാണ്. പക്ഷേ സ്ററാൻഡേർഡ് വർദ്ധിപ്പിക്കുന്നതിനെപ്പററി ആലോചിക്കുമ്പോൾ ആദ്യമായി ആലോചിക്കേണ്ടത് വിദ്യാഭ്യാസം തുടങ്ങുന്ന പ്രൈമറിഘട്ടത്തെക്കുറിച്ചാണ്. പ്രൈമറി സ്കൂളുകളിൽ വിദ്യാർത്ഥികൾ ആദ്യം ചെന്നു ചേരുമ്പോൾ അവരെ സംസ്ക്കരിച്ചെടുക്കുന്ന ചുമതല വളരെ പ്രയാസപ്പെട്ടതാണ്. അതിനൊരുവഴി ഇന്നും നമ്മുടെ വിദ്യാഭ്യാസധുരന്ധരൻമാരും വിദ്യാഭ്യാസ വിചക്ഷണൻമാരും കണ്ടുപിടിച്ചിട്ടില്ലെന്നു പറയാൻ തോന്നിപ്പോവുകയാണ്. ഇന്നുതന്നെയും അതിനു വേണ്ടത്ര ശ്രദ്ധ ചെലുത്താൻ കഴിയാത്ത ചില സാമൂഹ്യപരിത:സ്ഥിതികളും നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ നാട്ടിൽ നിർഭാഗ്യവശാൽ വിദ്യാഭ്യാസം ഇന്നും ഒരു വ്യവസായമായിട്ട് നിലനിൽക്കുകയാണ്. അതിന്റെയൊക്കെ ഫലമായി ഏററവും സമർത്ഥരായ അദ്ധ്യാപകരെ നിയമിച്ച് ഏററവും നല്ല നിലയിൽ പിഞ്ചു വിദ്യാർത്ഥികളെ വളർത്തി എടുക്കാൻ അവരുടെ വാസനയും കഴിവും വളർത്തി എടുക്കാൻ നമുക്ക് പലപ്പോഴും സാധിക്കാതെ വരുന്നുണ്ടെന്നുള്ള ഒരു ദു:ഖസത്യം തുറന്നു പറഞ്ഞേ മതിയാവൂ എന്നു തോന്നുന്നു. പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് ഇന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ പണത്തിന്റെ അടിസ്ഥാനത്തിലാണ് എസ്.എസ്.എൽ. സി. ആയാലും, ടി. ടി. സി. ആയാലും ഫസ്ററ് റാംകു വാങ്ങി പാസായ അദ്ധ്യാപകൻമാർ വെളിയിൽ നിൽക്കുമ്പോൾ മൂന്നാംകിടക്കാരായവരെ നിയമിക്കുന്നതായി കാണുന്നുണ്ട്. ഇങ്ങനെ ഭാവി വിദ്യാർത്ഥികളുടെ സ്ററാൻഡേർഡ് ഉയർത്തുന്നതിനെപ്പററി പറയുമ്പോൾ—ഞാൻ എല്ലാ അദ്ധ്യാപകരും മോശക്കാരാണെന്ന രീതിയിൽ പറയുകയല്ല—, പല അദ്ധ്യാപകരും പ്രഗൽഭരും നല്ലവരും ഉണ്ട്— ഏററവും കൂടുതൽ കഴിവുള്ള ആളുകളെ നിയമിക്കാതിരിക്കുകയും മോശക്കാരായ ആളുകൾ നിയമിക്കപ്പെടുകയും ചെയ്യുന്ന ഒരു ദുര:വസ്ഥ നമ്മുടെ നാട്ടിൽ ഉണ്ട്. പ്രൈമറിവിദ്യാഭ്യാസഘട്ടത്തിലും

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷമുള്ള ഘട്ടത്തിലും എന്തോ കുഴപ്പമുണ്ട്. ഇതു വളരെ ഗൗരവമർഹിക്കുന്ന പ്രശ്നമായി കാണണം. വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് ഉയർത്തണമെന്നു പറയുമ്പോൾ അതു അർഹിക്കുന്ന ഗൗരവം കൊടുക്കാതിരുന്നാൽ തീർച്ചയായും തെററായിരിക്കും, കൃത്യവിലോപമായിരിക്കുമെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സെക്കൻററി വിദ്യാഭ്യാസത്തിന്റെ കാര്യത്തെപ്പററി പറഞ്ഞാൽ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞാൽ സ്വാഭാവികമായും ഒരു വിദ്യാർത്ഥി ചെന്നെത്തുന്നത് സെക്കൻററി വിദ്യാഭ്യാസരംഗത്തേക്കാണ്. സെക്കൻററി വിദ്യാഭ്യാസത്തെപ്പററി സമഗ്രമായ ഒട്ടേറെ പഠന റിപ്പോർട്ടുകളുണ്ട്. പല പല കമ്മിററികളും കമ്മീഷനുകളും ഒക്കെ ഇതിനെപ്പററി പഠിച്ച് സവിസ്തരം റിപ്പോർട്ടുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതൊക്കെ വിദ്യാഭ്യാസധുരന്ധരൻമാരും വിദ്യാഭ്യാസത്തിൽ താൽപ്പര്യമുള്ള ആളുകളും പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്. എനിക്കുമുമ്പു സംസാരിച്ച പല മെമ്പറൻമാരും ഇതിനെപ്പററി പറയുകയുണ്ടായി. പ്രത്യേകിച്ച് ചന്ദ്രരസേനൻ. സെക്കൻററി വിദ്യാഭ്യാസം വർക്ക് ഓറിയൻറഡ് വിദ്യാഭ്യാസമായി മാറണമെന്ന് അദ്ദേഹം പറയുകയുണ്ടായി. തൊഴിലുമായി ബന്ധപ്പെട്ടു സെക്കൻററി എഡ്യൂക്കേഷൻ സമ്പ്രദായം അംഗീകരിക്കണമെന്ന് പരക്കെ അംഗീകരിച്ചിട്ടുണ്ട്. പക്ഷേ ഇത് പ്രസംഗിക്കുകമാത്രമല്ലാതെ ഇതു പ്രായോഗികമായി നടപ്പിൽ വരുത്താനുള്ള യാതൊരു നടപടിയും ഇതേവരെഉണ്ടായിട്ടില്ലെന്നുള്ളത് ഖേദകരമാണ്. സെക്കൻററി വിദ്യാഭ്യാസം കോളേജു വിദ്യാഭ്യാസത്തിലേക്കുള്ള ഒരു വാതിലായിമാത്രം കാണുകയായിരുന്നു ഈ രാജ്യത്തെ മിക്കവാറും ആളുകളും. ഇന്നും അങ്ങനെ കാണുന്നവരുണ്ട്. അവർ ഇതു വേണമെന്നു സാങ്കേതിക വിദ്യാഭ്യാസം വേണമെന്നു പറയുകയും സ്വന്തം മക്കളുടെയും സ്വന്തംആളുകളുടെയും കാര്യത്തിൽ നടപ്പിലാക്കാൻ കൂട്ടാക്കാത്ത ആളുകളുമാണ്. നമ്മുടെ സമുദായത്തിലെ മേലേക്കിടയിലുള്ള പല ആളുകളുടെയും സ്വഭാവമാണിത്. എന്നുമാത്രമല്ല വിദ്യാഭ്യാസ ധുരന്ധരൻമാരും വിദ്യാഭ്യാസ വിചക്ഷണൻമാരുമെല്ലാം ഇത് ഓർത്തിരിക്കേണ്ടതാണ്. വർക്ക് ഓറിയൻറഡ് വിദ്യാഭ്യാസ സമ്പ്രദായം വേണമെന്നു പറയുകയും പക്ഷേ അതിനെ തോൽപ്പിക്കുന്ന തരത്തിൽ ഈ സമ്പ്രദായത്തിലേയ്ക്കു കുട്ടികളെ അയക്കാതിരിക്കുകയും ചെയ്യുന്ന ഈ പ്രവണത മാറേറണ്ടതുണ്ട്. ഇത്തരം ആളുകൾക്ക് അവരുടെ കുട്ടികൾ പ്രത്യേക ഇൻറലക്ച്വൽ ക്ലാസായി വളർന്നു വരണമെന്ന് ആഗ്രഹമുണ്ട്. സ്കൂൾഫൈനൽ പാസ്സായി തൊഴിൽ പഠിച്ചു ചെറിയ ജോലി ചെയ്യുന്നതിനേക്കാൾ കൂടുതൽ നല്ല ജോലി കിട്ടാൻ അവർ ആഗ്രഹിക്കുന്നു. അതിന് കോളേജു വിദ്യാഭ്യാസമാണു നല്ലത്. അതിനവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. ഇന്നു ഡിഗ്രി എടുത്തു കഴിഞ്ഞാൽപോലും ഇഞ്ചിനീയറിംഗ് മെഡിസിൻ മുതലായ ഡിഗ്രികൾ എടുത്ത ആളുകൾപോലും ജോലിയില്ലാതെ തെണ്ടി നടക്കുകയാണ്. എന്നിരുന്നാൽതന്നെ ഒരു ഡിഗ്രി എങ്ങനെയെങ്കിലും സമ്പാദിച്ചാൽ ഒരു ജോലി ഇന്നല്ലെങ്കിൽ നാളെ കിട്ടുമെന്നു വിദൂരമായ പ്രതീക്ഷയോടെ വിദ്യാർത്ഥികളെ തൊഴിൽ അഭ്യസിപ്പിക്കുന്നതിൽനിന്നു മാററിനിറുത്തിക്കൊണ്ടു എന്തെങ്കിലും ഡിഗ്രി സമ്പാദിക്കുന്നതിന് രക്ഷകർത്താക്കൾ പ്രേരിതരാവുന്നുണ്ട്.

ഈ വസ്തുത വാസ്തവത്തിൽ നാം പ്രത്യേകം ശ്രദ്ധയോടുകൂടി കാണേണ്ടതാണ്. പാശ്ചാത്യരാജ്യങ്ങളിലെ സ്ഥിതി നേരെ

11 A. M. മറിച്ചാണ്. അവിടെയെല്ലാം സെക്കൻററി വിദ്യാഭ്യാസത്തെ ആളുകൾ നോക്കികാണുന്നത് ജിവിതത്തിലേക്കുള്ള ഒരു കവാടമായിട്ടാണ്; കോളേജിലേക്കുള്ള കവാടമായിട്ടില്ല. നേരെമറിച്ച് സെക്കൻററി വിദ്യാഭ്യാസം കഴിഞ്ഞിട്ട് ഒരു തൊഴിൽ അഭ്യസിച്ച് ജീവിതയോധനത്തിന് തയ്യാറാകുകയാണ്. അവിടെ സെക്കൻററി വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസം കൊണ്ട് ഇതാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഒരു ചെറിയവിഭാഗം വിദ്യാർത്ഥികൾ അവരുടെ കഴിവു വികസിപ്പിക്കാൻ സ്പെഷ്യൽ സ്റ്റഡീസിന് പോകുന്നുണ്ട്. ഇവിടെ നേരെമറിച്ചാണ് സ്ഥിതി. ഈയൊരു ചിന്താഗതി മാററിയെടുക്കാൻ തീർച്ചയായും ഗവൺമെൻറ് മുന്നോട്ടു വരണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. ഈ ബഡ്ജററിൽ ഇതിനെപ്പററി ചിലതെല്ലാം പരാമർശിച്ചിട്ടുണ്ട്. ചില കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞിട്ടുണ്ട്. പക്ഷേ തുടക്കമെന്നുള്ള നിലയിൽ തൊഴിൽ സൗകര്യത്തോടുകൂടിയ രണ്ടോ മൂന്നോ നാലോ വിദ്യാലയങ്ങളെങ്കിലും ഓരോ ഡിസ്ട്രിക്ടിലും തുടങ്ങണമെന്ന് ഒരു അഭ്യർത്ഥനയുണ്ട്. ഓരോ സ്ക്കൂളിനോടും അനുബന്ധിച്ച് ഓരോ തൊഴിൽ ശാല സ്ഥാപിക്കുന്നതിനു സാധിക്കുകയില്ല. പക്ഷേ അടുത്തെവിടെയെങ്കിലും തൊഴിൽ ശാലകളുണ്ടെങ്കിൽ, ഫാക്ടറികളുണ്ടെങ്കിൽ അതിലേക്കു വിദ്യാർത്ഥികളെ അയച്ച് ഏതെങ്കിലും ജോലിയിൽ പ്രായോഗിക പരിശീലനംകൊടുക്കുവാൻ കഴിയുമോയെന്ന് പരീക്ഷിക്കേണ്ടതാണ്. ഒററ അടിക്ക് നടപ്പാക്കാൻ കഴിയുകയില്ലെങ്കിലും പരീക്ഷണമെന്നുള്ള നിലയിൽ ഇത്തരത്തിലുള്ള മൂന്നുനാലു സ്ക്കൂളുകൾ തുടങ്ങാൻ ഗവൺമെൻറു ശ്രദ്ധിക്കണം. അങ്ങനെയായാൽ തീർച്ചയായിട്ടും ഇന്നു നമ്മുടെ സമൂഹത്തിലുള്ള ചിന്താഗതി മാററിയെടുക്കാൻ കഴിയും. ഒരു ഫേസ്ഡ് പ്രോഗ്രാമെന്നുള്ള നിലയിൽ ഈ വിദ്യാഭ്യാസ സംപ്രദായം സ്വീകരിക്കാനും വളരെ വിദൂരമല്ലാത്ത ഭാവിയിൽ ആളുകളെ കൊണ്ട് അംഗീകരിപ്പിച്ചെടുക്കാനും കഴിയുമെന്നാണ് എൻെറ പ്രത്യാശ.

സർ, ഈ അവസരത്തിൽ ശാസ്ത്രവിദ്യാഭ്യാസത്തെപ്പററി ചിലത് സംസാരിക്കേണ്ടിവരുകയാണ്. ഇന്നു ശാസ്ത്രത്തിൻെറ യുഗമാണ്. ശാസ്ത്രവിദ്യാഭ്യസത്തിനു എല്ലാതരത്തിലുള്ള പ്രാധാന്യവും പ്രോൽസാഹനവും നൽകണമെന്നു എല്ലാവരും അംഗീകരിക്കുന്ന ഒരു തത്വമാണ്. പക്ഷേ എനിക്കു മുൻപു സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. ഉണ്ണികൃഷ്ണപിള്ള സൂചിപ്പിച്ചതുപോലെ ശാസ്ത്രവിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം കണക്കിലേറെകൊടുത്തുകൊണ്ടു ഹുമനിററീസിലുള്ള താൽപ്പര്യം കുറക്കുന്നത് ഒരുപക്ഷേ അപകടകരമാകുമെന്നു തോന്നുന്നു. രണ്ടിനും തുല്യപ്രാധാന്യം, പ്രൊപ്പോർഷണേററ് ആയ പ്രാധാന്യം കൽപ്പിച്ചുകൊണ്ട് രണ്ടും ഒരു പോലെ കൊണ്ടുപോകാനുള്ള ശ്രമം ഉണ്ടാകണമെന്നു അപേക്ഷയുണ്ട്. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസ സംപ്രദായമാകെത്തന്നെ, പരീക്ഷാ സംപ്രദായത്തെപ്പററിയും പാഠ്യപുസ്തകങ്ങളുടെ ഉള്ളടക്കത്തെ സംബന്ധിച്ചുമെല്ലാം തന്നെ ഒരു പുനരവലോകനം ആവശ്യമായി വന്നിട്ടുള്ള ഒരു ഘട്ടത്തിലാണ് നാം നിൽക്കുന്നത്. നാം ഇൻഡ്യയുടെ പുനർനിർമ്മാണത്തെപ്പററിയും ദേശീയോദ്ഗ്രഥനത്തെപ്പററിയും എല്ലാം പറയാറുണ്ട്. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ദേശീയപുനർനിർമ്മാണമാണെങ്കിൽ തീർച്ചയായും നമ്മുടെ പാഠ്യ പദ്ധതിയും പാഠ്യവിഷയങ്ങളും എല്ലാം തന്നെ അതിനനുസരണമായി നവീകരിച്ചേ പററുവെന്നുള്ള ആശയം ഊന്നിപറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, സമയം വളരെക്കുറവായതുകൊണ്ട് ആ വിഷയത്തിലേക്ക് അധികം കടക്കാതെ നമ്മുടെ വിദ്യാഭ്യാസരംഗത്ത് നടക്കുന്ന സമരങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെൻറിൻെറയും ശ്രദ്ധയിൽപെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഇന്നു രണ്ടുമൂന്നു അധ്യാപകസംഘടനകൾ സമരരംഗത്താണ്. ഒന്ന് ഗവൺമെൻറു പ്രൈമറി സ്ക്കൂൾ ടീച്ചേഴ്സ്, നിയമസഭയിൽ റൂൾ 61 പ്രകാരം ആ പ്രശ്നം ഉന്നയിക്കപ്പെട്ടു. അതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അതുപോലെതന്നെ ഗവൺമെൻറു ടീച്ചേഴ്സ് ഫെഡറേഷൻ ഒരു മെമ്മോറാണ്ടം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഒരു സമരം തുടങ്ങുകയും ചെയ്തിരിക്കുകയാണ്. അതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ തിരുവനന്തപുരത്തും മറ്റൊരു സ്ഥലത്തും ഉള്ള ഹിന്ദി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ ഹിന്ദി ട്രെയിനിംഗ് കോളേജുകൾ ഇൻസ്റ്റിറ്റ്യൂട്ടായി മാററിയതിനെതിരായും ഡിപ്ലോമസർട്ടിഫിക്കറ്റാക്കി മാററിയതിനെതിരായും അങ്ങനെചെയ്തുകൊണ്ട് അവർക്ക് മററു സ്ഥലങ്ങളിൽ ഉദ്യോഗം കിട്ടാനുള്ള ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഈ എല്ലാ പ്രശ്നങ്ങളും അർഹിക്കുന്ന ഗൗരവത്തോടുകൂടി പരിഗണിക്കണമെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അവർകളോട് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. വിദ്യാഭ്യാസത്തെക്കുറിച്ച് എന്തെങ്കിലും പറഞ്ഞുതുടങ്ങുന്നതിനുമുൻപു കാവ്യകർത്താക്കൻമാർ ചെയ്യാറുള്ളതുപോലെ നഗരാർണ്ണവശൈലത്ത് ചന്ദ്രാർക്കോദയ വർണ്ണന ആദ്യംകഴിഞ്ഞിട്ടേ കാവ്യത്തിലേയ്ക്കു കടക്കാവൂ എന്നൊരു നിഷ്ഠയുണ്ട് സർ, ഇന്നു നമ്മുടെ രാജ്യത്തു ഏതു വകുപ്പിനെക്കുറിച്ചോ ഏതു വിഭാഗത്തെക്കുറിച്ചോ സംസാരിച്ചു തുടങ്ങിയാലും അതെല്ലാം തന്നെ നിലനിൽക്കുന്നത് അതിൽ ജോലി ചെയ്യുന്ന ആളുകളുടെ ആവശ്യത്തിനുവേണ്ടിയാണ് എന്നുള്ള ഒരു സങ്കൽപ്പമാണ് നാമെല്ലാം അംഗീകരിച്ചിട്ടുള്ളത്. മാറിവന്ന സാമൂഹ്യ സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ അതിന് വലിയ അപാകതയുണ്ടെന്നു ഞാൻ പറയുകയല്ല. പക്ഷേ പള്ളിക്കൂടം എന്നു പറയുമ്പോൾ ഈ വിദ്യാർത്ഥി, വിദ്യാഭ്യാസം എന്നെല്ലാം ഉള്ളതിന് പ്രാധാന്യം ഉണ്ടെന്നുകൂടി നാം കാണണം. ഞാനായിട്ട് നമ്മൾ അംഗീകരിച്ച സങ്കേതത്തെ ലംഘിക്കാൻ പോകുന്നില്ല. ഇന്ന് അദ്ധ്യാപകർ പേടിച്ച് സമരംചെയ്യാൻ മടിക്കുകയാണെന്ന് എന്റെസ്നേഹിതൻ ഇവിടെ പറയുകയുണ്ടായി. എനിക്കു തോന്നുന്നത് അദ്ദേഹം ഇയ്യിടെയായി മെയിൻ ഗേററിൽ കൂടി വരാറില്ലെന്നാണ്. കാരണം ഇപ്പോൾ തന്നെ മെയിൻഗേററിൽ സമരം ചെയ്യുന്നവരുടെ കൂട്ടത്തിൽ നാലു അദ്ധ്യാപക സംഘടനകൾ ഉണ്ട്. എനിക്ക് തന്നെ നേരിട്ടറിയാവുന്ന നാലു അദ്ധ്യാപക സംഘടനകളുടെ സമരത്തിന്റെ കോലാഹലമാണ്. എനിക്ക് അദ്ധ്യാപക സമരത്തെസംബന്ധിച്ചിടത്തോളം വ്യക്തമായ അഭിപ്രായമുണ്ട്. അവരെ സമരം ചെയ്യാൻ അനുവദിക്കരുത്. പക്ഷേ ബലം പ്രയോഗിച്ച് തടയരുത്. ആരെയും ബലം പ്രയോഗിച്ച് തടയരുതെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. എന്നാൽ ഇവിടെ സെക്രട്ടറിയററ് ഗേററിൽ വരുന്നതിനു മുൻപ് പരിഹരിക്കാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. നമ്മുടെ ഡിപ്പാർട്ടുമെൻറും ഈ മാതിരി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള സ്ഥാപനങ്ങളുമുണ്ട്. ഇവരെല്ലാം തിരുവനന്തപുരത്തു വന്നിട്ട് സമരം ചെയ്തു എം. എൽ. എ. കോട്ടേഴ്സിൽ കയറിയിറങ്ങി പാർട്ടി ഓഫീസുകളിൽ നിരങ്ങി മന്ത്രിമാർക്കൊന്നും ഒരു കാര്യവും ചെയ്യാൻ കഴിയാതെയാകുന്ന ഒരു അവസ്ഥക്ക്, ആ ഒരു സമീപനത്തിന് ഇപ്പോഴും നമുക്ക് മാററം വരുത്താൻ കഴിയുന്നില്ലെന്നുള്ളത് വളരെ ഖേദകരമായ ഒരു കാര്യമാണ്. കഴിഞ്ഞ ദിവസങ്ങളിൽ തീർന്ന സമരത്തിന്റെ കാര്യം എടുത്തു നോക്കിയാലും ഇത് വളരെ മുഴച്ചു നിൽക്കുന്നുണ്ട്. ഗവൺമെൻറു പ്രൈമറി സ്ക്കൂൾ ടീച്ചേഴ്സും സെക്കണ്ടറി ടീച്ചേഴ്സും എല്ലാ സമരത്തിലുമുണ്ട്. ട്രെയിനിംഗ് കഴിഞ്ഞ് ജോലി ലഭിക്കാതെയുള്ള ആളുകളും സമരത്തിനുണ്ട്. ഇതിന്റെയെല്ലാം നേരെ ഒരു പ്രത്യേക വിഭാഗത്തോടുള്ള താൽപര്യം ഇല്ലാതെ ബഹുമാനപ്പെട്ട ചന്ദ്രസേനൻ ശ്രീമാൻ നമ്പ്യാരുടെ സഹകരണം സൗകര്യപൂർവ്വം റിക്രൂട്ടുമെൻറു കാര്യത്തിൽ തേടിയെടുത്തിട്ടുണ്ട് പ്രസംഗത്തിൽകൂടി. കക്ഷി തിരിഞ്ഞ് കാണുന്ന സംപ്രദായം മാററി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യുന്ന ആളുകളെയെല്ലാം ഒരു പോലെ കണ്ട് എല്ലാവരോടും നീതി ചെയ്യാൻ കഴിയുന്ന, ഇവിടെ വന്ന് സമരം ചെയ്യാത നേടുന്ന ഒരു സമ്പ്രദായം ഉണ്ടാകണമെന്ന് എനിക്കപേക്ഷയുണ്ട്—വിദ്യാലയവർഷത്തിന്റെ അവസാനമാകുന്ന ഈ അവസരത്തിൽപോലും സ്വസ്ഥമായി വിദ്യാലയങ്ങളിലിരുന്ന് കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാൻ കഴിയാത്ത ഒരുസാഹചര്യം നിലവിലുള്ളത് ഈ നിയമസഭാസമ്മേളനംതീരുന്നതിനു മുമ്പെങ്കിലും പരിഹരിക്കണമെന്ന്, അതിനുവേണ്ടി കുറെ സമയം മാററി വയ്ക്കണമെന്നുള്ള ഒരു നിർദ്ദേശം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാരോടും ബഹുമാനപ്പെട്ട മന്ത്രിയോടും എനിക്കുണ്ട്. 'much may be said on the both sides' എന്ന് അഡിസന്റെ 'The Spectator' ലെ സർറോജർഡികവർലി പറഞ്ഞതുപോലെയുള്ള വിദഗ്ദ്ധാഭിപ്രായമാണ് എനിക്ക് പറയാൻ തോന്നുന്നത്. എന്നാൽകൂടി ഇതിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരിശോധിച്ച് ചെയ്യണം. നിവേദനങ്ങളുടെ കാര്യം ആദ്യം പറഞ്ഞുകൊണ്ട് തുടക്കത്തിൽ അനുഷ്ഠിക്കേണ്ട സരസ്വതി ഗണപതി വർണ്ണന കഴിഞ്ഞുവെന്നുള്ള വിശ്വാസത്തോടുകൂടി എനിക്ക് പറയാനുള്ള കാര്യങ്ങളിലേക്ക് കടക്കുകയാണ്.

നമ്മുടെ വിദ്യാഭ്യാസകാര്യങ്ങളെസംബന്ധിച്ച് കഴിഞ്ഞ ബഡ്ജററിന്റെ കാലഘട്ടത്തിൽ ഇവിടെനിന്നുകൊണ്ട് ഞാൻ കുറെകാര്യങ്ങൾ പറഞ്ഞു. അതൊന്നും ആവർത്തിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. ഇന്ന് വളരെയേറെ ആളുകൾ ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഇതു പരക്കെ ആലോചിക്കേണ്ട ഒരു വിഷയമായി അംഗീകരിക്കപ്പെട്ടുകാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. സർ, വിദ്യാഭ്യാസരംഗത്തുള്ള അസ്വസ്ഥത മാററാനും വിദ്യാഭ്യാസം കുറെക്കൂടി ചിട്ടപ്പെടുത്തുന്നതിനും സ പുഷ്ടത ഉണ്ടാക്കുവാനും ശ്രമിക്കണം. പണ്ടൊരു സൈന്യാധിപൻ പറഞ്ഞതുപോലെ ഫ്രാൻസിനെ പിടിച്ചടക്കേണ്ടത് അമേരിക്കയുടെ സമതലങ്ങളിലാണ് നമ്മുടെ വിദ്യാഭ്യാസത്തെസംബന്ധിച്ചും എനിക്ക് മററുളവരോട് പറയാനുള്ളത് ഇതു മാത്രമാണ്. ഈ രംഗത്ത് കാര്യമായ പ്രയോജനം വിദ്യാഭ്യാസപരിഷ്ക്കാരംകൊണ്ടുണ്ടാകുണമെങ്കിൽ ഇന്ന് ചെയ്യേണ്ടത് വിദ്യാഭ്യാസരംഗത്ത് ശ്രദ്ധിക്കുകയല്ല, മറിച്ച് കാർഷിക വ്യാവസായിക രംഗത്ത് ശ്രദ്ധിക്കുകയാണ് വേണ്ടത്. എക്കണോമിക് റിവ്യൂ 1969 പ്രസിദ്ധപ്പെടുത്തിയ കുറെ വിവരങ്ങൾ ശ്രീമാൻ ചന്ദ്രസേനൻ നമ്മുടെ സഭയിൽ വായിച്ചു കേൾപ്പിക്കുകയുണ്ടായി. അതിന്റെ വേറൊരു ഭാഗത്ത് പറഞ്ഞിട്ടുണ്ട് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ തോത് കുറഞ്ഞിരിക്കുന്നുവെന്ന്. ഇന്നു വിദ്യാഭ്യാസരംഗത്ത് ശുദ്ധവിജ്ഞാനത്തിനുള്ള പ്രാധാന്യം, ഹുമാനിററീസിനുള്ള പ്രാധാന്യം മാററിവച്ചിട്ട് വർക്ക് ഓറിയെൻറഡ് അതായത് സാങ്കേതികചായ്വുള്ള, അഭിരുചിയുണ്ടാക്കാനുള്ള പരിഷ്ക്കാരങ്ങൾ വേണമെന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടുകാണുന്ന ഒരു പ്രവണത. ആ പ്രവണത പരിസരബോധനം കൂടാതെ ഈ രാജ്യത്തു അംഗീകരിക്കുന്നതിൽ അർത്ഥമില്ലായെന്ന് വളരെ ഖണ്ഡിതമായി പറയാൻ ഞാനാഗ്രഹിക്കുന്നു. മുൻപു ഈ വിദ്യാഭ്യാസത്തിൽ ഏററവും സുരക്ഷിതമായി കണ്ടുകൊണ്ടിരുന്നത് എൻജിനീയറിംഗിനും മെഡിസിനും പോകുകയെന്നുള്ളതാണ്. അവിടെ നിന്നും കിട്ടുന്നത് മാനവരാശിക്കും മനുഷ്യസമൂഹത്തിനാകെതന്നെയും മഹത്തായ പ്രയോജനം ചെയ്യുന്നതിന് ഒരു അവന്യൂതുറന്നു കിട്ടുന്നുയെന്നുള്ളതുകൊണ്ട് സേവനതൽപ്പരതയോടുകൂടി അവിടെ ഇറങ്ങിക്കയറുകയെന്നുള്ളതല്ല. സാങ്കേതിക ജ്ഞാനത്തോടും വിദ്യാഭ്യാസത്തോടുമുള്ള പ്രേമംകൊണ്ടുമല്ല ജീവിത സുരക്ഷിതത്വബോധം ഒന്നു മാത്രമായിരുന്നു. ഇന്നു നമ്മുടെ ഗവൺമെൻറിന്റെ റിപ്പോർട്ടിൽ കാണുന്നതുപോലെ സാങ്കേതികസ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ കാണുന്ന കുറവ് ഈ രാജ്യത്തെ സാമ്പത്തികരംഗത്ത് അവർ ഗതിമുട്ടി നിൽക്കുന്നുവെന്നുള്ളതിന

LIBRARY ARCHIVES Kerala Legislative Assembly

തെളിവാണ്. എല്ലാ തുറകളിലും ഇതു സംഭവിച്ചിട്ടുണ്ട്. ഒരു രാജ്യത്തിന്റെ സാമ്പത്തികരംഗം കാർഷികവ്യവസായിക മേഖലകൾ ഇവ സമഞ്ജസമായി സമ്മേളപ്പിച്ച്, യോജിപ്പിച്ച് ഒരേതരത്തിലുള്ള പുരോഗതി രണ്ടിനും ഉണ്ടാക്കാൻ കഴിയുന്നില്ലെങ്കിൽ ആ രാജ്യത്തിന്റെ സമ്പദ്ഘടന അശാസ്ത്രീയമായിത്തീരുകയും അപകടത്തിൽ കലാശിക്കുകയും ചെയ്യും. നമ്മുടെ രാജ്യം ഈ ഒരു പ്രശ്നത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ് ഭാരതത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നമ്മുടെ സമൂഹത്തെ കൂടുതൽ ബാധിക്കുന്ന ഈ വിദ്യാഭ്യാസരംഗത്തുള്ള പുരോഗതി നമുക്ക് കൂടുതൽ നേടാൻ കഴിഞ്ഞുയെന്നുള്ളതാണ് സത്യം—. കൂടുതൽ നേരത്തെ ആ നിലനേടാൻ കഴിഞ്ഞ നമുക്ക് കൂടുതൽ നേരത്തെ ആ ശാസ്ത്രീയമായ വികാസത്തിന്റെ അപകടഫലങ്ങളും ദുരന്തങ്ങളും ഉണ്ടായി തുടങ്ങിയിരിക്കുന്നു. അങ്ങനെ സാങ്കേതിക വിദ്യാഭ്യാസംകൊണ്ടുപോലും ഈ രാജ്യത്തു ജീവിതസുരക്ഷിതത്വം നേടാൻ കഴിയുന്നില്ലായെന്നു ഒരു ബോധം നമ്മുടെ വിദ്യാർത്ഥികളുടെയിടയിലും രക്ഷിതാക്കളുടെയിടയിലും വന്നിട്ടുണ്ട്. ആ ബോധം മാററിയെടുക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ ശാസ്ത്രജ്ഞാനം വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളെല്ലാം വൃഥാവിലാകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. പരിസരബോധമില്ലാതെയുള്ള സമീപനം ഒരു പ്രശ്നത്തിനും ന്യായമായ പ്രയോജനകരമായ പരിഹാരം കണ്ടെത്തുവാൻ സഹായിക്കുകയില്ല. ഒരു സാഹചര്യത്തിൽ, ഒരു രാജ്യത്തെ ഒരു പ്രത്യേക കാലഘട്ടത്തിൽ വളരെ പ്രയോജനകരമാണെന്ന് ആരോ എവിടെയോ തീരുമാനിക്കപ്പെട്ട കുറെ കാര്യങ്ങൾ കുരങ്ങിന്റെ അനുകരണവാസനയോടുകൂടി കാലാകാലങ്ങളിൽ അനുകരിക്കാൻ ശ്രമിക്കുന്ന പ്രവണത ഈ രാജ്യത്തെ പല രംഗങ്ങളിലും എന്നപോലെ വിദ്യാഭ്യാസരംഗത്തും പല അപകടങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. വർക്ക് ഓറിയൻറഡ് എന്നെല്ലാം പറയുന്നത് ഭ്രാന്തമായ അപകടങ്ങളിൽ കൊണ്ടെത്തിക്കും. സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കാതെ ഹുമാനിററീസിന് കൂടുതൽ പ്രാധാന്യം കൊടുത്ത് ഇവ തമ്മിലുള്ള പരസ്പര വികാസത്തിന്റെ ആക്ഷേപികാനുപാതബന്ധം തകർക്കണമെന്നു പറയുകയല്ല. ഈ രംഗത്ത് നമുക്ക് പ്രയോജനകരമായ പരിവർത്തനം വരുത്തണമെങ്കിൽ, വിദ്യാഭ്യാസത്തിലുള്ള മാററം സാമൂഹ്യജീവിതത്തിൽ പ്രയോജനകരമായിത്തീരണമെങ്കിൽ, അത് ഈ രാജ്യത്തിന്റെ പൊതു ആവശ്യത്തിനുതകുന്നവയായി പരിണമിക്കണമെങ്കിൽ അതിനാവശ്യമായ രീതിയിൽ സാമ്പത്തികരംഗം ശുദ്ധമാക്കണം. നമ്മുടെ കാർഷിക വ്യാവസായികമേഖലകളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട്, വ്യാവസായികവികസനം കൂടുതൽ ത്വരിതപ്പെടുത്തികൊണ്ട് വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോടും ഈ ഗവൺമെൻറിനോടും അഭ്യർത്ഥിക്കാനുള്ളത്. അതല്ലാതെ വിദ്യാഭ്യാസം മാത്രമായി മൊത്തത്തിലുള്ള രാഷ്ട്ര ശരീരഘടനയിൽനിന്നും ഒററപ്പെടുത്തി പ്രത്യേകമായി കണ്ടുകൊണ്ട് ചില പരിഷ്കാരങ്ങൾ വരുത്താൻ ശ്രമിക്കുകയും വിപ്ലവകരമായ മാററങ്ങൾ വരുത്താൻ ആഗ്രഹിക്കകയും ചെയ്യുന്നത് അർത്ഥശൂന്യമായ വൃഥാവ്യയമായി മാത്രം കലാശിക്കും. സെക്കണ്ടറി വിദ്യാഭ്യാസമായാലും യൂണിവേഴ്സിററിവിദ്യാഭ്യാസമായാലും എല്ലാം ഇതുതന്നെയാണ് ഗതി. ഈ സെക്കണ്ടറി വിദ്യാഭ്യാസത്തോടുകൂടി തന്നെ ഒരു വിദ്യാർത്ഥിക്ക് അവന്റെ ലോകജീവിതത്തിന് ആവശ്യമായ വിജ്ഞാനത്തിന്റെ അടിത്തറ പാകി അവന് അവന്റെ ജീവിതത്തിലേക്ക് ഇറങ്ങി ചെല്ലാൻ തയ്യാറാകണമെന്നുള്ളതിനെസംബന്ധിച്ചിടത്തോളം സംശയമില്ല. പക്ഷേ അതുകൊണ്ട് അവൻ എവിടെയാണ് ചെല്ലേണ്ടത്. ഏതു തുറയിലേക്ക് ചെല്ലണമെന്നാ പറയുക. ഇവിടെ ലാസ്ററുഗ്രേഡ് ജീവനക്കാരുടെ അപേക്ഷ ക്ഷണിച്ചാൽ എം. എ. ക്കാരന്റെ അപേക്ഷകൾ വരുമെന്നുള്ളതിന് യാതൊരു സംശ

യവുമില്ല. ഇഞ്ചിനിയറിംഗ് പാസ്സായിട്ടുള്ള ആളുകൾ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പോസ്റ്റിനു അപേക്ഷിച്ചിട്ടുള്ള കാര്യം നമുക്കറിയാം. മെഡിക്കൽ വിദ്യാർത്ഥികളുടെ കഥയെന്താണ്? ആ ഡിഗ്രി സമ്പാദിച്ചിട്ടുള്ള ആളുകൾ ഈ രാജ്യത്ത് അനാഥപ്രേതംപോലെ അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. തെക്കേഇൻഡ്യയിൽ എഞ്ചിനിയറിംഗും മെഡിസിനും പാസ്സായിട്ടുള്ളവരുടെ ഒരു കണക്ക് പ്രസിദ്ധപ്പെടുത്തികണ്ടു. ഇത് അലാമിംഗ് ആണ്. ഈ രീതിയിൽ കൂടുതൽ ആളുകളെ അഭ്യസ്തവിദ്യരായി പുറത്തു ഇറക്കുന്നതിന്റെ അപകടം കണ്ടുകൊണ്ട് ഇത് ആരോഗ്യകരമായ ഒരു സമീപനമാണെന്ന് എനിക്കഭിപ്രായമില്ലെങ്കിലും ആ ബിരുദധാരികൾ ഈ കോഴ്സുകൾ കുറെക്കാലത്തേക്കു നിറുത്തണമെന്നു, ഒരു മോറോട്ടോറിയം കൊടുക്കണമെന്നുള്ള ഡിമാൻറുമായി രംഗത്തു വന്നിട്ടുണ്ട്. ഞാൻ ഇതിനെ അനുകൂലിക്കുകയല്ല. പക്ഷേ ഇത് ഈ പ്രശ്നത്തെക്കുറിച്ചുള്ള ഗൗരവതരമായ വിരൽ ചൂണ്ടലാണെന്നു നമുക്ക് കാണാൻ കഴിയണം. ആ ഒരു സമീപനത്തോടുകൂടി നമ്മുടെ വിദ്യാഭ്യാസരംഗത്തെ കാണണമെന്ന് എനിക്കപേക്ഷയുണ്ട്. സർ, സാധാരണ എല്ലാ പേരും ഈ വിദ്യാഭ്യാസത്തിന്റെ പ്രൈമറി ഘട്ടം മുതൽ മെഡിക്കൽ ഘട്ടംവരെയുള്ളതിനെപ്പററി ചിന്തിക്കാറുണ്ട്. ഇതിനെക്കാൾ ഗൗരവബുദ്ധിയോടുകൂടി കാണേണ്ട മറെറാന്നുണ്ട്. അതു കൊച്ചുകുട്ടികളുടെ നേഴ്സറി വിദ്യാഭ്യാസമാണ്. യൂണിവേഴ്സിററി വിദ്യാഭ്യാസരംഗത്തും പ്രൈമറി വിദ്യാഭ്യാസരംഗത്തും കാണുന്ന ഈ വ്യഗ്രതയെക്കാൾ വളരെക്കൂടുതൽ വ്യഗ്രതയോടുകൂടി, ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു രംഗമാണ് നേഴ്സറി. നമ്മുടെ പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങൾ ഇതിന്റെ ചുമതല ഏറെറടുക്കണം. ഗവൺമെൻറിന് മുഴുവൻ ഭാരവും ഏറെറടുക്കാൻ സാധ്യമല്ല. I do not want it to be the last straw that breaks the camels back എനിക്കു അഭിപ്രായമില്ല. പക്ഷേ ആ രംഗം ശ്രദ്ധിക്കാതെ പോയാൽ ഉള്ള ദോഷം ഇതു ശ്രദ്ധിക്കുന്ന രാജ്യങ്ങളിലെ പ്രൈമറി സെക്കണ്ടറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ സ്ററാൻേറർഡും നമ്മുടെ രാജ്യത്തിലെ വിദ്യാർത്ഥികളുടെ സ്ററാൻഡേർഡും തമ്മിൽ തട്ടിച്ചു നോക്കിയാൽ മനസ്സിലാക്കാൻ കഴിയും. ഈ പരിതഃസ്ഥിതിയിൽ നമ്മുടെ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാം നേഴ്സറിസ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തണമെന്നുള്ള ഒരു മാൻഡേററി പ്രൊവിഷൻ ഉൾക്കൊള്ളിച്ച് ഇക്കാര്യം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത്രയും മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു. സമഗ്രമായ ഒരു കാഴ്ചപ്പാടോടുകൂടി ഈ വിദ്യാഭ്യാസരംഗം അതു പ്രൈമറിരംഗമായാലും സെക്കണ്ടറി രംഗമായാലും യൂണിവേഴ്സിററിരംഗമായാലും അദ്ധ്യാപകനായാലും നോൺടീച്ചിംഗ് സ്ററാഫ് ആയാലും വിദ്യാർത്ഥിയായാലും ഇതിനെയെല്ലാം ഒന്നിച്ച് ഒരേയൊരു വസ്തുവായി കണ്ടിട്ട് ആ നിലയിൽ ഈ പ്രശ്നത്തെ സമീപിക്കുകയും ഒരോന്നിനെയും അടർത്തിയെടുത്തു പ്രത്യേകം പ്രത്യേകമായി കാണുന്ന സമീപനം മാററുകയും ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽ കൂടി പിൻതാങ്ങുന്നു.

Shri U. P. Kunikullaya: Sir, before dealing with the Demands relating to Education Department I would like to mention certain other points, I have been reading interesting news in the various papers, so many speculations have been made by the press regarding toppling of the present Government etc. And today's Indian Express carried a news item saying that the Karnataka Samithi Members are sitting on the fence. Well, whether it is a mistake on the part of the correspondent to say that we are

LIBRARY ARCHIVES Kerala Legislative Assembly

sitting on the fence or not; one thing is clear that we are near the fence. It might have been misunderstood that we are sitting on the fence. Everybody knows that our desire is to cross this fence and go and sit in the Mysore Assembly, if possible. And I request the hon. Members of this House to help us to cross this fence so that we can go and sit in the Mysore Assembly, otherwise we will be constrained to break it and go. Another aspect is, for the time being, there cannot be any change, so long as this Government does not act in any way detrimental to our cause or interest. The day it is done, we will be constrained to break and change our front.

Another thing is; the other day, on Monday, last; the hon. Chief Minister made a statement on the floor of this House in reply to a question regarding the Kasaragod issue. Some papers have published some distorted version of the statement that the Kasaragod question does not arise at all. I have only a little knowledge of Malayalam and with my limited knowledge what I understood was that the Chief Minister said the doors were still open for negotiations. He wanted the people not to give any call for violent agitations as regards this issue and he has assured that this issue will be settled peacefully just like the Kerala and Madras Governments have been able to settle the river water dispute. That is a welcome sign as far as I am concerned. I firmly stand for the implementation of the Mahajan Commission Report regarding Kasaragod with Mysore and I would not budge an inch from it. Of course I would have reacted sharply, if the Chief Minister has stated that once and for all the question of Kasaragod is closed and that would have been a breaking point as far as I am concerned. Now I am happy to not that the doors are open for negotiations. I hope that the settlement will be in favour of the Kasaragod people who have been aspiring for the past so many years that the Kasaragod area should be merged with Mysore. We have not created any violent agitations, not called for any sort of agitations, nor have we resorted to violent methods viz. burning of buses, post-offices and killing of innocent people etc., so far. We have been carrying on agitations in the most democratic way, in the most constitutional way and we have been expressing our desires and aspirations in the various elections and through various Panchayat Boards, which have passed resolutions demanding the merger of Kasaragod with Mysore. Our aim is not to create a tense situation in that area where the Malayalees and Kannadigas live in peace; they have to live there for ever in cordial relationship as brothers. We have been living there for centuries like brothers and we have to live there for centuries together, hereafter also. We cannot ask the Keralites to quit that area and go to Kerala, likewise we cannot ask the Kannadigas to quit Kasaragod and go to Mysore. We have to live there as brothers.

My humble request is not to create a tense situation there, by inciting the sentiments of the people there and it is a well known fact that only through peace we can achieve progress or any settlement. Under these circumstances, my request is especially to the hon. Chief Minister to issue a clarification if possible because I don't want that he should contradict to what he has stated in the Assembly, but at least the official version of the text of his speech made in the House regarding the Kasaragod issue may be

LIBRARY ARCHIVES Kerala Legislative Assembly

published in all papers so that the distorted news that has created some feeling in that area can be set right.

Coming to the educational field, my earnest request to the hon. Minister for Education is that so long as we are here, our sentiments have to be respected and all facilities to the linguistic minorities in the matter of education must be given. No doubt, I express my gratitude to the Education Minister and to the Calicut University for opening Post-graduate degree course in Kannada in the Government College at Kasaragod. At the same time, there are so many matters which requires attention by this Government.

For example for the linguistic minority people in that area, the only college for higher education is the Government College at Kasaragod, which has not been able to meet the entire demands of the students. viz. the various subjects that they want to study like Chemistry, Zoology, Biology and so many other subjects, which are the needs of the students. In the last year's budget, I have seen that a sum of Rs. 9,70,000 have been allotted for the purpose of constructing additional buildings in the Government College, Kasaragod. But to my utter regret, I am surprised to note, that that provision is deleted from the list. I do not know the reason why that has been done. I request the Education Minister to rectify the mistake that has been done in the present Budget proposals. It may be noted that due to the lack of accommodation no new courses have been started there. The consequences will be that our students who are nearly 35,000 studying in Kannada medium will have to go outside the State for higher education. When they go outside they will be treated as foreigners and when they come to the South, they will not be able to understand the language and other things and they have to suffer great difficulties. Under these circumstances, I request the hon. Minister for Education to open new courses in the Government College, Kasaragod also, and sanction immediate construction of additional buildings.

Now Sir, on a perusal of the Budget proposals, I can see that it does not include any provision for new school buildings in Kasaragod, no new courses to be started in the Government College, Kasaragod and that no new schools are going to be sanctioned. It is a well known fact that Kasaragod is educationally backward, and considering the extent of that area having 386 sq. miles consisting of 80 villages, where communication facilities are lagging the students are not able to get proper education. So more number of U. P., L. P. and High Schools are to be opened there. I hope this Government will do justice to my people. If it is not possible this year, at least in the coming year, we can expect that taking into account the interest of the linguistic minorities some schools essentially required for that area are sanctioned.

Regarding certain Government Orders, facilitating the linguistic minority people to get promotion to some posts, I have to state this. We know in Kasaragod, Kannada knowing officers are to be posted. The former Government have issued various orders saying that even though a Kannada man is not senior in rank, he can be promoted to the post and appointed.

2/3022/MC

LIBRARY ARCHIVES Kerala Legislative Assembly

To my utter regret, I am sorry to find that the Government Orders intended to confer benefits to Kannadigas are misinterpreted and the Government is trying to circumvent that by saying that only Kannada knowing people will be appointed. By giving a monetary incentive of Rs. 25 to persons who do not know Kannada to study that language and asking them to undergo some simple test in Kannada, and then promoting them to such posts, the opportunity that was available to Kannada personnel is being deprived. This is not fair on the part of this Government.

Regarding the preparation of Kannada text books, so far this Government is seeking the help of Mysore people. I requested the Education Department to form a Committee consisting of educationalists from Kasaragod area. I learn that so far they have not been entrusted with the work of preparation of text books.

Sir, regarding the delay in disposal of papers, in the Education Department, like fixation of pay, confirmation of seniority, condonation of break in service etc., in spite of repeated representations, they have not been disposed of. I request the Education Minister to see that papers are not delayed for long resulting the teacher population to suffer thereby.

I request that justice may be shown towards the linguistic minorities by paying immediate attention to their just demands.

Thank you.

<u>ശ്രീ. എൻ. വാസുദേവൻ പിള്ള:</u> സർ, ഞാൻ ഈ ഡിമാൻറുകളെ എതിർക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസസംപ്രദായത്തെകുറിച്ചും അതു പോലെതന്നെ ഇന്നു നടപ്പിലാക്കികൊണ്ടിരിക്കുന്നു എന്നു പറയുന്ന ഭരണപരിഷ്ക്കാരങ്ങളെക്കുറിച്ചെല്ലാം വളരെയേറെ അഭിപ്രായഭിന്നതകളുണ്ട്. അധ്യാപനരീതിയെസംബന്ധിച്ചിടത്തോളം നമ്മുടെ ആളുകളുടെ ഇടയിൽ തന്നെ വളരെയേറെ ഉൽക്കണ്ഠയുണ്ട്. ഇതൊരു തരം ജീവനില്ലാത്ത യാന്ത്രികമായ ഒരു പ്രക്രീയപോലെയായിത്തീർന്നിട്ടുണ്ടെന്നും നമ്മുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് പററിയവിധത്തിലല്ല ഇപ്പോഴും ഈ ഭരണപരിഷ്ക്കാരങ്ങൾ നടത്തുന്നതെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഇവിടെ നേരത്തെതന്നെ പല സ്നേഹിതൻമാരും പറയുകയുണ്ടായി വിദ്യാഭ്യാസസംപ്രദായത്തിൽ വളരെയേറെ മാററങ്ങൾ വരുത്തിയിട്ടുണ്ടെന്ന്. നമ്മുടെ ധനകാര്യമന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിലും പുതിയപുതിയ ചില സ്കീമുകളെല്ലാം ഇറക്കിവിടാൻ ആഗ്രഹിക്കുന്നുണ്ടെന്നു എല്ലാം പറഞ്ഞിട്ടുണ്ട്. പക്ഷേ ഇതു വസ്തുതകളുമായി പൊരുത്തപ്പെട്ടുന്നവയാണോ എന്ന് പരിശോധിച്ചു നോക്കണം. ഇതിൻെറ എല്ലാ കാര്യങ്ങളെസംബന്ധിച്ചും ഞാൻ സംസാരിക്കുന്നില്ല. എല്ലാ രംഗത്തും ഞാൻ കടക്കുന്നില്ല. എങ്കിലും പത്താം സ്ററാൻേറർഡുവരെയുള്ള കുട്ടികളുടെ വളർച്ചയെസംബന്ധിച്ചിടത്തോളം, അവരുടെ പുരോഗതിയെസംബന്ധിച്ചിടത്തോളം നാം പരിശോധിച്ചു നോക്കിയാൽ ഇത് സത്യവുമായി ബന്ധമില്ലാത്ത ഒരു കാര്യമാണെന്ന് മനസ്സിലാകും. നമ്മുടെ രാജ്യത്തെ വരുമാനത്തിൻെറ ഏതാണ്ട് സിംഹഭാഗം (പകുതിയിൽ കൂടുതലും നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസചെലവിനുവേണ്ടി നീക്കിവയ്ക്കേണ്ടിവരുന്ന ഒരു പരിത:സ്ഥിതിയിൽ) വളരെയേറെയൊന്നും ആകാംക്ഷിക്കാൻ കാര്യമില്ലെങ്കിലും ഈ തുക എത്രകണ്ട് ഫലപ്രദമായ രീതിയിൽ, രാജ്യത്തിന് ഗുണകരമായ രീതിയിൽ നമ്മുടെ കുട്ടികളുടെ വർളർച്ചയ്ക്കു അനുസൃതമായ രീതിയിൽ മാററാൻ കഴിയുന്നുണ്ടോയെന്നുള്ളത് നാം പരിശോധിക്കണം

LIBRARY ARCHIVES Kerala Legislative Assembly

എത്രകണ്ട് നാം എന്തെല്ലാം പരിഷ്കാരങ്ങൾ പറഞ്ഞാലും അതു കഴിയുകിലെന്നുള്ളത് ഒരു വസ്തുതയാണ്. ചിലപ്പോൾ പറയും അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവരുടെ ഇന്നത്തെ സാങ്കേതിക വിജ്ഞാനത്തിൽ കുറവുണ്ടെന്ന്. അതല്ലെങ്കിൽ മറെറാരു കാര്യം പറയുന്നത് വിദ്യാർത്ഥികൾ മോശക്കാരാണ് പുവർ സ്ററഫ് ആണ് എന്നാണ്. അതുകൊണ്ടാണ് വിദ്യാഭ്യാസംതകർച്ച സംഭവിച്ചിട്ടുള്ളതെന്നു പറയാറുണ്ട്. അതല്ലെങ്കിൽ രക്ഷിതാക്കൻമാരെസംബന്ധിച്ചിടത്തോളം അവർ വിവരമില്ലാത്തവരാണെന്നു പറയും. ഈ മൂന്നു കാര്യങ്ങളും പറഞ്ഞിട്ടു കാര്യമില്ല. നമ്മുടെ വിദ്യാഭ്യാസസംപ്രദായത്തെ സംബന്ധിച്ചിടത്തോളം നമ്മൾ പരിഷ്കരിക്കുന്നു പരിഷ്കരിക്കുന്നു എന്നുപറഞ്ഞാൽ ആ പരിഷ്കാരം എത്രകണ്ടു നമ്മുടെ കുട്ടികളുടെ വളർച്ചയ്ക്കു ഉപയുക്തമാകുന്നോ, ഉപകാരപ്പെടുന്നോ എന്നുള്ളത് നാം പരിശോധിച്ചു നോക്കണം. ഉദാഹരണമായിട്ട് പറഞ്ഞാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെസംബന്ധിച്ചിടത്തോളം നല്ല സ്ക്കൂളുകൾ അന്വേഷിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. തിരുവനന്തപുരം സിററിക്കകത്തുതന്നെ മോഡൽസ്ക്കൂളും അതുപോലെയുള്ള മററു ചില സ്ക്കൂളുകളും അന്വേഷിച്ചു പോകുന്ന ആളുകളുണ്ട്. കാരണം നല്ല സ്ക്കൂളുകളാണെന്നാണ് പറയുന്നത്. ഈ നല്ല സ്ക്കൂളുകളിൽ പഠിക്കാൻ കഴിയുന്ന കുട്ടികളെ സംബന്ധിച്ചു മററു സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ നിലവാരവും നാം പരിശോധിക്കുന്നതു നന്നായിരിക്കും.

അങ്ങനെ വിദ്യാഭ്യാസമണ്ഡലത്തിൽതന്നെ രണ്ടുതരം വിദ്യാലയങ്ങൾ ഉണ്ടായിരിക്കുകയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു തരം വിദ്യാർത്ഥികളെയാണ് വാർത്തെടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഇതിൽ ഒരു വൈരുദ്ധ്യം കാണുന്നില്ലേയെന്ന് നാം ആലോചിക്കണം. നമ്മുടെ ഇവിടെതന്നെ എത്രയോ സ്ക്കൂളുകളുണ്ട്. മോഡൽ സ്ക്കൂൾ സെൻറു ജോസഫ് സ്ക്കൂൾ ഇങ്ങനെ പല തരത്തിലുള്ള സ്ക്കൂളുകളുണ്ട്. നല്ല സ്ക്കൂളുകളിൽ വലിയ ആൾക്കാരുടെ മക്കളെ പഠിപ്പിക്കുന്നു, മോശപ്പെട്ട സ്ക്കൂളുകളിൽമാത്രമേ പാവപ്പെട്ടവൻെറ കുട്ടികളെ പഠിപ്പിക്കാൻ പററുകയുള്ളു. ഇങ്ങനെയൊക്കെ നിലവിലിരിക്കുമ്പോൾ പുരോഗതിയുണ്ടായി എന്നു പറയുന്നതിൽ അർത്ഥമില്ല. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന പള്ളിക്കൂടങ്ങളിൽ അറുപതും എഴുപതും കുട്ടികൾ കാണും. അവർ പഠിക്കുന്ന പള്ളിക്കൂടങ്ങളാണെങ്കിൽ വളരെ മോശപ്പെട്ടതുമായിരിക്കും. സ്ക്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ മുൻപു ഒരു സ്കീമുണ്ടായിരുന്നു അതനുസരിച്ചുള്ള കെട്ടിടങ്ങളുടെ ബേസ്മെൻറ് നല്ല ഉറപ്പുള്ളതും മേൽക്കൂര മാററിവയ്ക്കാവുന്ന നിലയിലുള്ളവയുമായിരുന്നു. അതു ഇപ്പോൾ നടക്കുന്നില്ല. വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളത്.

പുരോഗമനത്തിൻെറ കാര്യം പറയുമ്പോൾ ടെക്സ്ററു ബുക്കിൻെറ കാര്യം കൂടി നാം ഓർമ്മിക്കേണ്ടതാണ്. മുൻപുണ്ടായിരുന്ന ടെക്സ്ററു ബുക്കുകൾ മാററുകയെന്നത് ഒഴിച്ചാൽ അതു ആകർഷകമാക്കിത്തീർക്കുന്നതിനോ വിജ്ഞാനപ്രദമാക്കിത്തീർക്കുന്നതിനോ പരിശ്രമിച്ചിട്ടില്ല. രോഗി ഡാക്ടറെ സമീപിച്ചാൽ കിട്ടുന്ന ആശ്വാസംപോലെ അദ്ധ്യാപകനെ സമീപിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തുപകർന്നുകൊടുക്കാൻ കഴിയും ഒരു അദ്ധ്യാപകന് ഇന്നത്തെ ടെക്സ്ററു ബുക്കുകൾ വച്ചുകൊണ്ട് എന്നു നാം ആലോചിക്കണം. ഇന്നു പുസ്തകങ്ങളിൽ എന്താണുള്ളത്. അത് ആരാണ് നിർമ്മിക്കുന്നതെന്നറിയാമോ? ഗവൺമെൻറു കുറെ ആളുകളെ വിളിക്കും എന്നിട്ട് ഒരു ലിററി വർക്ഷാപ്പുപോലെ നിങ്ങൾ കുറെ പുസ്തകം ഉണ്ടാക്കിത്തരണമെന്നു പറയും. എന്നാൽ ഇതൊരു സ്പെഷ്യലിസ്ററു ജോബാണ്. ഇതു ആദാ

LIBRARY ARCHIVES Kerala Legislative Assembly

യകരമായ ഒരു ബിസിനസ് എന്ന നിലയിൽ, വ്യവസായമെന്ന നിലയിൽ വിട്ടുകൊടുക്കുന്ന സംപ്രദായം ഒരിക്കലും അനുവദിക്കാൻ പാടില്ല. ഇന്ന് അത്രമാത്രം നമ്മുടെ വിദ്യാഭ്യാസരംഗം അധഃപതിച്ചിട്ടുണ്ട് എന്നാണ് എനിക്കു പറയാനുള്ളത്.

മറ്റൊരു കാര്യം എനിക്കു പറയാനുള്ളത് വിദ്യാഭ്യാസസംപ്രദായത്തിൽ ഇപ്പോൾ വരുത്തിയിട്ടുള്ള സമയപരിഷ്ക്കാരമാണ്. വിദ്യാലയങ്ങൾക്കു കൊടുത്തിട്ടുള്ള അവധി, ഒഴിവുകാലത്തെസംബന്ധിച്ച് ഒന്നു പുനഃപരിശോധനചെയ്യണമെന്നു എനിക്ക് അഭിപ്രായമുണ്ട്. മേയ്മാസമെന്നു പറയുന്നത് ഏററവും ചൂടുള്ള കാലമാണ്. ആ സമയത്ത് പള്ളിക്കൂടം നടത്തുകയെന്നാണ് പറയുക. മഴകാരണമാണ് ഇപ്പോഴത്തെ പരിഷ്ക്കാരം വരുത്തിയത്. ജൂൺ മാസം മഴക്കാലമാണ്. നേരെമറിച്ച് മേയ്മാസമാണെങ്കിൽ കണ്ടേജിയസ് ഡിസീസിൻെറ, പകർച്ചവ്യാധികളുടെ കാലഘട്ടമാണ്. അത്യധികമായ ചൂടുള്ള ഈ കാലത്ത് നമ്മുടെ പിഞ്ചു കുഞ്ഞുങ്ങളെ പള്ളിക്കൂടത്തിലേയ്ക്കു പറഞ്ഞയക്കണമെന്നാണ് പറയുന്നത്. നമ്മുടെ വിദ്യാഭ്യാസമന്ത്രിയും അതുപോലെതന്നെ നമ്മുടെ വിദ്യാഭ്യാസധുരന്ധരൻമാരും ഈ സ്ക്കൂളുകളിൽ ഈ കാലത്ത് ഒന്നു പോയി ഇരുന്നു നോക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. മേയ്മാസത്തിൽ അതിനകത്ത് ഇരിക്കാൻ പററുകയില്ല. ആ പരിഷ്ക്കാരം ശരിയുമല്ല. കാററു എന്നു പറയുന്നത് എപ്പോഴും ഉണ്ടാകും. ഇവിടത്തെ വിദ്യാഭ്യാസ മന്ത്രിയോ ഇവിടത്തെ ഗവൺമെൻേറാ ഒരു ആർഡർഇട്ടാൽ കാററിനെമാററാനും മഴയെമാററാനും സാധിക്കുകയില്ല. സീസൺ മാറിക്കൊണ്ടിരിക്കും. അതുകൊണ്ട് മഴക്കാലത്തുമാത്രമേ കെട്ടിടം ഇടിഞ്ഞു വീഴുകയുള്ളു എന്നു വിചാരിക്കുന്നത് തെററായിരിക്കും. പെട്ടെന്നുണ്ടാകുന്ന ഒരു കാററിൻെറഫലമായിട്ടും കെട്ടിടം ഇടിഞ്ഞുവീഴാം. അതുകൊണ്ട് കൺസ്ട്രക്ഷൻ കാര്യത്തിലും കൂടുതൽ നല്ല കെട്ടിടങ്ങൾ നിർമ്മിക്കുന്നകാര്യത്തിലും ശ്രദ്ധിക്കുകയാണുവേണ്ടത്. ഒരു മാസത്തെ അവധി പിന്നെ ഒരു മാസത്തെ പഠിത്തം വീണ്ടും ഒരുമാസത്തെ അവധി ഇത് ഒന്നു പുനഃപരിശോധിക്കുകതന്നെ വേണം.

അടുത്തതായി യൂണിററു സിസ്ററത്തെപ്പററിയാണ് എനിക്കു പറയാനുള്ളത്. നമുക്കു ഇന്നു ഇവിടെ യൂണിററു സിസ്ററത്തിൽ എന്താണ് സംഭവിച്ചിരിക്കുന്നതെന്നു ആലോചിക്കണം. വിദ്യാഭ്യാസവകുപ്പിൻെറ മേധാവികളും ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും ഈ കാര്യത്തെപ്പററി ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കമ്പോസിററ്യൻ പേപ്പറിൻെറ കാര്യവും നാം ആലോചിക്കണം. നമ്മൾ കുറെ ഭരണ പരിഷ്ക്കാരങ്ങൾ നടപ്പാക്കി. പക്ഷേ അതിനുള്ള മററുകാര്യങ്ങളൊന്നും നടപ്പാക്കാൻ കഴിയാതെയും വന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ കഴിവിനെപ്പററിയും അവരുടെ വിദ്യാഭ്യാസനിലവാരത്തെപ്പററിയും ടെസ്ററുചെയ്യാനുള്ള യാതൊരു ഏർപ്പാടും ഇന്നില്ല. നമ്മുടെ ഈ സംസ്ഥാനത്തിൽ ഇൻസ്ററിററ്യൂട്ട് ആഫ് എഡ്യൂക്കേഷൻ എന്നു പറഞ്ഞു ഒരു സ്ഥാപനമുണ്ട്. എന്തിനാണ് ഈ സ്ഥാപനംഉണ്ടാക്കിവച്ചിരിക്കുന്നതെന്നു അറിഞ്ഞുകൂടാ. ആവശ്യത്തിലധികം പണം ചെലവാക്കി വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി നാം ഇങ്ങനെ ഒരു സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ട്. അവർക്ക് ഇന്നത്തെ ജോലിയെന്താണെന്നുള്ളതിനെപ്പററി സർക്കാർ പരിശോധിക്കണം. ഇവർ ഏതെങ്കിലും സ്ഥലങ്ങളിൽപോയി നമ്മുടെ കുട്ടികളുടെ വിജയശതമാനം കുറയുന്നതിനെപ്പററി ഒരു അന്വേഷണംനടത്തിയിട്ടുണ്ടോ? അല്ലെങ്കിൽ മററ് എന്തെങ്കിലും കാര്യങ്ങളെപ്പററി ഒരു പരിശോധനനടത്താൻ തയ്യാററായിട്ടുണ്ടോ? ഇൻസർവ്വീസ് ട്രെയിനിംഗ് എന്നു പറഞ്ഞ് ഒരു സംപ്രദായമുണ്ട്. അതുസംബന്ധിച്ചു പഠിപ്പിക്കുന്നത് തൃശ്ശൂർവെച്ചാണ്. ഇതിൻെറ ആസ്ഥാനം തിരുവനന്ത

LIBRARY ARCHIVES Kerala Legislative Assembly

പുരവുമാണ്. ഒരു മൊബൈൽ വാനിന്റെ പ്രവർത്തനംപോലെ വല്ലപ്പോഴും അവിടെ പോയി പഠിപ്പിച്ചു കഴിഞ്ഞതിനുശേഷം തിരിച്ചുവരും. അങ്ങനെ പൊതുവേ പറഞ്ഞാൽ മുഹമ്മദുബിൻ തുഗ്ലക്കിനെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള ഭരണപരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തി നമ്മുടെ യുവതലമുറയെ നശിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം. നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളെ ലിററി വർക്ക്ഷാപ്പിൽ ഇറക്കി ഇന്ധനമായി ഉപയോഗിക്കുന്ന സംപ്രദായം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമഗ്രമായ ഒരു പദ്ധതി ഇതിനു വേണ്ടി തയ്യാറാക്കി നടപ്പിലാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

മറെറാരുകാര്യം എനിക്കു പറയാനുള്ളത് പാലക്കാട്ടു എഞ്ചിനീയറിംഗ് കാളേജിലെ സമരത്തെസംബന്ധിച്ചാണ്. വളരെദിവസങ്ങളായി അവിടെ പണിമുടക്ക് ആരംഭിച്ചിട്ടുണ്ട്. അവിടത്തെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്തവണ്ണം സ്ഥിതികൾ എത്തിയിട്ടുള്ളതായി ആരോപണമുണ്ടായിരിക്കുകയാണ്. അതിന്റെ മാനേജുമെൻറിനെ സംബന്ധിച്ചിടത്തോളം, ട്രസ്ററിനെ സംബന്ധിച്ചിടത്തോളം ഗുരുതരമായ ആരോപണങ്ങൾ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ആ ആരോപണങ്ങളെപ്പററി അന്വേഷിച്ചു ആവശ്യമായ പരിഹാരം കണ്ടുപിടിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ഭാവി അപകടപ്പെടാത്തവണ്ണം ഏററവും വേഗം ഇതിനു ഒരു പരിഹാരമുണ്ടാക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

ഈ മാസം 16—ാംതീയതി ഇവിടെ അദ്ധ്യാപകൻമാരുടെ ഒരു സമരം നടക്കാൻ പോവുകയാണ്. ഈ സമരത്തെപ്പററി പറഞ്ഞപ്പോൾ നമ്പൂതിരിപ്പാടിന്റെ കാലത്ത്, അദ്ധ്യാപകൻമാരെ മർദ്ദിച്ചു എന്നു പറയുകയുണ്ടായി. അദ്ധ്യാപകൻമാരെ മർദ്ദിക്കത്തക്ക സാഹചര്യം സൃഷ്ടിച്ചത് അവരുടെ മെമ്മോറാൺഡം വാങ്ങിക്കാൻ ഒരു പട്ടിപോലും ഇവിടെ ഇല്ലാതിരുന്നതാണ്. പതിനായിരക്കണക്കിന് അധ്യാപകൻമാർ ഒരു മെമ്മോറാൺഡവുമായി ഇവിടെ വന്നപ്പോൾ അതൊന്നു വാങ്ങിക്കാൻ ഇവിടെ ആരും ഇല്ലായിരുന്നു. അങ്ങനെ കൃത്യവിലോപം കാണിച്ചിട്ട് ഇന്നു കരഞ്ഞതുകൊണ്ടായില്ല. അതുകൊണ്ട് എനിക്കു പറയാനുള്ളത് 16—ാം തീയതി നടക്കാനിരിക്കുന്ന സമരം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ്.

ഒരു നിസ്സാരകാര്യത്തെസംബന്ധിച്ചുകൂടി രണ്ടു വാക്കു പറഞ്ഞു അവസാനിപ്പിച്ചുകൊള്ളാം. ട്രെയിൻഡ് അൺ എംപ്ലോയിഡ് ടീച്ചേഴ്സ് ഇനി എന്തു ചെയ്യണമെന്നു ആലോചിച്ചു കാത്തിരിക്കുകയാണ്. അവരുടെ പ്രശ്നം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ. മന്ത്രിയുടെ കാറ് അടിച്ചുപൊളിക്കണമോ അതോ മററു വല്ല നടപടികളും സ്വീകരിക്കണമോയെന്ന നിലയിൽ സംഭവങ്ങൾ ഉണ്ടായാൽ മാത്രമേ ഗവൺമെൻറു ശ്രദ്ധയിൽ പെടു എന്നു വരുന്നതു ശരിയല്ല. അക്രമാസക്തമായിത്തീരുന്നതിനുമുമ്പ് അവരെ വിളിച്ചുവരുത്തി പ്രശ്നം പരിഹരിക്കുന്നതിനെപ്പററി ചർച്ചചെയ്യണമെന്നും ഈ പ്രശ്നം ഈ നിലയിൽ നീട്ടികൊണ്ടു പോകുന്നത് ശരിയല്ലെന്നു പറഞ്ഞുകൊണ്ട്, ഈ ഡിമാൻറിനെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:</u> സർ, ഈ ഡിമാൻറുകളെ അനുകൂലിക്കുന്നതിൽ വിസമ്മതമില്ലെങ്കിലും പൊതുവേ വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനം കുറച്ചു താറുമാറിലാണെന്ന് എനിക്ക് അഭിപ്രായമുണ്ട്. സർ, ഇവിടെ വിദ്യാഭ്യാസ മന്ത്രി പോലീസു വകുപ്പു മന്ത്രികൂടിയാണ്. അദ്ദേഹം ഇവിടെ നിയമസമാധാനപരിപാലനത്തിൽ വിജയിച്ചുവെന്ന കാര്യത്തിൽ ഞങ്ങൾ അദ്ദേഹത്തെ അനുമോദിച്ചിട്ടുണ്ട്. പക്ഷേ ഈ പറയുന്ന കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഗൗനിക്കുന്നില്ലെങ്കിലും വിദ്യാഭ്യാസരംഗത്ത് നല്ലകാര്യങ്ങൾ ചെയ്യണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടെങ്കിലും അത് അതുപോലെ നടക്കുന്നില്ലെന്ന് എനിക്കു അഭിപ്രായമുണ്ട്. സർ, ഈ കഴിഞ്ഞ മൂന്നുകൊല്ലത്തിനിപ്പുറമുണ്ടായിട്ടുള്ള വിദ്യാർത്ഥികളുടേയും അദ്ധ്യാപകൻമാരുടേയും സമരത്തിന്റെ പട്ടികനോക്കുകയാണെങ്കിൽ ഈ സംസ്ഥാനത്ത് ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിലും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സമരം ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നു നമുക്കു മനസ്സിലാക്കാൻ സാധിക്കും. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ കുററം പറയുന്നില്ല. അതിനു കാരണക്കാർ ഇന്നലെവരെ അദ്ദേഹത്തോടൊപ്പം നിന്നവരും അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചില ഉദ്യോഗസ്ഥൻമാരും അല്ലേയെന്ന് ഞാൻ സംശയിക്കുകയാണ്.

സർ, ഉദ്യോഗസൃഷ്ടി നടത്തുന്നതിൽ നമ്മുടെ വിദ്യാഭ്യാസ മന്ത്രി പരാജയപ്പെട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്. ഇവിടെ മുമ്പു വിദ്യാഭ്യാസ വകുപ്പിന് ഒരു സെക്രട്ടറിയെ ഉണ്ടായിരുന്നുള്ളു. എന്ന കാരണത്താലോ യെന്തോ രണ്ടാക്കി വർദ്ധിപ്പിച്ചു ഇന്നു രണ്ടു സെക്രട്ടറിമാർ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ സെക്രട്ടറിമാരെയും ഉദ്യോഗസ്ഥൻമാരേയും കൂട്ടുന്നകാര്യത്തിലും അദ്ദേഹം ആരുടേയും പിന്നിലല്ല.

<u>ശ്രീ. സി. എച്ച്. മുഹമ്മദുകോയ:</u> അന്ന് ഒരു അഡീഷണൽ സെക്രട്ടറിയും ഉണ്ടായിരുന്നു.

<u>ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:</u> ഇന്ന് അഡീഷണൽ സെക്രട്ടറിയല്ല, രണ്ടു സെക്രട്ടറിമാരാണ് ഉള്ളത്. അങ്ങനെ ഉദ്യോഗം സൃഷ്ടിക്കുന്ന കാര്യത്തിൽ അദ്ദേഹം പരാജയപ്പെട്ടില്ലെന്നാണ് ഞാൻ പറയുന്നത് ആർ. ഡി. ഡി. ആഫീസുകൾ നിറുത്തലാക്കിക്കൊണ്ടുള്ള നടപടികൾ എടുക്കാൻ പോകുന്നുവെന്നോ എടുത്തെന്നോ ഒക്കെ കേൾക്കുകയുണ്ടായി. എന്റെ ഓർമ്മ ശരിയാണെങ്കിൽ ജനുവരിമാസത്തിലാണ് അതുസംബന്ധിച്ച നടപടിയുണ്ടായത്. എന്നാൽ അതിനുശേഷവും ആർ. ഡി. ഡി. മാരെ നിയമിച്ചിട്ടുണ്ട്. അതിൽ ബഹുമാനപ്പെട്ട മന്ത്രിക്കു കൈയുണ്ടോ ഇല്ലയോയെന്ന് എനിക്കറിഞ്ഞുകൂടാ. പല ഡി. ഒ. മാരുടെയും സീനിയോരിററിയെ ഓവർലുക്കുചെയ്തുകൊണ്ട് ആർ. ഡി. ഓ. മാരെ നിയമിച്ചിട്ടുണ്ട്. ഡിസിപ്ലിനറി ആക്ഷനു വിധേയനായിരുന്ന ശ്രീമാൻ ഷാഹുൽഹമീദിനെ പലരുടേയും സീനിയോരിററിയെ ഓവർലുക്കുചെയ്തുകൊണ്ട് ആർ. ഡി. ഡി. ആയിട്ട് നിയമിച്ചു എന്നാണ് കേൾക്കുന്നത്.

അതുപോലെ അങ്ങയുടെ കീഴിൽ പ്രഗത്ഭനായ ഒരു വിദ്യാഭ്യാസ ഡയറക്ടറുണ്ട്. അദ്ദേഹം നല്ല കഴിവുള്ള ആളാണ്. പക്ഷേ കുറെ കാലമായി അദ്ദേഹം ഈ വകുപ്പിൽ ഇരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ കഴിവു മററ് ഏതെങ്കിലും വകുപ്പിലേയ്ക്ക് ഒന്നു മാററി പ്രയോജനപ്പെടുത്താമായിരുന്നില്ലേയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രി അവർകളോട് ചോദിക്കുകയാണ്.

സർ, ഇന്നത്തെ സ്ഥിതി പറഞ്ഞാൽ നമ്മുടെ വിദ്യാഭ്യാസ രംഗം വളരെയേറെ താറുമാറായിരിക്കുകയാണ്. അസംതൃപ്തരായ ഒരു വിഭാഗം അദ്ധ്യാപകൻമാർ തികഞ്ഞ അസംതൃപ്തിയോടുകൂടി നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിക്കുകയാണെന്നു പറഞ്ഞാൽ നമ്മുടെ രാജ്യം എങ്ങോട്ടാണ്, നമ്മുടെ ഭാവിതലമുറ എങ്ങനെയാണ് വളരുന്നതെന്നു മനസ്സിലാക്കാൻ വിഷമമാണ്. അദ്ധ്യാപകൻമാർ കൂടുന്നസ്ഥലത്ത് മേലദ്ധ്യക്ഷൻമാരെ ചീത്തപറയുക, വകുപ്പദ്ധ്യക്ഷൻമാർ ഇവരെ ചീത്തപറയുക, ഇവരാണ് കുഴപ്പക്കാരെന്നു പറയുക,

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പരസ്പര സഹകരണമില്ലാതെ ഇവർ എന്താണ് പ്രവർത്തിക്കുന്നതെന്ന് ആർക്കും ഒരു രൂപവുമില്ല.

ഇപ്പോഴത്തെ ഈ ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷം എനിക്ക് ഈ അസംബ്ളിയിൽ ഗവൺമെൻറുഭാഗത്തുനിന്നും ആറുമാസത്തിനു മുമ്പു കിട്ടിയ ഒരു ഉത്തരത്തിൽ എനിക്കു കാണാൻ സാധിച്ചത്, ഈ ഡയറക്ടർ ചാർജ്ജെടുത്തതിനുശേഷം 262 റിട്ടുകേസ്സുകൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടെന്നാണ്. എന്താണ് സർ, ഇതിനു കാരണം. അതിനുശേഷവും വളരെയധികം റിട്ടുകൾ ഫയൽചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തന്നെ ഒരു റിട്ടു അനുവദിച്ചുകൊണ്ടുള്ള ഒരു ന്യൂസ് പത്രത്തിൽ വരുകയുണ്ടായി. ഡി. ഇ. ഒ. ആയിരുന്ന ഒരാളെ റിവർട്ടു ചെയ്തതിനെ സംബന്ധിച്ചാണ് ആ ന്യൂസുണ്ടായത്. ആ ഡി.ഇ.ഒ. യുടെപേര് രാജരാജവർമ്മയെന്നായിരുന്നു. അതിൽ ഡയറക്ടർ നീതി നടത്തിയില്ലെന്നു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു മാസത്തിനുമുൻപു വേറെ ഒന്നു നടന്നു. പല ഡി. ഇ. ഒ. മാരുടെയും പി. എ. മാരായിരുന്നവരെ പലരുടെയും സീനിയാരിററി ഓവർലുക്ക് ചെയ്തുകൊണ്ടു പ്രമോട്ടുചെയ്തിട്ടുണ്ട്. എന്തിനാണ്, ഇങ്ങനെയുള്ള ആളുകളുടെ അസംതൃപ്തി കൂടുതൽ കൂടുതലുണ്ടാകാൻ പ്രവർത്തിക്കുന്നത്? ഈ സംസ്ഥാനത്ത് എന്തെങ്കിലും പുരോഗതിയുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന വിദ്യാഭ്യാസമന്ത്രിയുടെ ആഗ്രഹത്തിന് ഇതു മൂലം കളങ്കംവരികയല്ലേ ചെയ്യുന്നത്?

<u>ശ്രീ. കെ. പി. രാഘവപ്പോതുവാൾ:</u> ഡയറക്ടരെക്കൊണ്ടു ചെയ്യിച്ചതാണോ അല്ലയോ എന്നു ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

<u>ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ:</u> നിശ്ചയമില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് ഈ രാജ്യത്ത് നന്നായി വിദ്യാഭ്യാസം നടത്തണമെന്നാഗ്രഹമുള്ളതുകൊണ്ടാണോ ഇതൊക്കെ ചെയ്യിച്ചത് എന്നു ഞാൻ സംശയിക്കുകയാണ്. ഈ സഭയിൽ പല ആളുകളും ഇന്നത്തെ വിദ്യാഭ്യാസം മാററണമെന്നു പറഞ്ഞു. വിദ്യാഭ്യാസ മന്ത്രിയുടെ കഴിവിനെക്കുറിച്ച് എനിക്കാക്ഷേപമില്ല. അതു കൊണ്ട് അദ്ദേഹത്തിൻെറ കഴിവ് ഈ ഡിപ്പാർട്ടുമെൻറിൽത്തന്നെ തുടരുകയുംവേണം. ശ്രീമാൻ വാസുദേവൻപിള്ള സ്റേററ് ഇൻസ്ററിററ്യൂട്ടിൻെറ കാര്യം ഇവിടെ പറഞ്ഞു. എന്താണ് അവിടെ നടക്കുന്നത്? വിദ്യാഭ്യാസരംഗം പരിഷ്ക്കരിക്കാനാണ് സ്റേററ് എഡ്യൂക്കേഷൻ പ്രവർത്തിക്കുന്നത് എന്നാണ് ഞങ്ങളൊക്കെ മനസ്സിലാക്കുന്നത്. കഴിഞ്ഞ കുറേക്കാലമായി വിദ്യാഭ്യാസനിലവാരം താണുകൊണ്ടിരിക്കുകയാണ്. പിന്നെ സ്റേററ് ഇൻസ്ററിററ്യൂട്ടിൻെറ പ്രവർത്തനം എന്തിനാണ്? ലക്ഷക്കണക്കിനു രൂപ അതിനു ചെലവാകുന്നുണ്ട്. അവിടത്തെ നിയമനം പി. എസ്. സി. ക്കു വിടരുതോ എന്ന് ഞാൻ കഴിഞ്ഞ അസംബ്ളിയിൽ ചോദിച്ചപ്പോൾ മറുപടി കിട്ടിയത് അതു ഗവൺമെൻറുമായി ആലോചിച്ചാണ് നിയമനം നടത്തുന്നത് എന്നാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് ലക്ഷക്കണക്കിനു രൂപ ചെലവാക്കാനുള്ള അവകാശം വരുമ്പോൾ അങ്ങയുടെ വകുപ്പിൽ നടത്തുന്ന സ്ഥാപനങ്ങളുടെ പ്രവൃത്തി ഞങ്ങൾക്ക് എന്തുകൊണ്ട് മനസ്സിലാക്കിക്കൂടാ? അതിന് ഞങ്ങൾക്കൊരു സന്ദർഭം തരണമെന്നു ഞാനാഭ്യർത്ഥിക്കുകയാണ്. സ്റേററ് ഇൻസ്ററിററ്യൂട്ടിൻെറ പ്രവർത്തനം പുന:പരിശോധനചെയ്യണം. അതിൻെറ നിയമനത്തിന് എന്തെങ്കിലും തെളിവുണ്ടോ? വിദ്യാഭ്യാസമന്ത്രി കുറെയെങ്കിലും ന്യായസ്ഥനാണെന്നു ഞാൻ കരുതുന്നതുകൊണ്ട് അതൊന്നു പുന:പരിശോധനചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഇവിടെ അറബിക് ടീച്ചേഴ്സിൻെറ കാര്യംപറഞ്ഞു. കൂടുതലാളുകൾക്ക് ജോലി കൊടുക്കുന്നതിൽ എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

വിരോധമില്ല. ഇവിടെ കുറെ ഹിന്ദി ടീച്ചേഴ്സ് ഉണ്ട് അവർക്കു ശമ്പളം കൊടുക്കുന്നത് കേന്ദ്രഗവൺമെൻറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർക്കുള്ള ശമ്പളം എന്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തുനിന്നു കൊടുത്തുകൂടാ? സർ, ഇവിടെ സിനിമയ്ക്കു വളരെയധികം പ്രോൽസാഹനംകൊടുക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് സംഗീതം പഠിപ്പിക്കുന്ന വിദ്യാലയങ്ങളുണ്ട്. അവിടത്തെ വിദ്യാർത്ഥികൾ കുറെ മാസങ്ങൾക്കു മുൻപു കൊടിപിടിച്ച് സങ്കടത്തിൽ പാടിയ വാർത്ത അങ്ങ് മറന്നിരിക്കുകയില്ല. അവർക്ക് എന്തുകൊണ്ട് അവരാവശ്യപ്പെടുന്ന ന്യായമായ രീതിയിലുള്ള അവകാശങ്ങൾ കൊടുത്തുകൂടാ എന്നു ഞാൻ ചോദിക്കുകയാണ്. അതുപോലെതന്നെ സ്ക്കൂളിൽ ഒഴിവുദിവസം കൊടുക്കുന്ന കാര്യത്തെക്കുറിച്ചു സംസാരിച്ചു. അതും ഒന്നു പുന:പരിശോധിക്കണം. മഴക്കാലം ഒഴിവാക്കാനാണ് ഒഴിവു മാററുന്നതെങ്കിൽ ഇപ്പോൾ മഴ സ്ഥിരമായി കാലാകാലങ്ങളിൽ പെയ്യാറില്ലെന്നുള്ള വസ്തുതകൂടി ഓർക്കേണ്ടതുണ്ട്. പലപ്രാവശ്യമായി മഴ മാറി മാറി വരികയാണ്. ശ്രീമാൻ വാസുദേവൻപിള്ള പറഞ്ഞതുപോലെ നാട്ടുംപുറങ്ങളിലൊക്കെയുള്ള സ്ക്കൂളുകളിലും തിരുവനന്തപുരത്തെ ആസ്ബസ്റ്റോസ് മേഞ്ഞ സ്ക്കൂളുകളിലേയ്ക്കും ഞാൻ അങ്ങയുടേയും വിദ്യാഭ്യാസ വകുപ്പിന്റെ മേലദ്ധ്യക്ഷൻമാരെയും ക്ഷണിക്കുകയാണ്. ഈ സമയത്തു രണ്ടു മണിക്കൂറിൽക്കൂടുതൽ അസ്ബസ്റ്റോസ് മേഞ്ഞ ഷെഡ്ഡുകൾക്കു താഴെ ഇരിക്കാൻസാധിക്കുമോ? അവിടെയുള്ള പിഞ്ചുകുഞ്ഞുങ്ങളെ അവിടത്തെ അദ്ധ്യാപകൻമാർക്ക് ഈ പരിത:സ്ഥിതിയിൽ എത്രസമയം പഠിപ്പിക്കാൻ സാധിക്കും?

ഒരു സ്വന്തം കാര്യംകൂടി: നെയ്യാററിൻകര ഗേൾസ് ഹൈസ്ക്കൂളിന് സ്ഥലം എടുത്തിട്ട് വർഷങ്ങളായി. അവിടെ മുമ്പു ഭരിച്ചിരുന്ന പാർട്ടിയുടെ ആളുകൾ പലരുംവന്ന് പുറമ്പോക്കുകൈയേറുമെന്നു ഞങ്ങളെ ഭീക്ഷണിപ്പെടുത്തുകയും കൈയേറിയാൽ ഞങ്ങളും കൈയേറുമെന്നു അങ്ങോട്ടു ഭീക്ഷണിപ്പെടുത്തുകയുമുണ്ടായിട്ടുണ്ട്. ആസ്ക്കൂളിന്റെ തുക അനുവദിച്ചിട്ട് വർഷങ്ങളോളമായി. അതിന് എന്തു കുഴപ്പമാണുള്ളതെന്നറിഞ്ഞുകൂടാ. അതുപോലെതന്നെ മറെറാരുസ്ക്കൂളിൽ രണ്ടുഹൈസ്ക്കൂളിൽ പഠിച്ചിരുന്ന കുട്ടികൾ പഠിക്കുകയാണ്. അവർക്ക് അവിടെ വേണ്ടത്ര സൗകര്യങ്ങളില്ല ബഹുമാനപ്പെട്ട മന്ത്രി ഈ രണ്ടു സ്ക്കൂളുകൾക്കും എത്രയുംവേഗം കെട്ടിടം കെട്ടാൻ അനുവദിച്ച തുക ചെലവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻനായർ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുകയാണ്. അതിന്റെ പ്രധാനമായ കാരണം ഇതിന്റെ പരിമിതിയും പോരായ്മയുമാണ്. നമ്മുടെ വിദ്യാഭ്യാസരംഗം പലരും സൂചിപ്പിച്ചതുപോലെ അഴിച്ചുപണിയേണ്ട കാലഘട്ടം കഴിഞ്ഞുകിടക്കുകയാണ്. ഇന്ന് ഈ രംഗവുമായി ബന്ധപ്പെട്ട സകല ആളുകളും അതായത് വിദ്യാർത്ഥികളും അധ്യാപകരും രക്ഷകർത്താക്കളും ഭരണം നയിച്ചുകൊണ്ടുപോകുന്ന ഗവൺമെൻറുതന്നെയും അസംതൃപ്തിയും വെറുപ്പും കാണുന്ന സാഹചര്യമാണ് അവിടെയുള്ളത്. തങ്ങളുടെ ജീവിതാദ്ധ്വാനത്തിന്റെ നല്ലൊരുഭാഗം കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന രക്ഷകർത്താക്കൾക്ക് തങ്ങളുടെ കുട്ടികൾക്ക് നല്ല ഭാവിയുണ്ടാകണമെന്നുള്ള ധാരണ ഇന്നില്ല. അതുപോലെതന്നെ വിദ്യാർത്ഥികളുടെ കാര്യവും. അധ്യാപകരാണെങ്കിൽ ജീവിതത്തോത് വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കിട്ടുന്ന വരുമാനം പോരാ, പോരാ എന്നുള്ള രീതിയിൽ കൂടുതൽ കൂടുതൽ സമരങ്ങൾക്കു വേണ്ടി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ അസംതൃപ്തമായ ഈ രംഗത്തു സ്റേററിന്റെ ഏററവും കൂടുതൽ വരുമാനം ചെലവഴിച്ചിട്ടും യാതൊരു സംതൃപ്തിയും ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കുന്നില്ലെന്നുള്ളത് ഒരു സാരമായ വൈകല്യമാണെന്നാണ് തോന്നുന്നത്. ഈ വൈകല്യം കഴിഞ്ഞ 22 വർഷത്തോളമായി വളർന്നുവളർന്നു മുററിനിൽക്കുകയാണ്. ഈ രംഗത്ത് എന്തെങ്കിലും സ്ഥിരമായ ഭരണപരിഷ്ക്കാരങ്ങൾ വരുത്താൻകഴിയുമോ എന്നു ചോദിച്ചാൽ അത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ആകെക്കൂടി ചെയ്യാവുന്നത് ഇതു മുഴുവൻ ഒന്ന് ഉടച്ചുവാർക്കാനുള്ള ശ്രമം ആരംഭിക്കുക എന്നുള്ളതാണ്. ഇന്നത്തെ ഗവൺമെൻറും വിദ്യാഭ്യാസമന്ത്രിയും അങ്ങനെയുള്ള ഒരു സംരംഭത്തിനു മുതിരുമെന്ന് എനിക്കു വിശ്വാസമില്ല. കാരണം, ഇന്നത്തെ മന്ത്രിസഭ കാലത്ത് 8 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ നിലനിറുത്തണമെങ്കിൽ തലേദിവസം പകലും രാത്രിയും അക്ഷീണമായി പരിശ്രമിച്ചെങ്കിലേ ഒക്കൂ എന്ന നിലയിലാണ്. അങ്ങനെയുള്ള ഒരു സർക്കാരിന് എന്തെങ്കിലും അടിസ്ഥാനപരങ്ങളായ മാററങ്ങൾ നടപ്പിൽവരുത്താൻ കഴിയുമെന്ന് എനിക്കു വിശ്വാസമില്ല. സർ, അതുപോലെതന്നെ ഇവിടെ അവധിയുടെ കാര്യംപറഞ്ഞു. ഇന്നത്തെ അവധിയുടെ സീസൻ മാററിക്കൊടുത്ത് വിദ്യാഭ്യാസരംഗം പരിഷ്ക്കരിച്ചുകളയാമെന്നുള്ള ചിന്ത അത്ര ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾ ഏററവും കൂടുതൽ ചൂടുള്ള കാലമാണ്. ഇന്ന് വിദ്യാലയങ്ങളിൽച്ചെന്നാൽ അദ്ധ്യാപകനും വിദ്യാർത്ഥിയുംകൂടി ഇരുന്ന് ഉറങ്ങുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതുപോലെതന്നെ ഈ കാലഘട്ടം സാംക്രമിക രോഗങ്ങൾ വർദ്ധിക്കുകയും പകരുകയുംചെയ്യുന്ന കാലഘട്ടമാണ്. ഇന്നുള്ളമിക്ക സ്ക്കൂളുകളും കുന്നിൻപുറത്താണ് സ്ഥിതിചെയ്യുന്നത്. അവിടെ വേനൽക്കാലത്തു ജലത്തിന് വളരെ ദൗർലഭ്യമാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് വാസ്തവത്തിൽ ഇക്കാലമത്രയും അവധിക്കാലമായി പ്രഖ്യാപിച്ചത്. നമ്മുടെ സ്ക്കൂൾകെട്ടിടങ്ങൾ കാററുംമഴയും കൊണ്ട് തകരുന്നു എന്നുള്ളതാണ് അവധിക്കു കാരണമായിട്ടു കാണുന്നത്. അതിന് മററു പരിഹാരമാർഗ്ഗങ്ങൾ ആരായുന്നതായിരിക്കും നല്ലത്. സർ, ഈ സ്കൂൾകെട്ടിടങ്ങളൊക്കെ ബലവത്തായി പണിയുന്നകാര്യം ആലോചിക്കേണ്ടതാണ്. അതിനുവേണ്ടി ഗവൺമെൻറിൻെറ മുമ്പിൽ ഒരു നിർദ്ദേശം സമർപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇന്നു ഗവൺമെൻറ് സ്കൂളുകൾക്ക് പുതിയ പുതിയ നല്ല കെട്ടിടങ്ങളുണ്ടാക്കുന്നകാര്യത്തിൽ ഈ ഗവൺമെൻറ് ശ്രദ്ധിക്കുന്നുണ്ട്. അതിൽ ഞാൻ അനുമോദിക്കുകയാണ്. അതേസമയത്ത് പ്രൈവററ് സ്കൂളുകളുടെ കെട്ടിടങ്ങൾക്കും കുറേക്കൂടി സുരക്ഷിതത്വം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തണമെന്നാണ് എനിക്കു നിർദ്ദേശിക്കാനുള്ളത്. ഇങ്ങനെയൊരു സ്കീം ഏർപ്പെടുത്തിയാൽ ആ സംഖ്യ വർഷാവസാനം ലംപ്സം ഗ്രാൻറിൽനിന്ന് ഈടാക്കാവുന്നതുമാണ്. ഈ സ്കീം ഏർപ്പെടുത്തിയാൽ പ്രൈവററ് സ്കൂൾകെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിന് മാനേജുമെൻറിന് ലോൺ കൊടുക്കുന്നതിനു സാധിക്കും. അതുപോലെതന്നെ അവിചാരിതമായുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കാനും ഇതുമൂലം സാധിക്കും. ഇതു പ്രത്യേകം പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെതന്നെ മറെറാരു കാര്യം പറയാനുള്ളത് നിയമനത്തെസംബന്ധിച്ചാണ്. ഈ ഗവൺമെൻറ് ഇന്ന് ഈ നിയമസഭയിലും പുറത്തും ഒരു നല്ല പ്രഖ്യാപനം നടത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലായാലും ശരി, മറേറതു സ്ഥാപനങ്ങളിലായാലും ശരി ഗവൺമെൻറ് 51 ശതമാനം പണംമുടക്കുന്ന സ്ഥാപനങ്ങളിലെ എല്ലാ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുമെന്ന്. അതേസമയത്ത് 100 ശതമാനം ഗവൺമെൻറിൽനിന്നു ശമ്പളംകൊടുക്കുന്ന പ്രൈവററ് സ്കൂളുകളിലേയ്ക്ക് എന്തുകൊണ്ട് ഇതു വ്യാപിപ്പിച്ചുകൂടാ കൈക്കൂലിയുടേയുംമററും കാര്യം പറഞ്ഞാൽ അത് ഏററവും കൂടുതൽ നടക്കുന്ന രംഗമാണ് പ്രൈവററ്മേഖല. അതുകൊണ്ട് അവിടെയുള്ള നിയമനങ്ങളും പബ്ലിക്ക് സർവ്വീസ്കമ്മീഷനു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. ഇന്ന് പ്രൈവററ് സ്കൂളുകളിൽ ആവശ്യമുള്ള പോസ്ററിൽ നിയമിക്കുക എന്നുള്ള പ്രശ്നമില്ല. ആദ്യം ഏതാനും ക്വാളിഫൈഡല്ലാത്ത ആളുകളെ നിയമിച്ചിട്ട് അവർ ട്രെനിംഗിനു പോകുമ്പോഠം ആ ഒഴിവിൽ ക്വാളിഫൈഡ് ഹാൻഡ്സിനെ നിയമിക്കുകയും ട്രെയിനിംഗിനുപോയവർ തിരിച്ചു വരുമ്പോഠം ആ വേക്കൻസി ഇല്ലാതാവുകയുംചെയ്യും. അങ്ങനെ ഓരോ സ്കൂളിലും നിയമിക്കപ്പെട്ട അരഡസൻ പേർവീതം ഇന്നു പുറത്തുനിൽക്കുയാണ്. ഈ പരിതഃസ്ഥിതി മാററണമെങ്കിൽ നിയമനങ്ങഠം നിശ്ചയമായിട്ടും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുകതന്നെ വേണം. അങ്ങനെയൊരു അഭിപ്രായം വിദ്യാഭ്യാസമന്ത്രിക്കുണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ ശാസ്ത്രീയമായ വിദ്യാഭ്യാസത്തിന്റെ കാര്യം. ശാസ്ത്രീയമായ വിഷയങ്ങഠം വിദ്യാഭ്യാസപദ്ധതിയിൽ ഉഠംക്കൊള്ളിക്കുക എന്നുള്ളതല്ല പ്രശ്നം. അങ്ങനെയുള്ള വിഷയങ്ങഠം വിദ്യാഭ്യാസരംഗത്തുഠംപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായിട്ടുള്ളത് അതല്ല. വിദ്യാർത്ഥികഠംക്ക് ശാസ്ത്രീയമായ കാഴ്ചപ്പാട് ഉണ്ടാകുന്നില്ലെന്നുള്ളതാണ് കണക്കിലെടുക്കേണ്ടത്. ശാസ്ത്രീയമായ വിഷയങ്ങഠം പഠിക്കുകയും പഠിച്ചതു തന്നെ ഭംഗിയായി കടലാസിൽ എഴുതി ഫസ്ററ്ക്ലാസ് വാങ്ങിക്കുകയും ചെയ്യും. പക്ഷെ തങ്ങളുടെ ജീവിതത്തിൽ അതു പ്രാവർത്തികമാക്കാൻ അവർ ശ്രമിക്കുന്നില്ലെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. അതുകൊണ്ട് ശാസ്ത്രീയമായ വീക്ഷണം കുട്ടികളുടെ ജീവിതത്തിലുണ്ടാക്കാൻ ശ്രമിക്കണം. പ്രധാനമായി ഒരു വസ്തുത കൂടി. പാലക്കാട് ഇഞ്ചിനീയറിംഗ് കോളേജിന്റെ കാര്യമാണ്. അവിടെ കുറഞ്ഞത് 172 വർക്കിംഗ് ഡേസാണ് വേണ്ടത്. എന്നാൽ ഈ വർഷം 72 വർക്കിംഗ് ഡേസ് മാത്രമേ നടന്നിട്ടുള്ളു. അവിടെ ശമ്പളം കൊടുക്കുന്നത് 85 ശതമാനം ഗവൺമെൻറാണ്. അവിടെ ഇപ്പോഠം അദ്ധ്യാപകൻമാർ പണിമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ 509 കുട്ടികഠംക്ക് പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണവിടെയുള്ളത്. അവിടെയാണെങ്കിൽ മററുകോളേജുകളെ അപേക്ഷിച്ച് ഒരു കുട്ടി 200 രൂപയിലധികം സ്പെഷ്യൽഫീസ് കൊടുക്കുന്നുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽപ്പോലും അവിടെയുള്ള കുട്ടികഠംക്ക് പരീക്ഷയ്ക്കുപോകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇന്ന് ഗവൺമെൻറ് ഒരുകാര്യം ചെയ്യുന്നുണ്ടെന്നറിഞ്ഞു. ഗവൺമെൻറിൽനിന്ന് നാലുലക്ഷംരൂപ പ്രശ്നപരിഹാരംകൊടുത്ത് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതായാണറിയുന്നത്. ഈ പാലക്കാട്ട് ഇൻജിനീയറിംഗ് കോളേജ് പ്രശ്നവും കൊട്ടാരക്കരയുമായി എന്തോ ബന്ധമുണ്ടെന്നാണ് തോന്നുന്നത്. കൊട്ടാരക്കരയും പാലക്കാട്ടും ഭൂമിശാസ്ത്രപരമായി വളരെ അടുപ്പമില്ലെങ്കിലും രാഷ്ട്രീയമായി വളരെ അടുപ്പമുണ്ടെന്നാണ് ആളുകഠം പറയുന്നത്. എന്നാൽത്തന്നെയും കോളേജുമനേജുമെൻറ് 30 ലക്ഷം രൂപാ ആവശ്യപ്പെട്ടിരിക്കുകയാണ്. ഒരുപക്ഷേ കൊട്ടാരക്കരയുടെ സ്ഥിതി ചൂടുപിടിച്ചാൽ 30 ലക്ഷംരൂപ നമ്മുടെ ഖജനാവിൽനിന്ന് ഒഴുകിപ്പോയേക്കാമെന്നു തോന്നുന്നു. എന്തായാലും ആലുപ്പുഴ ററി. ഡി. മെഡിക്കൽ കോളേജ് ഗവൺമെൻറ് ഏറെറടുത്തതുപോലെ ഈ കോളേജും ഏററടുക്കേണ്ട ഒരു സാഹചര്യമാണിപ്പോഴുള്ളത്. അതുകൊണ്ട് ഈ കോളേജും ഗവൺമെൻറ് ഏറെറടുക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

സർ, അതുപോലെതന്നെ മറെറാരു കാര്യം. ഇവിടെ ഒരു ദക്ഷിണ ഭാരത് ഹിന്ദി പ്രചാരസഭയുണ്ട്. കേന്ദ്രഗവൺമെൻറിൽനിന്നും നല്ല ഗ്രാൻറു കിട്ടുന്ന സ്ഥാപനമാണത്. അതൊരു യൂണിവേഴ്സിററിപോലെ പല ഗവൺമെൻറും അംഗീകരിച്ചിട്ടുമുണ്ട്. അവിടെ പാസാകുന്ന കുട്ടികളുടെ പരീക്ഷായോഗ്യത രണ്ടുകൊല്ലമായി അംഗീകരിക്കാതിരിക്കുന്നതുകൊണ്ട് അവർക്ക് വളരെ ബുദ്ധിമുട്ടുണ്ട്. അതിൽക്കൂടി സത്വരശ്രദ്ധ പതിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Shri Alexander Parambithara in the chair.]

ശ്രീ. ബി. മാധവൻനായർ: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ പൊതു

12 Noon ജീവിതത്തെ പ്രത്യേകമായും ബാധിക്കുന്ന അതിപ്രധാനമായ വകുപ്പിന്റെ ധനാഭ്യർത്ഥനയാണ് ഇന്ന് ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. സർ, 50 കോടിയിലധികം ചെലവു ചെയ്തുകൊണ്ട് കേരളത്തിലെ ഏതാണ്ട് 50 ലക്ഷത്തിലധികം വരുന്ന യുവജനങ്ങളുടെ ഭാവിയെസംരക്ഷിക്കുന്നതിനുവേണ്ടിയുള്ള, നമ്മുടെ സമൂഹത്തിന്റെഭാവി തലമുറയെസജ്ജമാക്കുന്നതിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ അങ്ങേയററം പിന്താങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു. മുൻകൊല്ലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ഈ സഭയിൽ വന്നിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സർ, ഇതിന്റെ ചർച്ച ആരംഭിച്ച അവസരത്തിൽ എന്റെ സ്നേഹിതൻ അപ്പുമാസ്ററർ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഈ ഗവൺമെൻറിന്റെ നിലനിൽപ്പിനെക്കുറിച്ച് പരാമർശിച്ചു ചില വാക്കുകൾ സംസാരിക്കുകയുണ്ടായി. നമ്മുടെ കേരളത്തിലെ ഈ ഐക്യമുന്നണിഗവൺമെൻറിൽ പ്രധാനപ്പെട്ട രണ്ടു വകുപ്പുകളുടെ ചുമതല ഇന്നത്തെ വിദ്യാഭ്യാസമന്ത്രിക്ക് ഉണ്ട്. ഒന്ന് നിയമസമാധാനം. മറെറാന്ന് നമ്മുടെ രാജ്യത്തിന്റെ ഭാവിപൗരൻമാരെ വളർത്തിയെടുക്കുന്ന കാര്യത്തിന്റെതായ ചുമതല. ഈ രണ്ടു കാര്യങ്ങളെസംബന്ധിച്ചും ഈ ബഡ്ജററിൽ അവതരിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വളരെ സ്വാഗതാർഹമാണ് എന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സൗന്ദര്യത്തിലും ഹൃദയത്തിന്റെ സൗന്ദര്യത്തിലും ഈ ഗവൺമെൻറിന്റെ സൗന്ദര്യത്തിലും നിദാനമായി അദ്ദേഹം ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ കേരളത്തിലെ ജനസഞ്ചയത്തിന്റെ മന്നിലേക്ക് അഴിച്ചുവിട്ടിരിക്കുന്ന ഈ അശ്വമേധത്തെ പടക്കുതിരയെ—പിടിച്ചുകെട്ടാൻ എന്റെ സുഹൃത്തുക്കൾ, പ്രതിപക്ഷത്തു ലവകുശമാർ ഉണ്ടെന്നു ഞാൻ വിശ്വസിക്കുകയാണ്. ഈ ഗവൺമെൻറിനെ എതിർത്തുകൊണ്ട് വിദ്യാഭ്യാസവകുപ്പിനെ പരാമർശിച്ചു സംസാരിച്ചപ്പോൾ ഗവൺമെൻറു മേഖലയിൽ ഉള്ള അദ്ധ്യാപകൻമാർക്കും പ്രവർത്തകൻമാർക്കുംവേണ്ടി പല മെമ്പറൻമാരും ഇവിടെ വാദങ്ങൾ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ എനിക്കു ഒരു കാര്യം അനുസ്മരിപ്പിക്കുവാനുള്ളത് ഇവിടെയുള്ള പല മേലാളൻമാരും സൌകാര്യമാനേജുമെൻറിലുള്ള സ്ക്കൂളുകളിൽ അദ്ധ്യാപകൻമാരായി ഇരിക്കുന്നവരും, നിയമസഭയിൽ അംഗത്വം തുടരുന്നവരും ആണ്. പക്ഷെ ഗവൺമെൻറ് ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകണമെന്നു വാദിക്കാനും സാധിക്കുന്ന നിലയിൽ അവരുടെ പ്രാതിനിധ്യത്തെക്കുറിച്ച് ഈ നിയമസഭയിൽ അംഗീകരിപ്പിക്കുവാൻ ഒരു പ്രത്യേക നിയമം നിലവിലുണ്ട്. അതുകൊണ്ട് ഇവിടെ ചില മെമ്പർമാർ പറഞ്ഞുപോയി എന്നുള്ളതുകൊണ്ടുമാത്രം സർക്കാർ ഉദ്യോഗസ്ഥൻമാരായി ഇന്ന് അംഗീകരിച്ചിരിക്കുന്ന സർക്കാർ ടീച്ചർമാർക്ക് പ്രമോഷനും അവരുടെ ഭാവിയെ ബാധിക്കുന്ന നിലയിലുള്ള ഗുരുതരമായ തീരുമാനത്തിൽ ഈ ഗവൺമെൻറ് പോകരുത് എന്നാണ് എനിക്കു പറയുവാനുള്ളത്. ഗ്രഡുവേററ് അദ്ധ്യാപകൻമാരെ സംബന്ധിച്ചും, സർക്കാർ അദ്ധ്യാപകൻമാരുടെ പ്രമോഷനും മററും സംരക്ഷിച്ചുകൊണ്ടു ഡയറക്ട് റിക്രൂട്ടുമെൻറ് നടത്തണമെന്നുള്ള വാദഗതിയോടു ഞാൻ യോജിക്കുന്നില്ല. എങ്കിലും ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായി പരിഗണിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

സർ, മറെറാരു വശത്ത് ഈ രാജ്യത്തിന്റെ സാമൂഹ്യ പുരോഗതിക്ക് അതിപ്രധാനമായ ചുമതല വഹിക്കുന്നവരാണ് അദ്ധ്യാപകൻമാർ. സോഷ്യ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്ററു രാജ്യങ്ങളിൽവച്ച് ഏററവും പുരോഗമനപരമായ പാശ്ചാത്യരാജ്യങ്ങളിലെ വിദ്യാഭ്യാസ രീതിയെ പരിശോധിച്ചപ്പോൾ അവിടത്തെ ഉദ്യോഗസ്ഥജീവിതത്തിന്റെ ഏററവും ഉയർന്ന മാനദണ്ഡം കൽപ്പിക്കുകയും സർക്കാർ നിലവാരത്തിൽ മാന്യത കൽപ്പിക്കുകയും ചെയ്തിട്ടുള്ള ഏക വിഭാഗം അധ്യാപക വിഭാഗമാണ്. സോഷ്യലിസ്ററ് രാജ്യമായ സോവിയററ് യൂണിയനിലെ രീതി പരിശോധിക്കുന്ന ആളിന് കാണാൻ സാധിക്കുന്നത്, സ്വന്തമായി ഒരു ഡ്രൈവറെ വയ്ക്കാനും കാറ് ഉപയോഗിക്കാനും സർക്കാർ നിലവാരത്തിൽ അനുവാദം നൽകുന്ന ഏകവിഭാഗമാണെന്ന്. അതുപോലെതന്നെ ഏററവും കൂടുതൽ ഉയർന്ന ശമ്പളം നൽകുന്നത് അവർക്ക് മാത്രമാണ്. ആ നിലയ്ക്ക് നമ്മുടെ സമൂഹത്തിന്റെ 50 –ം 60–ം ലക്ഷത്തിനിടയ്ക്ക് വരുന്ന വിദ്യാർത്ഥികളുടെ ഭാവിയെ ശരിപ്പെടുത്തിയെടുക്കുന്നതിന്, രാഷ്ട്രത്തിന്റെ അടിത്തറ പാകി മെച്ചപ്പെടുത്തുന്ന ചുമതലയിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകൻമാരെ സംബന്ധിച്ചിടത്തോളം സർക്കാർ ഉദ്യോഗസ്ഥൻമാരിൽനിന്നും ഉയർന്ന മാന്യത കൊടുക്കുന്നതിനും ഇന്ന് മററു പല തുറകളിലുമുള്ള ഉദ്യോഗസ്ഥൻമാരെക്കാളും കൂടുതൽ ശമ്പളം അവർക്കു കൊടുക്കുന്നതിനും ഈ ഗവൺമെൻറ് തയാറാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. സർ, ഈ രാജ്യത്തിന്റെ വിദ്യാഭ്യാസ സംപ്രദായത്തിലും പഠനസംപ്രദായത്തിലും അടിസ്ഥാനപരമായ മാററങ്ങൾ വേണമെന്നതിനോട് ഞാൻ അനുകൂലിക്കുന്നു. ഇതു നമ്മുടെ കേരള ഗവൺമെൻറ് മാത്രം വിചാരിച്ചാൽ നടത്താവുന്ന ഒരു കാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കേന്ദ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഒരു ഘടകം മാത്രമാണ് കേരളവിദ്യാഭ്യാസമെന്നാണു ഞാൻ കരുതുന്നത്. എന്നാലും കേന്ദ്ര ഗവൺമെൻറിൽ അടിക്കടി ഉണ്ടാകുന്ന മാററങ്ങൾ കേരളത്തിലും ഉണ്ടാകണമെന്നു ഞാൻ കരുതുന്നു. ഇന്നത്തെ വിദ്യാഭ്യാസം ഒരു പ്രായോഗിക മാർഗ്ഗമാണെന്ന് എനിക്കു കരുതുവാൻ സാധിക്കുന്നില്ല. സർ, സോവിയററ് യൂണിയനിൽ എഴുതിയ ഒരു വിദ്യാഭ്യാസ സമരം നടക്കുന്നുണ്ട് സർ. എയർകണ്ടീഷൻറു കാളേജുകളും സ്കൂളുകളും മാററി അവർക്ക് 17-ാം നൂററാണ്ടിന്റെ മാതൃകയിൽ ഫ്റീയായിട്ട് എയർ കിട്ടുവാൻ സാധിക്കുന്ന കെട്ടിടങ്ങളും റെസ്ററു ഹൗസുകളും എല്ലാം വേണമെന്നാണ്. സ്ലീപ്പിംഗ് സൗകര്യങ്ങൾക്കുവേണ്ടി സമരങ്ങൾ നടത്തുന്നു. ഓരോ തലയിണയും ബെഡ്ഷീററുമായി രാത്രിയും പകലും കണ്ടിന്യൂയസ് സ്ലീപ്പിംഗ് സമരം നടത്തുകയാണ്. എന്തുകൊണ്ട് യൂണിവേഴ്സിററിയിൽ വിദ്യാർത്ഥികൾക്കു പങ്കാളിത്തം കൊടുത്തുകൂടാ. യൂണിവേഴ്സിററിയിൽ വിദ്യാർത്ഥികൾക്കു പ്രാതിനിധ്യത്തിനുവേണ്ടി പരിഷ്കൃതരാജങ്ങളിൽ പ്രക്ഷോഭണം നടത്തുമ്പോൾ ആദ്യമായി നമ്മുടെ യൂണിവേഴ്സിററിയുടെ ഭരണത്തിൽ വിദ്യാർത്ഥികൾക്കു പങ്കാളിത്തം കൊടുത്തതിനെ അഭിനന്ദിക്കുകയാണ്. അങ്ങനെ ലോകത്ത് എല്ലായിടത്തും സോഷ്യലിസ്ററ് രാജ്യങ്ങളിലെ യുവാക്കൻമാർ, സോഷ്യലിസ്ററ് കമ്മ്യൂണിസ്ററ് രാജ്യങ്ങളിലെ വിദ്യാർത്ഥികൾ ഒരു അന്താരാഷ്ട്രസമ്മേളനത്തിൽ ചില പ്രമേയങ്ങളെല്ലാം വയ്ക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഈ രാജ്യത്ത് എല്ലായിടത്തും യുവതലമുറ ഒരു വിപ്ലവത്തിലൂടെ, പരിവർത്തനത്തിലൂടെ കടന്നുപോകുന്നതിന് തയാറായികൊണ്ടിരിക്കുകയാണ്. പുത്തൻ പുത്തൻ ആശയങ്ങൾ ഗവൺമെൻറ് തലങ്ങളിൽ ആശാജനകമായ പരിവർത്തനങ്ങൾ വരുത്തിയിരുക്കുകയാണ്. ഒരു കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അറബി, തമിഴ്, കർണ്ണാടകം തുടങ്ങിയ ഭാഷാ ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഈ ഗവൺമെൻറ് ചെയ്തത് തെററാണെന്നു പറയുന്നതിനെ ഞാൻ എതിർക്കുകയാണ്.

ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, എന്റെ സമയത്തിൽ നിന്നും രണ്ടു മിനിട്ടു ബഹുമാനപ്പെട്ട മാധവൻനായർക്കു കൊടുക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ബി. മാധവൻനായർ: എനിക്കു ചില നിർദ്ദേശങ്ങൾ വയ്ക്കുവാനുണ്ട്. കേരളത്തിലെ നാല്പത്തിയേഴു ലക്ഷം വിദ്യാർത്ഥികൾക്കു മെഡിക്കൽ പരിശോധന നടത്തുന്നതിനു വേണ്ടി ഇന്ന് തൊഴിലില്ലാതിരിക്കുന്ന എം. ബി. ബി. എസ്.,— എം. ഡി. യുമൊക്കെ പാസ്സായിട്ട് നിൽക്കുന്ന ഡോക്ടർമാരെ ഓരോ കാളേജിലും പ്രൈമറി മുതൽ ഹൈസ്ക്കൂളുവരെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിയമിക്കുകയും ചെയ്യണം. അതുമൂലം ഗവൺമെന്റിന് 22 ലക്ഷം രൂപയുടെ ചെലവ് വരും. ഒരു വിദ്യാർത്ഥി ഒന്നിന് എട്ട് അണ വീതം പ്രതിവർഷം കുറഞ്ഞ സംഭാവനയായി നൽകുവാൻ രക്ഷകർത്താക്കൾ തയാറായാൽ ഈ രാജ്യത്തെ ഡോക്ടർമാരുടെ തൊഴിലില്ലായ്മയും ഒരു ഭാഗത്ത് വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണവും നടപടി എന്നുള്ള നിലയിൽ ഇതു പരിഗണിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

എല്ലാ സ്കൂളിലും നിർബന്ധമായ യൂണിഫാറം വേണം. വസ്ത്രങ്ങൾകൊണ്ട് വലുപ്പച്ചെറുപ്പം അറിയാത്ത വിധത്തിൽ യൂണിഫാം എല്ലാ സ്ക്കൂളുകളിലും ഏർപ്പെടുത്തണം. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇതിനെ പ്രതികൂലിച്ചുകൊണ്ട് ആദ്യമായി പ്രസംഗം ആരംഭിച്ച മെമ്പർമാർതന്നെ എന്തിനാണ് ഇതിനെ പ്രതികൂലിക്കുന്നതെന്നു പറഞ്ഞട്ടില്ല. കുറെകാര്യങ്ങളൊക്കെ പറഞ്ഞതിനുശേഷം പുതുതായി ഇന്ന പരിഷ്ക്കാരങ്ങൾ വരുത്തണമെന്നുള്ള അഭ്യർത്ഥനയാണ് ഒടുവിൽ വയ്ക്കുന്നത്. ഇവിടെ പ്രസംഗിച്ച പല ബഹുമാനപ്പെട്ട വിദ്യാഭ്യാസ ചിന്തകൻമാരും ഈ ഡിപ്പാർട്ടുമെന്റ് നന്നാക്കിത്തീർക്കുന്നതിനെ സംബന്ധിച്ചുള്ളിടത്തോളവും ഈ ഡിപ്പാർട്ടുമെന്റുകളിലേക്ക് പാസ്സാക്കിയെടുക്കുന്ന തുക ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളവും വളരെ ആത്മാർത്ഥമായ ചില സമീപനങ്ങൾ വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങയുടെ പ്രസംഗംതന്നെ വളരെ ശ്രദ്ധേയമായ പ്രസംഗമായിരുന്നു. വളരെ ഗൗരവമായ നിർദ്ദേശങ്ങൾ അങ്ങ് അവതരിപ്പിച്ചിട്ടുണ്ട്. അതിൽ അടങ്ങിയിട്ടുള്ള തത്വം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അടി വരയിട്ടുകൊണ്ട് എനിക്കു പറയുവാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ആറു വയസ്സിനും 11 വയസിനും ഇടയ്ക്കുള്ള എല്ലാ കുട്ടികളും സ്കൂളുകളിലേക്ക് പോകുന്നുണ്ട്. അതിനുശേഷം ഹൈസ്ക്കൂൾ വിദ്യാഭ്യാസരംഗത്തും കാളേജുവിദ്യാഭ്യാസരംഗത്തും നാം മുന്നേറികൊണ്ടിരിക്കുകയാണ്. കാളേജു വിദ്യാഭ്യാസത്തിന്റെ കര്യത്തിൽ നമ്മുടെ സംസ്ഥാനം മുററുള്ള സംസ്ഥാനങ്ങളുടെ മുൻപന്തിയിൽ നിൽക്കുകയാണ്. അദ്ധ്യാപകൻമാരുടെ എണ്ണമാണെങ്കിൽ അതുമൂലംവളരെ വർദ്ധിച്ചിട്ടുണ്ട്. ഇന്ന് തൊഴിലില്ലാത്ത അദ്ധ്യാപകൻമാരുടെ ഘോഷയാത്രയാണ് പല ഭാഗങ്ങളിലും കാണുന്നത്. തൊഴിലുള്ള അദ്ധ്യാപകരുടെ സമരം ഒരു ഭാഗത്തും തൊഴിലില്ലാത്ത അദ്ധ്യാപകരുടെ ഘോഷയാത്ര മറുഭാഗത്തുമാണ് കാണുവാനുള്ളത്. ക്വാണ്ടിററി രണ്ടുഭാഗത്തും കുറവല്ല. ക്വാളിററി ഈ രണ്ടുഭാഗത്തും ആശാസ്യമല്ല എന്നു പറയുന്നതിൽ ഖേദമുണ്ട്. അതിനുള്ള പ്രധാനമായ കാരണം നമ്മുടെ അദ്ധ്യാപകൻമാർക്ക് നേരെചൊവ്വേ ഇരുന്ന് അവരുടെ ചുമതല നിർവ്വഹിക്കുന്നതിന് സമയം കിട്ടുന്നില്ല. പഠിപ്പിച്ച് നമ്മുടെ വിദ്യാർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

കളെ നല്ല വഴിക്ക് തിരിച്ചു വിടുന്ന പ്രവർത്തനം ആത്മാർത്ഥമായ രാജ്യസേവനം ആണെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കാൻ അധികസമയം അവർ ഉപയോഗിക്കുന്നില്ല എന്നുള്ള പരാതി എല്ലാഭാഗത്തുനിന്നും പൊന്തിവരുന്നുണ്ട്. അങ്ങനെ വിദ്യാർത്ഥികളെ അന്നന്നു പഠിപ്പിക്കേണ്ടുന്ന പദ്ധതികളെ ശരിപ്പെടുത്താതെ സമരപരിപാടിയുമായിട്ടാണ് അവർ രംഗത്തേക്കു വരുന്നത്. വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ട അദ്ധ്യാപകർ കൊടിപിടിച്ചുകൊണ്ട് തെരുവിലേക്കിറങ്ങിവരണമോ എന്നു ചിന്തിക്കണം. അങ്ങനെ വിദ്യാഭ്യാസത്തിന്റെ ക്വാളിററി വർദ്ധിപ്പിക്കാനാണ് ചിന്തിക്കേണ്ടത്. അവശതാപരിഹാരത്തിനുള്ള മാർഗ്ഗം സമരംമാത്രമാണെന്നു ചിന്തിക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണെന്ന കാര്യം അദ്ധ്യാപകസുഹൃത്തുക്കൾ ഗഹനമായി ആലോചിക്കണം എന്നാണ് എന്റെ വിനീതമായ അപേക്ഷ. സർക്കാരിനു ഭാരിച്ച ചുമതലകളുണ്ട്. വരവിന്റെ 34 ശതമാനത്തോളം വിദ്യാഭ്യാസരംഗത്തിനുവേണ്ടി ചെലവഴിക്കുന്നു. അപ്പോൾ യാതൊരു സങ്കോചവുംകൂടാതെ ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി അദ്ധ്യാപകർ സമരവുമായി സർക്കാരിനെ സമീപിക്കുന്നതുശരിയാണോ എന്ന് ആലോചിക്കണം. നികുതിദായകൻ ചെലവുകൾകൊണ്ടു പൊറുതിമുട്ടിക്കഴിയുമ്പോൾ ശമ്പളവർദ്ധനവിനുവേണ്ടിയുള്ള സമരമുറകൾ അവലംബിച്ചാൽ വീണ്ടും ആ ചെലവുകൾ നികുതിദായകന്റെ മേൽ ചെന്നു വീഴുന്ന ഘട്ടത്തിലാണ് നാം നിൽക്കുന്നത്. അതുകൊണ്ട് അദ്ധ്യാപകസുഹൃത്തുക്കൾ സമരമുറകളുമായി മുന്നോട്ടുവരുന്നത് ശരിയല്ല എന്ന് ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. വിദ്യാഭ്യാസരംഗത്തു നാം ചെലവഴിക്കുന്ന തുക പിന്നോക്കംനിൽക്കുന്ന പ്രദേശങ്ങളുടെ അഭിവൃദ്ധിക്ക് പ്രയോജനപ്പെടേണ്ടതാണ്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻമാർ, വിദ്യാഭ്യാസരംഗത്തെ അദ്ധ്യയനകാലം ഭേദഗതി ചെയ്ത് കൽപ്പന—(വെക്കേഷൻ) കൊടുക്കുന്ന സമയം മാററിയതിനെപ്പററി—പറയുകയുണ്ടായി. മിഥുനം—കർക്കടകം വിഷമമുള്ള മാസങ്ങളാണ്. ഇടവമാണെങ്കിൽ ധാരാളമായി മഴപെയ്ത് പള്ളിക്കൂടങ്ങളെ വിഷമത്തിലാക്കുന്ന കാലമാണ്. ആസ്ബെസ്റേറാസ് മേൽക്കൂരയുള്ള സ്കൂളുകളാണെങ്കിൽ അക്കാലത്തു വിഷമമില്ല. പക്ഷേ ആവശ്യമായ കെട്ടിമേച്ചിൽ ഇല്ലാതെയുള്ള പല പള്ളിക്കൂടങ്ങളിലും ഈ കാലങ്ങളിൽ പഠനം നടത്താൻ കഴിയുകയില്ല. കാററത്ത് ഇടിഞ്ഞുപൊളിഞ്ഞുവീഴുന്ന പള്ളിക്കൂടങ്ങൾ അപായത്തെയും മൃത്യുവിനെയും വലിച്ചിഴയ്ക്കുന്ന സാഹചര്യത്തിലാണ്. അതുകൊണ്ട് പഠനകാലവും വെക്കേഷനും ഭേദഗതിചെയ്തത് വളരെ ശാസ്ത്രീയമായിട്ടാണെന്നാണ് എന്റെ അഭിപ്രായം. ഏതായാലും ഇത് കുറേക്കാലം പരീക്ഷിച്ചുനോക്കാവുന്നതാണ്. പിന്നീട് മാററങ്ങൾ വേണമോ എന്നു പരിശോധിക്കാം. ഏതായാലും പിന്നോക്കപ്രദേശങ്ങളിൽ സർക്കാർ നടത്തുന്ന വിദ്യാലയങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങളുണ്ടാക്കാനോ, കെട്ടിടങ്ങൾക്കു കെട്ടിമേച്ചിൽ നടത്താനോ ഇന്നു സാധിക്കുന്നില്ല. മലപ്പുറം ജില്ല വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. ആ ജില്ലയിൽ അറുനൂറിൽപ്പരം സ്കൂളുകൾ ഗവൺമെൻറുവകയായി ഉണ്ട്. ഇതിൽ നല്ലൊരു ഭാഗത്തിനും സ്വന്തമായി, ഗവൺമെൻറുവകയായി, കെട്ടിടങ്ങളില്ല; വാടകക്കെട്ടിടങ്ങളിലാണ് നടത്തുന്നത്. എന്നാൽ കഴിഞ്ഞയാണ്ടിലും അതിനുമുൻപിലത്തെയാണ്ടിലും, സ്കൂൾക്കെട്ടിടങ്ങൾ ഉണ്ടാക്കാൻ വേണ്ടി ചെലവഴിച്ചിട്ടുള്ള സംഖ്യകളെക്കാൾ കുറഞ്ഞതുകയാണ് ഈ വർഷം ബഡ്ജററിൽ വകയിരുത്തിയിട്ടുള്ളത്. 75 ലക്ഷത്തിൽ ചില്വാനം രൂപ എൽ.പി., യു.പി. സെക്കണ്ടറി സ്കൂളുകൾക്കു കെട്ടിടങ്ങളുണ്ടാക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. ഇത് വളരെ അപര്യാപ്തമാണെന്നുള്ള കാര്യം ഉണർത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കെട്ടിടങ്ങൾ ഇല്ലാത്ത പരിതഃസ്ഥിതിയുള്ളപ്പോൾ, മഴക്കാലത്ത് കെട്ടിടങ്ങൾ ഇടിഞ്ഞുപൊളിഞ്ഞു വീഴുന്ന സ്ഥിതിവിശേഷമുണ്ടാകുന്നതു നോക്കി

LIBRARY ARCHIVES Kerala Legislative Assembly

ക്കാണുമ്പോൾ, എങ്ങനെ ഈ വിദ്യാഭ്യാസസംപ്രദായം ശരിപ്പെടുത്തിക്കൊണ്ടു പോകാൻസാധിക്കും? സർ, ഗുജറാത്തുസംസ്ഥാനത്തിൽ ഞാൻ കാണുകയുണ്ടായി, കാലത്ത് ഏഴുമണിക്ക് പിഞ്ചുകിടാങ്ങൾ—തണുപ്പുള്ള സ്ഥലമാണ്, മൂടിപ്പുതച്ച്—വിദ്യാലയങ്ങളിലേക്കു പോകുന്നത്. അവിടെ മൂന്നു ഷിഫ്ററുണ്ട്. കെട്ടിടങ്ങളില്ലാത്ത സ്ഥലങ്ങളിൽ അത്തരത്തിൽ കൂടുതൽ ഷിഫ്ററുകൾ ഏർപ്പെടുത്തേണ്ടതാണ്. അതുകൊണ്ട്, കൽപ്പനകൊടുക്കുന്ന സമയത്തിൽ വ്യത്യാസംവരുത്തിയതിൽ യാതൊരപകാതയുമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കാര്യമാണെങ്കിൽ, സെക്കണ്ടറിവിദ്യാഭ്യാസത്തിൽ ശാസ്ത്രപഠനത്തിനു പ്രധാന്യം കൊടുക്കണമെന്ന അഭിപ്രായം എനിക്കുണ്ട്. അതേസമയം, ആ സെക്കൻഡറിവിദ്യാഭ്യാസംകഴിഞ്ഞു പുറത്തു വരുന്ന വിദ്യാർത്ഥികൾക്കു തൊഴിൽപരമായ വിജ്ഞാനവും നൽകപ്പെട്ടിരിക്കണം. ഈ രംഗത്തു ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. നമ്മുടെ രാജ്യത്ത് തൊഴിൽപരിശീലനത്തിനുള്ള ആഗ്രഹത്തോടുകൂടി വിദ്യാലയങ്ങളിലേക്കു വരുന്ന കുട്ടികൾ എത്ര ശതമാനമുണ്ടെന്ന് ആലോചിക്കണം. ഹൈസ്കൂൾ വരെ പഠിച്ചുകഴിഞ്ഞാൽ ഒരു തൊഴിലും ചെയ്തുകൂടാ എന്നുള്ള മാനസികമായ പരിവർത്തനത്തിലാണ് വിദ്യാർത്ഥികൾ എത്തിച്ചേരുന്നത്. അതു മാറി, ഏതെങ്കിലും തൊഴിൽ പഠിച്ചുപാസാകാനുള്ള സൗകര്യത്തോടുകൂടി ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തുവരാനും അങ്ങനെ പുറത്തുവന്ന് തൊഴിൽ ചെയ്യാനുള്ള സൗകര്യമുണ്ടാക്കാനും കഴിയണം എന്നാണ് എനിക്കു പറയാനുള്ളത്. ആ വിധത്തിൽ വിദ്യഭ്യാസരംഗം ശരിപ്പെടുത്തണമെന്ന അഭിപ്രായമാണെനിക്കുള്ളത്. എസ്. എസ്. എൽ. സി. പാസാകുമ്പോൾ ഒരു കുട്ടിക്ക് പതിനാറുപതിനേഴു വയസ്സാകും. പതിനാറുപതിനേഴു വയസ്സാകുമ്പോൾ ഭാരിച്ച തൊഴിൽചെയ്യാൻസാധിക്കും എന്ന് എനിക്കഭിപ്രായമില്ല. പക്ഷേ തൊഴിൽചെയ്യാനുള്ള വാസന ആ കാലത്ത് ഉണ്ടാകണം. അതിനുള്ള പരിശ്രമമാണ് നടത്തേണ്ടത്. അതനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും, പ്രത്യേകിച്ച് ഓരോ ജില്ലയിലും ഒന്നു രണ്ടു സ്ഥലങ്ങളിലെങ്കിലും ഹൈസ്കൂളുകളിൽ ഇൻഡസ്ട്രിയൽ സ്കൂളുകൾ നടത്തുന്നതിനുള്ള പരിശ്രമം ഗവൺമെന്റ് ചെയ്യേണ്ടതാണെന്നാണ് എനിക്കു പറയാനുള്ളത്.

സർ, കൊളീജിയേററ് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എനിക്ക് ഒരൊററ കാര്യമേപറയാനുള്ളു; മററുകാര്യങ്ങളിലേക്കു കടക്കാനില്ല. എന്റെ ജില്ലയിൽ ഒരൊററ ഫസ്ററ് ഗ്രേഡ് കോളേജും ഇല്ല. കേരളത്തിൽ ഫസ്ററ് ഗ്രേഡ് കോളേജില്ലാത്ത ജില്ല ഏതെന്നു ചോദിച്ചാൽ മലപ്പുറം ജില്ല മാത്രം എന്നായിരിക്കും മറുപടി. മുൻപുതന്നെ സെക്കൻഡ് ഗ്രേഡ് കോളേജുകൾ ഉണ്ട്. വരുന്നസാമ്പത്തികവർഷമെങ്കിലും ചുരുങ്ങിയത് ഒരു കോളേജെങ്കിലും ഫസ്ററ് ഗ്രേഡ് കോളേജായി ഉയർത്തുന്നതിനുള്ള ഒരു പരിശ്രമം നടത്തണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

എന്റെ സ്നേഹിതൻ അപ്പുമാസ്ററർ പ്രസംഗിച്ചപ്പോൾ ചില കാര്യങ്ങൾ പറഞ്ഞു. ഒരു തർക്കവിഷയമാണതെങ്കിലും കൂടുതലായി ഞാൻ അതിലേക്കു കടക്കുന്നില്ല.

ശ്രീ എം. എൻ. ഗോവിന്ദൻ നായർ: ഒരു ചോദ്യം. കോഴിക്കോടു യൂണിവേഴ്സിററി ഏതു ഡിസ്ട്രിക്ററിലാണെന്നു പറയാമോ?

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: യൂണിവേഴ്സിററി ഉണ്ടായതുകൊണ്ട് കാര്യമില്ലല്ലൊ. പ്രീ ഡിഗ്രി കഴിഞ്ഞാൽ ഡിഗ്രി ക്ലാസിലേക്ക് പ്രവേശനം കിട്ടണമെങ്കിൽ മലപ്പുറം ജില്ലയിലുള്ളവർ ഒന്നുകിൽ പാലക്കാട്ടു ജില്ലയിലേക്കു

LIBRARY ARCHIVES Kerala Legislative Assembly

പോകണം, അല്ലെങ്കിൽ കോഴിക്കോട്ടു ജില്ലയിലേക്കു പോകണം; അതു പരിഹരിക്കണം.

എന്റെ സ്നേഹിതൻ അപ്പുമാസ്റ്റർ, അറബി അദ്ധ്യാപകർക്ക് എളുപ്പത്തിൽ സർട്ടിഫിക്കറ്റു കിട്ടും എന്നു പറഞ്ഞു. ഏതായാലും അത് അങ്ങനെ 'പുളിമൂട്ടിൽ' കിട്ടുന്ന സർട്ടിഫിക്കറ്റല്ലാ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അറബി അദ്ധ്യാപകരെ നിയമിക്കുന്നയോഗ്യതയുടെ കാര്യത്തിൽ ഏററക്കുറച്ചിൽ ഒന്നും വരുത്തിയിട്ടില്ല. അപ്പുമാസ്റ്റർ അദ്ദേഹത്തിന്റെ മാനേജുമെന്റിലുള്ള സ്കൂളുകളിൽ വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ എന്നുള്ളത് എനിക്കറിഞ്ഞുകൂടാ. അറബി ഹയ്യർ പരീക്ഷക്ക് മിനിമം വിദ്യാഭ്യാസയോഗ്യത ഉണ്ടായിരിക്കണം. അതുപോലെ അഫ്സലുൽ ഉലമ എന്നു പറയുന്ന പരീക്ഷയ്ക്ക് പ്രവേശനംകിട്ടുന്നത് എളുപ്പമുള്ള കാര്യമല്ല. യൂണിവേഴ്സിററിയുടെ ബിരുദം ലഭിക്കുന്നതിനുവേണ്ടി എല്ലാനടപടികളും നടത്തിയ ശേഷം കൊടുക്കുന്ന സർട്ടിഫിക്കററാണ്. സംസ്കൃതത്തിനും ഹിന്ദിക്കും തുകകരം വകയിരുത്തിയിട്ടുണ്ടെന്നുള്ളതും മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഹിന്ദിയേയും സംസ്കൃതത്തേയും നശിപ്പിച്ച് അറബിയെ പ്രോൽസാഹിപ്പിക്കുന്നു എന്ന ബോധം ജനിപ്പിക്കത്തക്ക പ്രചാരവേല നടത്തുന്നത് എന്തായാലും ശരിയല്ല. മദ്ധ്യപൗരസ്ത്യദേശത്ത് പ്രചുരപ്രചാരത്തിലിരിക്കുന്ന ഒരു പ്രധാന ഭാഷയാണ് അറബി. മുസ്ലീങ്ങരം മാത്രമല്ല അമുസ്ലീങ്ങളും ഈ ഭാഷയിൽ പരിശീലനം സമ്പാദിച്ചിട്ടുണ്ട്, ഇപ്പോഴും ഈ ഭാഷ പഠിച്ച് ഇവിടെനിന്ന് കുവൈററ് മുതലായ പല രാജ്യങ്ങളിലും പോയി ഉദ്യോഗത്തിലിരിക്കുന്നുണ്ട്. അങ്ങനെ സംസ്കൃതത്തോടൊപ്പംതന്നെ ഒരു ന്യൂനപക്ഷ ഭാഷയായ അറബിയേയും ഗവൺമെന്റ് പ്രോൽസാഹിപ്പിക്കുന്നതിൽ യാതൊരു അപാകതയുമില്ല എന്ന് മനസ്സിലാക്കിയാൽ നന്ന് എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ചെയർമാൻ: ഗവൺമെന്റു ഭാഗത്തുനിന്ന് മറുപടി പറയാൻ അരമണിക്കൂർ വേണം. പ്രസംഗിക്കാനുള്ള മെംബർമാർ പ്രസംഗസമയം കുറേക്കൂടി നിയന്ത്രിച്ചില്ലെങ്കിൽ ഒരുമണി കഴിഞ്ഞ് 20 മിനിട്ടുകൂടി ഇരിക്കേണ്ടിവരും.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഈ ഡിമാൻഡിനെ ഞാൻ എതിർക്കുകയാണ്. ഈയവസരത്തിൽ പ്രധാനമായ ഒന്നുരണ്ടു കാര്യങ്ങരം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. പാലക്കാട്ട് എൻ. എസ്. എസ്. എൻജിനീയറിംഗ് കോളേജിനെസംബന്ധിച്ചാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അത് ആരംഭിച്ചിട്ട് എട്ടുപത്തുവർഷമായി. അഞ്ചുവർഷമായി ഗവൺമെന്റിൽ നിന്നു കൊടുക്കുന്ന സഹായംകൊണ്ടാണ് അതിന്റെ ചെലവുകരം നിർവഹിച്ചുവരുന്നത്. അതിന്റെ മൂലധനത്തിൽ 50 ശതമാനം കേന്ദ്രഗവൺമെന്റും 25 ശതമാനം കേരളഗവൺമെന്റും 25 ശതമാനം എൻ.എസ്.എസും. ആണ് വഹിച്ചിട്ടുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോരം ഈ സ്ഥാപനം പ്രവർത്തനരഹിതമായി കിടക്കുന്ന സ്ഥിതിവിശേഷമാണ്. മാനേജുമെന്റിന്റെ നിരുത്തരവാദപരമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ സ്ഥിതിവിശേഷമുണ്ടായത്. ഈ കാര്യങ്ങളെ സംബന്ധിച്ച് ദീർഘമായി പറഞ്ഞിട്ടുള്ളതാണ്. ഏതെങ്കിലും വിധത്തിൽ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുകയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള മാർഗ്ഗം ഈ സ്ഥാപനം ഗവൺമെന്റ് ഏറെറടുക്കുക മാത്രമാണ്. ഈ സന്ദർഭത്തിൽ ഇതു വളരെ പ്രധാന്യമുള്ള ഒരു പ്രശ്നമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കാരണം, 25 ശതമാനംവരുന്ന മാനേജുമെന്റിന്റെ മൂലധനത്തിൽത്തന്നെ വളരെയധികം വരുന്ന സംഖ്യ നാട്ടുകാരായ പൊതുജനങ്ങളിൽനിന്നു പിരിച്ചുണ്ടാക്കിയിട്ടുള്ളതാണ്. അങ്ങനെ നാട്ടുകാർ നൽകിയിട്ടുള്ള മൂല

LIBRARY ARCHIVES Kerala Legislative Assembly

ധനംതന്നെ ഇന്ന് അവിടെ ഉണ്ടോ എന്നു സംശയിക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ആ കാര്യം സൂക്ഷിക്കണം; എന്നുമാത്രമല്ല, ഇന്നുള്ള മൂലധനംതന്നെ കുറെ കഴിയുമ്പോഠം കാണാതെയാകുന്നസ്ഥിതിവിശേഷവും ഉണ്ടാകും. ഗവൺമെൻറിനും പൊതുജനങ്ങഠംക്കും ഭീമമായ നഷ്ടം ഉണ്ടാകുന്ന ഒരു സ്ഥിതിയാണിത്. എന്തെങ്കിലും സഹായംകൊടുത്താൽ ഇതു ശരിയാക്കാൻസാധിക്കുമോ എന്നു സംശയമുണ്ട്. കുറെ ലക്ഷം രൂപ സഹായമായി കൊടുക്കാൻ എന്നുള്ള രീതിയിലാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സംസാരിച്ചത്. അതുകൊണ്ടുമാത്രം പ്രശ്നങ്ങഠം അവസാനിക്കുന്നില്ല. മററുകാര്യങ്ങഠം കൂലങ്കഷമായ അന്വേഷണത്തിനു വിധേയമാക്കണം; അതിന് അടിയന്തിരമായ നടപടി സ്വീകരിക്കണം. ഒരുകാര്യം കൂടി ഈയവസരത്തിൽ പറയാനാഗ്രഹിക്കുന്നത്, ഈ അദ്ധ്യയനവർഷം അവിടെ നഷ്ടപ്പെടുത്താതിരിക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്നുള്ളതാണ്. ആ ഉറപ്പു നൽകുന്ന കാര്യം കോഴിക്കോട്ടു സർവകലാശാലയും ഗവൺമെൻറും പരിഗണിക്കുമെന്നു ഞാനാഗ്രഹിക്കുകയാണ്.

സർ, ഇവിടെ മദ്ധ്യവേനലവധിയെസംബന്ധിച്ച് പറയുകയുണ്ടായി. ഇക്കാര്യത്തെപ്പററി കഴിഞ്ഞപ്രാവശ്യവും ദീർഘമായ ചർച്ചകഠം നടന്നതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അക്കാര്യങ്ങളിൽ എടുത്ത തീരുമാനത്തോട് എനിക്കു പരിപൂർണ്ണമായ യോജിപ്പാണുള്ളത്. അത്തരത്തിലുള്ള ഒരു നടപടി സ്വീകരിക്കുന്നത്, ഇന്നത്തെ സാഹചര്യംവച്ചുനോക്കുമ്പോഠം ഓരോ കൊല്ലവും പിഞ്ചുകുഞ്ഞുങ്ങളെ കൊല്ലാതിരിക്കാൻ ഉപകരിക്കും. അതുകൊണ്ട് ഞാനതിനോടു യോജിക്കുകയാണ്.

അതുപോലെ, സമരങ്ങളെസംബന്ധിച്ചു പറയാനുള്ളത് അവ അവസാനിപ്പിക്കുന്നതിനുള്ള സമീപനം ഗവൺമെൻറു സ്വീകരിച്ചില്ലെങ്കിൽ വളരെയധികം ബുദ്ധിമുട്ടുകഠം ഉണ്ടാകുമെന്നുള്ളതാണ്. സമരങ്ങഠം അവസാനിപ്പിച്ച് പഠിപ്പിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഹിന്ദിവിരോധിയാണ്, ഹിന്ദിവിദ്വേഷിയാണ് എന്ന രീതിയിൽ ചിലർ സംസാരിച്ചു. അതു ശരിയോ തെററോ എന്നു ഞാൻ പറയുന്നില്ല. പക്ഷേ ഹിന്ദിയെ പ്രോൽസാഹിപ്പിക്കുന്ന കാര്യത്തിൽ നാം വളരെയധികം പിന്നോക്കം നിൽക്കുകയാണ്. രാഷ്ട്രഭാഷ എന്നുള്ള നിലയിൽ കേരളത്തെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഹിന്ദിക്കു വളരെയധികം പ്രാധാന്യംകൊടുക്കേണ്ടതുണ്ട്. ഇൻഡ്യയുടെഭാഗമായി നാം കഴിയാനുദ്ദേശിക്കുന്നിടത്തോളം തീർച്ചയായും അതു കൂടാതെ കഴിയുകയില്ല. അതുപോലെ കേരളത്തെ സംബന്ധിച്ചിടത്തോളം മീഡിയം മലയാളമാക്കുന്ന കാര്യത്തിൽ അടിയന്തിരമായ ശ്രമം ഉണ്ടാകണമെന്നും അപേക്ഷിക്കുകയാണ്.

അശ്വമേധത്തിൻെറ പടക്കുതിരയെ പിടിച്ചു കെട്ടാൻപോകുന്നു, വീണു മുട്ടുപൊട്ടും എന്നൊക്കെ ശ്രീ മാധവൻനായർ പറയുകയുണ്ടായി. രാമായണം വായിച്ചാൽ അതിലെ അശ്വമേധത്തിൻെറ കുതിരയെ പിടിച്ചുകെട്ടിയത് ലവകുശൻമാരാണെന്നുകാണാം. ലവകുശൻമാരുണ്ടെങ്കിൽ, അവർക്ക് കുതിരയെ പിടിച്ചു കെട്ടാൻ ശക്തിയുണ്ടെങ്കിൽ ആർക്കും പരിഭവമുണ്ടായിട്ടു കാര്യമില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഡിമാൻറുകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസരംഗത്ത് മാററങ്ങഠം വരുത്തുന്നതിനെസംബന്ധിച്ച് എല്ലാവരും പലപ്പോഴും ആവർത്തിച്ചാവർത്തിച്ചു സംസാരിക്കാറുണ്ട്. പല കാലഘട്ടങ്ങളിലായി പല റിപ്പോർട്ടുകഠം തയാറാക്കാറുണ്ട്. കമ്മിഷനുകളെ നിയമിക്കുകയും റിപ്പോർട്ടുകഠം ഗവൺമെൻറിലേക്ക് വരികയും ചെയ്യാറുണ്ട്. നമ്മുടെ പ്രാഥമിക

2/3022/MC

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസത്തെ സംബന്ധിച്ചായാലും സെക്കണ്ടറി വിദ്യാഭ്യാസത്തെ സംബന്ധിച്ചായാലും തയാറാക്കിയ റിപ്പോർട്ടുകൾ പലതും ഇന്നും കിടപ്പുണ്ട്. എന്നാൽ ആ റിപ്പോർട്ടുകളിൽ ഏതെങ്കിലും ചില ഭാഗങ്ങൾ മാത്രം, ഭാഗികമായി നടപ്പിലാക്കാനുള്ള ശ്രമം, ആ റിപ്പോർട്ടിന്റെ അന്തസത്തയെതന്നെ പരാജയപ്പെടുത്തുന്ന രീതിയാണ് വിദ്യാഭ്യാസരംഗത്തു പൂർണ്ണമായും അനുഭവപ്പെടുന്നത്. വളരെയധികം കൊട്ടിഘോഷിച്ചിരുന്ന ഒന്നായിരുന്നു കോത്താരി കമ്മിഷൻ റിപ്പോർട്ട്. എല്ലാവർക്കും ആദ്യം കോത്താരികമ്മിഷൻ റിപ്പോർട്ടു കാണണമെന്ന് വളരെയധികം താൽപ്പര്യവും ഉൽക്കണ്ഠയുമായിരുന്നു. ആ റിപ്പോർട്ടു വന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ചതിനുശേഷം അത് വായിച്ചതിനുശേഷം ആ റിപ്പോർട്ടിനെപ്പററി വലിയ ഒച്ചപ്പാടില്ല. പിന്നെ ഭാഗികമായ ചില പ്രത്യേക ഭാഗങ്ങൾ മാത്രം നടപ്പിലാക്കാനുള്ള പരിശ്രമമാണ് കണ്ടുതുടങ്ങിയത്. ഉദാഹരണമായി പ്രവൃത്തി സമയം വർദ്ധിപ്പിക്കണമെന്നും പ്രവൃത്തിദിവസം വർദ്ധിപ്പിക്കണമെന്നുള്ള തീരുമാനമാണ് അതനുസരിച്ച് എടുത്തിരിക്കുന്നത്. പ്രവൃത്തിദിവസം ഇപ്പോഴുള്ള ഇരുന്നൂറിൽ നിന്നും 220 ആയി വർദ്ധിപ്പിക്കണമെന്നും അഞ്ചു മണിക്കൂർ എന്നുള്ളത് അഞ്ചേകാൽ മണിക്കൂറായി വർദ്ധിപ്പിക്കണമെന്നുമാണ്. ഇതാണ് എടുക്കാൻ പോകുന്ന തീരുമാനം. ഇപ്പോഴത്തെ നിലയ്ക്ക് അദ്ധ്യയനദിവസം 200 ആയത് എങ്ങിനെയാണ്? മലബാർ ഭാഗത്തു 1957-നുമുമ്പ് ഹൈസ്കൂളുകളിൽ 180 ദിവസവും പ്രൈമറി സ്കൂളുകളിൽ 220 ദിവസവും ആയിരുന്നു. കേരളം വന്നതോടുകൂടി അത് ഏകീകരിച്ചാണ് എല്ലായിടത്തും അദ്ധ്യയനദിവസം 200 ആക്കി മാററിയത്. ആ 200 ദിവസം തന്നെ പ്രവർത്തിക്കാൻ സാധിക്കുന്നുണ്ടോ? ഇല്ലെന്നു നോക്കിയാൽ കാണാവുന്നതാണ്. ഇന്ന് പല കാരണങ്ങളാലും വിചാരിക്കാത്ത പല ഒഴിവുകളും ഗവൺമെന്റിൽനിന്നും പ്രഖ്യാപിക്കുന്നുണ്ട്. മററു ഡിപ്പാർട്ടുമെന്റുകളിൽ ഇല്ലാത്ത ഒഴിവുകൾ ഇന്ന് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ വിചാരിക്കാത്ത രീതിയിൽ കൊടുക്കുകയാണ്. വിദ്യാർത്ഥികളും അദ്ധ്യാപകൻമാരും സ്കൂളിൽ വന്നതിനശേഷമാണ് ഒഴിവാണെന്നറിയുന്നത്. ഒഴിവെന്നറിയുമ്പോൾ അവർ തിരിയെ പോകും. ഉൽസവകാലങ്ങളിലും മഴക്കാലങ്ങളിലും മററ് പല കാരണങ്ങളാലും ഇരുന്നൂറു ദിവസം തന്നെ പഠിപ്പിക്കാനുള്ള സൗകര്യം ഇല്ല. ദിവസം അഞ്ചു മണിക്കൂർ പ്രവർത്തിക്കാൻ സാധിക്കാതെ വരുന്നു. ഇന്നുള്ള അഞ്ചു മണിക്കൂർ തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അദ്ധ്യാപകൻമാരുടെ സംഘടനകളുമായി ഇക്കാര്യത്തെപ്പററി ആലോചിക്കേണ്ടതാണ്. പക്ഷെ ഇപ്പോൾ അങ്ങനെയൊന്നും തന്നെ നടക്കുന്നില്ല. ഇന്ന് ഫാക്ടറികളിൽ തന്നെ തൊഴിലാളികളുടെ ആവശ്യങ്ങളും അദ്ധ്വാനഭാരം മുതലായ കാര്യങ്ങളിൽ തീരുമാനം എടുക്കുമ്പോൾ തൊഴിലാളികളുടെ പ്രതിനിധികളുമായി സംസാരിക്കാറുണ്ട്. പ്രാഥമിക വിദ്യാലയങ്ങളിൽ നിലവിലുള്ള പല തസ്തികകളും ഇന്ന് ഇല്ലാതാക്കുകയാണ്. ഒരു അദ്ധ്യാപകൻ ഒരാഴ്ചയിൽ 35 പീരിയഡ് തുടർച്ചയായി പ്രവർത്തിക്കണമെന്നുള്ള സ്ഥിതിവിശേഷമാണുള്ളത്. അതുപോലെതന്നെ ഒരു അദ്ധ്യാപകന് പ്രാഥമിക വിദ്യാലയത്തിൽ 5 മണിക്കൂറ് തുടർച്ചയായി പഠിപ്പിക്കുവാൻ കഴിയുകയില്ല. രാവിലെ പത്തു മണിമുതൽ നാലുമണിവരെ തുടർച്ചയായി പഠിപ്പിച്ചാൽ അദ്ധ്യാപകന് ഉൽസാഹത്തോടുകൂടി പ്രവർത്തിക്കാൻ സാധിക്കുകയില്ല. എല്ലാവരും ചോദിക്കും, മററുള്ളവർ എട്ടു മണിക്കൂർ തുടർച്ചയായി പ്രവർത്തിക്കുന്നില്ലേ, പിന്നെ അദ്ധ്യാപകർക്ക് അഞ്ചു മണിക്കൂർ തുടർച്ചയായി പ്രവർത്തിച്ചു കൂടേയെന്ന്. മുററുള്ളവരുടെ ജോലിപോലെയല്ല അദ്ധ്യാപകൻമാരുടെ ജോലി. അദ്ധ്യാപകരുടെ അദ്ധ്വാനഭാരം പല വിധത്തിലും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും 200 ദിവസം തുടർച്ചയായി വരാൻ കഴിയുന്നുണ്ടോ? പ്രാഥമിക

വിദ്യാലയങ്ങളിൽ വിശേഷിച്ചും ഗ്രാമപ്രദേശങ്ങളിലെ സ്ഥിതിഗതികൾ പരിശോധിച്ചുനോക്കുമ്പോൾ ഇരുനൂറു ദിവസംപോലും തുടർച്ചയായി വരാനുള്ള സാഹചര്യം ഇല്ലെന്നുകാണാം. സാധാരണ ഇവിടെ വിദ്യാഭ്യാസ പരിഷ്കാരങ്ങളെപ്പററിയെല്ലാം പറയാറുണ്ട്. മണിക്കൂറുകൾ വർദ്ധിപ്പിക്കുക. ഹൈസ്കൂളിലെ ഒരു ക്ലാസ് കോളേജിലേക്കാക്കുക. കോളേജിലെ ഒരു ക്ലാസ് ഹൈസ്കൂളിലാക്കുക ഇങ്ങനെയുള്ള മാററങ്ങൾകൊണ്ട് വിദ്യാഭ്യാസരംഗത്ത് സമൂലമായ പരിഷ്കാരങ്ങൾ വരുത്താൻ കഴിയുകയില്ലെന്ന് വിദ്യാഭ്യാസത്തെ സംബന്ധിച്ച് അറിയാവുന്നവർക്ക് അറിയാം.

അതുപോലെതന്നെ അദ്ധ്യാപകൻമാരുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം പലതും പരിഹരിച്ചുവെന്നു പറയുന്നുണ്ട്. ഞാൻ അതിൽ ചില കാര്യങ്ങളെപ്പററി പരാമർശിക്കാൻ ആഗ്രഹിക്കുകയാണ്. ഗവൺമെൻറു സ്കൂൾ അദ്ധ്യാപകൻമാരുടെ പ്രശ്നത്തെസംബന്ധിച്ച് പറയുകയുണ്ടായി. ഉദാഹരണമായി ഭരണകക്ഷിയിൽ ഇന്നുള്ള വലതുകമ്മ്യൂണിസ്ററു പാർട്ടിയുടെ നേതാക്കൻമാർ പ്രസംഗിക്കുന്നതുകേട്ടു, ഗവൺമെൻറു സ്കൂൾ അദ്ധ്യാപകൻമാർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുക്കുന്നതിന് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി എതിരായിരുന്നുവെന്ന്. അന്ന് എല്ലാത്തിനും കുററക്കാർ മാർക്സിസ്ററു കമ്മ്യൂണിസ്ററുകാരായിരുന്നുവെന്നു ആരോപണമായിരുന്നു ഉണ്ടായിരുന്നത്. അദ്ധ്യാപകൻമാരുടെ പെൻഷൻ വയസ് അറുപതിൽ നിന്നും അൻപത്തിയഞ്ചാക്കിയതിനും മാർക്സിസ്ററുകാരായിരുന്നു ഉത്തരവാദികൾ, ഭക്ഷണം കൊടുത്തില്ലെങ്കിലും മാർക്സിസ്ററുകാരായിരുന്നു ഉത്തരവാദികൾ, ഇങ്ങനെ എല്ലാത്തിനും ഉത്തരവാദികൾ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്കാരായിരിന്നു. ഞാൻ ചോദിക്കട്ടെ സർ ഇന്ന് അതിനെപ്പററിയെല്ലാം വലതുകമ്മ്യൂണിസ്ററു പാർട്ടിയുടെ അഭിപ്രായം എന്താണ്. ഇന്ന് നിങ്ങൾ അദ്ധ്യാപകൻമാരുടെ ഡിമാൻറനുസരിച്ചുള്ളതെല്ലാം കൊടുക്കാൻ തയാറാണോ? അവർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തോ? ഗവൺമെൻറു സ്കൂൾ അദ്ധ്യാപകൻമാർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം കൊടുക്കുന്നതിനെപ്പററി പ്രസംഗം നടത്തിയിട്ടുള്ള നിങ്ങളുടെ ഗവൺമെൻറു, അദ്ധ്യാപകൻമാർ തന്നിട്ടുള്ള മെമ്മോറാണ്ടത്തിന് മറുപടി കൊടുത്തതിൽ അവരുടെ സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്നുവെന്നല്ലേ പറഞ്ഞിരിക്കുന്നത്. മററു ജീവനക്കാരുടെ കാര്യങ്ങളെപ്പററി ഞാൻ ഇപ്പോഴൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. 'വർക്കേഴ്സ് യൂണിററി സിന്ദാബാദ്' എന്ന് വിളിച്ചില്ലേ? മററു തൊഴിലാളികൾ സമരം നടത്തുമ്പോൾ അതിനോടു അനുഭാവം രേഖപ്പെടുത്തുന്നതു കൂടി തെററാണെന്ന് നിങ്ങൾ പറയുന്നുണ്ട്. ഗവൺമെൻറു സ്കൂൾ അദ്ധ്യാപകരോടും നിങ്ങൾ ഈ രീതിയിലാണ് പെരുമാറുന്നത്.

അതുപോലെതന്നെ ഒരു കാര്യം കൂടി എനിക്കു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. മലബാർ ഭാഗത്തു റിട്ടയർ ചെയ്ത അദ്ധ്യാപകൻമാർ പ്രോവിഡണ്ട് ഫണ്ടിൻെറകാര്യത്തിൽ വളരെയധികം കഷ്ടതകൾ അനുഭവിക്കുകയാണ്. പത്ത് പതിനെട്ടു രൂപ ശമ്പളം പററിക്കൊണ്ട് ഉദ്യോഗ ജീവിതം കഴിച്ചവരാണ് അവർ. റിട്ടയർ ചെയ്തതിനുശേഷം രോഗിയാകുകയാണെങ്കിൽ ചികിൽസിക്കുന്നതിനോ മരുന്നു വാങ്ങിക്കുന്നതിനോ പണമില്ലാതെ വിഷമിക്കുമ്പോൾ പ്രോവിഡണ്ട് ഫണ്ടിൽനിന്നും കിട്ടുന്ന പണംകൊണ്ടു വാങ്ങിക്കാമെന്നു വിചാരിച്ചാലും സാധിക്കുകയില്ല. കാരണം റിട്ടയർ ചെയ്യുമ്പോൾ അവർക്ക് ആ പണം കിട്ടുന്നില്ല. ഇപ്പോൾ അവർക്ക് പെൻഷൻ കൊടുക്കാൻ തീരുമാനിച്ചത് വളരെ നല്ല ഒരു കാര്യമാണ്. ഇന്നലെ എനിക്കു ഒരു കത്തു കിട്ടി. പ്രോവിഡണ്ട് ഫണ്ടു, പെൻഷൻ പററിയ അദ്ധ്യാപകർക്ക് കിട്ടാത്തതിനെപ്പററിയാണ് അതിൽ പറഞ്ഞിരിക്കുന്നത്, മാനേജർമാർ തക്കസമ

LIBRARY ARCHIVES Kerala Legislative Assembly

യത്ത് ഗവൺമെൻറിലേയ്ക്ക് കോൺട്രിബ്യൂഷൻ നടത്തുന്നില്ല. അതുപോലെ തന്നെ അദ്ധ്യാപകൻമാരിൽ നിന്നും പ്രോവിഡണ്ട്ഫണ്ടിൽ അടയ്ക്കുന്നതി നുവേണ്ടി പിടിക്കുന്നതും അടയ്ക്കുന്നില്ല. ഇതിൻെറ ഫലമായിട്ടാണ് റിട്ടയർ ചെയ്യുമ്പോഠം പ്രോവിഡണ്ട് ഫണ്ട് കിട്ടാതെപോകുന്നത്. റിട്ടയർ ചെയ്യുന്നവർക്ക് പ്രോവിഡണ്ട്ഫണ്ട് കിട്ടുന്ന കാര്യത്തിൽ ഗവൺമെൻറു കാര്യ മായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

അടുത്തതായി എനിക്ക് പറയുവാനുള്ളത് പാർട്ട്ടൈം ടീച്ചേഴ്സിൻെറ കാര്യമാണ്. കഴിഞ്ഞ മൂന്നു വർഷമായി പാർട്ട്ടൈം ടീച്ചേഴ്സിനെ നിറുത്ത ലാക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതിനാവശ്യമായ നിർദ്ദേശം കൊടു ക്കാമെന്ന് മൂന്നു വർഷമായി പറയുകയാണ്. കഴിഞ്ഞ വർഷം ഹൈസ്ക്കൂ ളുകളിൽ ഉണ്ടായിരുന്ന പാർട്ട് ടൈം ടീച്ചേഴ്സിനെ നിറുത്തൽ ചെയ്തിട്ട് ഫുഠംടൈം ആക്കാനുള്ള നടപടികഠം എടുത്തിട്ടുണ്ട്. പാർട്ട്ടൈം ടീച്ചേ ഴ്സിനെ ഫുഠംടൈം ആക്കുന്നതിന് പ്രായോഗികമായ പല നടപടികഠം എടു ക്കാൻ കഴിയും. മ്യൂസിക്ക്, ഹിന്ദി, നീഡിൽവർക്ക്, ക്രാഫ്റ്റ് മുതലായ ടീച്ചേഴ്സ് പാർട്ട് ടൈം ടീച്ചേഴ്സായിട്ടു വർക്ക് ചെയ്യുന്നത്. ഇവരെ യെല്ലാം തന്നെ പ്രൈമറി സ്ക്കൂളുകളിൽ ഫുഠംടൈം ടീച്ചേഴ്സാക്കാവുന്നതാണ് കഴിഞ്ഞ മൂന്നു കൊല്ലമായി അദ്ധ്യാപക സംഘടനകഠം നിരന്തരമായി ആവ ശ്യപ്പെടുന്നതാണ് പാർട്ട് ടൈം നിറുത്തലാക്കാൻ. എന്നാൽ അക്കാര്യത്തിൽ അങ്ങേയററം കുററകരമായ തെററായ അനാസ്ഥയാണ് കാണുന്നത്. ഇക്കാര്യം വിദ്യാഭ്യാസമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരിക്കൽകൂടി ഞാൻ അദ്ദേ ഹത്തെ ഓർമ്മിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ അലസനയം സ്വീകരിക്കുന്നത് ഒരിക്കലും ശരിയല്ല. പ്രൈവററ് സ്ക്കൂളുകളിലെ പാർട്ട് ടൈം കണ്ടിൻ ജൻസി ജീവനക്കാരെസംബന്ധിച്ചാണ് എനിക്ക് അടുത്തതായി പറയുവാനു ള്ളത്. അവർ രാവിലെയും വൈകുന്നേരവും സ്ക്കൂളിൽ വന്ന് ഒപ്പു വയ്ക്ക ണമെന്നുണ്ട്. ശമ്പളമാണെങ്കിലോ പ്രതിമാസം 25 രൂപമാത്രമാണ്. കൂടു തലായി 32 രൂപ കൊടുക്കാമെന്നാണ് പറയുന്നത്. പക്ഷെ ഇതുവരെയും കൊടുത്തിട്ടില്ല. അവർക്ക് രാവിലെയും വൈകുന്നേരവും ചെന്നു ഒപ്പു വയ്ക്കണമെന്നുള്ള സംപ്രദായം നിലവിലുള്ളതുകൊണ്ട് മറെറാരു ജോലിക്ക് പോകാനും കഴിയകയില്ല. ഏററവും ചുരുങ്ങിയ ശമ്പളം കിട്ടുന്ന ഇവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികഠം സ്വീകരിക്കേണ്ടതാണ്. ഈ വിഭാഗക്കാർക്ക് ഗവൺമെൻറു സ്ക്കൂളുകളിലാണെങ്കിൽ 57 രൂപവരെ കിട്ടുന്നുണ്ട്. ആ 57 രൂപയെങ്കിലും പ്രൈവററ് സ്ക്കൂളുകളിൽ ജോലി ചെയ്യുന്നവർക്കും കൊടുക്കേണ്ടതാണ്. രാവിലെയും വൈകുന്നേരവും വന്ന് ഒപ്പുവയ്ക്കുന്ന സംപ്രദായത്തിലും മാററം വരുത്തണം. അവരുടെ ജോലി സമയം എന്തായിരിക്കുമെന്നും നിശ്ചയിക്കേണ്ടതാണ്. എന്തെങ്കിലും കാര്യത്തിൽ—വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ—തീരുമാനം എടുക്കുമ്പോഠം അദ്ധ്യാപക സംഘടനകളെ വിസ്മരിച്ചിരിക്കുകയാണ്. മുമ്പു അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ വിളിച്ച് എ. ഇ. ഓ. യുടെ കീഴിലോ ഡി. ഇ. ഓ. യുടെ കീഴിലോ കോൺഫറൻസുകഠം നടത്തുന്ന സംപ്രദായം ഉണ്ടായി രുന്നു. ആ കോൺഫറൻസുകളിൽ വച്ച് കാര്യങ്ങഠം ചർച്ച ചെയ്തു തീരു മാനിക്കാറുണ്ട്. ആ സംപ്രദായംതന്നെ ഇപ്പോഠം ഇല്ലാതാക്കിയിരിക്കുകയാണ്. കോൺഫറൻസുകഠംതന്നെ ആവശ്യമില്ലെന്നുള്ള ഒരു സമീപനമാണ് ഇപ്പോഠം എടുത്തിട്ടുള്ളത്. പ്രാദേശിക നിലവാരത്തിലോ സബ്ഡിസ്ട്രിക്ടു നിലവാരത്തിലോ അദ്ധ്യാപക സംഘടനകളുണ്ട്. ആ സംഘടനകളുടെ പ്രതിനിധികളെ വിളിച്ച് മാസത്തിലൊരിക്കലോ രണ്ടു മാസത്തിലൊരിക്കലോ കോൺഫറൻസു നടത്തി അവരുമായി സംഭാഷണം നടത്തി പ്രശ്നം പരി ഹരിക്കുന്നതിനു പകരം അദ്ധ്യാപക സംഘടനകളെ എല്ലാ കാര്യത്തിലും വിസ്മരിക്കുന്ന സംപ്രദായമല്ലേ ഇപ്പോഠം തുടർന്നു വരുന്നത്. പരീക്ഷ

LIBRARY ARCHIVES Kerala Legislative Assembly

സംപ്രദായങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതിനെപ്പറ്റി അഭിപ്രായം പറയുവാൻ കഴിവുള്ളവരുമായി ആലോചിച്ചിട്ടുണ്ട്. ഇന്റേണൽ എക്സാമിനേഷന് പ്രാധാന്യം കൊടുക്കുന്നതു നല്ലതാണ്. പത്താംക്ലാസ് പരീക്ഷയിൽ പല പരിഷ്ക്കാരങ്ങളും വരുത്തിയിരിക്കുകയാണ്. വിദ്യാഭ്യാസ വിദഗ്ദ്ധനായ ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ അഭിപ്രായത്തിൽ പത്താംക്ലാസ്സിലെ വിദ്യാർത്ഥികൾ പാസാകുന്നതിന് എല്ലാ വിഷയങ്ങളിലും പാസാകണമെന്നില്ലയെന്നാണ്. എല്ലാ വിഷയങ്ങളിലും നല്ല മാർക്ക് കിട്ടുകയും കണക്കിന് 25 ആകുകയാണെങ്കിൽ ആ കുട്ടി തോറ്റതായിട്ടാണ് ഇപ്പോൾ പ്രഖ്യാപിക്കുന്നത്. അതുപോലെ എല്ലാ വിഷയത്തിലും നല്ല മാർക്ക് കിട്ടിയ കുട്ടിക്ക് ഇംഗ്ലീഷിന് 35 മാർക്കു കിട്ടിയാലും തോറ്റതായി പ്രഖ്യാപിക്കും. ആ കുട്ടി അഞ്ചു പ്രാവശ്യം പരീക്ഷ എഴുതിയാലും ഇംഗ്ലീഷിന് 35 മാർക്കു കിട്ടുകയുള്ളുവെങ്കിൽ ആ കുട്ടിക്ക് പത്താംക്ലാസ് ജയിച്ചതായി പറയാൻ സാധിക്കുകയില്ല. ചില കുട്ടികൾ ഒരു വിഷയത്തിൽ വീക്കാണെങ്കിലും മറ്റുള്ള എല്ലാ വിഷയങ്ങളിലും നല്ല മാർക്കു വാങ്ങിക്കും. അങ്ങിനെയാണെങ്കിൽ ആ കുട്ടിക്കു പാസായതായി സർട്ടിഫിക്കറ്റു കൊടുക്കുകയില്ല. അതിൽ ഒരു മാറ്റം വരുത്തേണ്ടതല്ലേ എന്ന് ആലോചിക്കേണ്ടതാണ്. എസ്. എസ്. എൽ. സി. ക്ക് ഒരു കോഴ്സ് സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള നടപടികൾ എടുക്കണം. അങ്ങിനെയാണെങ്കിൽ അവരവരുടെ അഭിരുചിക്കനുസരിച്ച് ഉപരിപഠനം നടത്തുന്നതിനും, ഉദ്യോഗത്തിനു പോകണമെങ്കിൽ അതിനും സാധിക്കുന്നതാണ്. മാത്രമല്ല വീണ്ടും വീണ്ടും പരീക്ഷയ്ക്കു ഹാജരാകുക, പണം അടയ്ക്കുക തുടങ്ങിയ വേസ്റ്റും ഒഴിവാക്കാൻ സാധിക്കും. പൊതുപരീക്ഷയുടെ പ്രാധാന്യം കുറഞ്ഞു വരുന്ന ഈ സമയത്ത്, ഇന്റേണൽ പരീക്ഷയുടെ കാര്യത്തിൽ പരിഷ്കാരം വരുത്തിയത് നല്ലതല്ല. ഏതായാലും വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളെപ്പറ്റി ഇത്ര ചുരുങ്ങിയ സമയം കൊണ്ടു ചർച്ച ചെയ്യാൻ സാധിക്കുകയില്ല. അതിൽ ചുരുക്കം ചില കാര്യങ്ങൾ മാത്രം ഓർമ്മിപ്പിച്ചുകൊണ്ടും ഈ ഡിമാന്റിനെ എതിർത്തുകൊണ്ടും ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: നമ്മുടെ ബഡ്ജറ്റിലെ വികസനച്ചെലവുകളിൽ ഏതാണ്ട് 55 ശതമാനത്തോളം വരുന്ന സംഖ്യ ചെലവാക്കുന്ന ഒരു വകുപ്പാണ് ഈ വകുപ്പ്. നമ്മുടെ ജനസംഖ്യയെസംബന്ധിച്ചിടത്തോളം നാലിലൊന്ന് ഭാഗത്തെ ബാധിക്കുന്ന ഒന്നാണ് ഇത്. ഈ കാര്യത്തിൽ വിദഗ്ദ്ധാഭിപ്രായം പറയാൻ കഴിവുള്ള ആളുകൾ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളുമായി പൊരുത്തപ്പെട്ടുപോകത്തക്ക രീതിയിൽ ഈ വകുപ്പിനെസംബന്ധിച്ച് അൽപ്പം നിമിഷംകൊണ്ട് എന്തെങ്കിലും വിദഗ്ദ്ധമായ അഭിപ്രായം പറയാമെന്നുള്ള മൗഢ്യത്തോടുകൂടിയല്ല ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. ബഡ്ജറ്റുപ്രസംഗത്തിൽ വിദ്യാഭ്യാസവകുപ്പിനെസംബന്ധിച്ച് പറഞ്ഞിട്ടുള്ള ഭാഗം സ്വാഗതാർഹമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. വിദ്യാഭ്യാസരംഗങ്ങളിൽ സാരമായ മാറ്റം വരുത്താൻ പോകുന്നു എന്നു സ്പർശിച്ചിട്ടുള്ള ഭാഗം വളരെ സ്വാഗതാർഹമാണ്. വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ നിന്ന് വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് ഉയർത്തുന്ന കാര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ശ്രദ്ധ തിരിച്ചു വിടേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഈ കാര്യം മനസ്സിൽവച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസപ്രവർത്തനങ്ങൾ മുന്നോട്ട് നീക്കേണ്ടതെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇതു പറയുമ്പോൾ വിദ്യാഭ്യാസരംഗത്തുള്ള ന്യൂനതകൾ പരിഹരിച്ച് മുന്നോട്ടു പോകാൻ ശ്രമിക്കുന്നതോടൊപ്പം വിദ്യാലയങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി കഴിഞ്ഞു എന്നുള്ളത് അംഗീകരിക്കാനും സാധ്യമല്ല. വിശേഷിച്ചു ഗ്രാമപ്രദേശങ്ങളെപ്പോലുള്ള വിദ്യാഭ്യാസത്തിന്റെ വെളിച്ചം കണ്ടിട്ടില്ലാത്ത പ്രദേശങ്ങൾ നമ്മുടെ സ്റ്റേറ്റിലുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ആ പ്രത്യേക

പ്രദേശങ്ങളെ കണക്കിലെടുത്തുകൊണ്ട് ആവശ്യമായി വരികയാണെങ്കിൽ വിദ്യാലയങ്ങൾ അനുവദിക്കേണ്ടതാണ്. ഇന്നുള്ള വിദ്യാഭ്യാസമേഖലയിൽ വരുത്താവുന്ന പലവിധത്തിലുള്ള പരിഷ്ക്കാരങ്ങളുംകൊണ്ടു വരാൻ ശ്രമിക്കേണ്ടതായിട്ടുണ്ട്. ഇതു പറയുമ്പോൾ വിദ്യാഭ്യാസമേഖലയിൽ നേരത്തെ വന്നിട്ടുള്ള ക്ഷീണം എത്രയാണെന്നു ഒന്നു ചിന്തിച്ചു നോക്കേണ്ടതാണ്. അടുത്ത കാലത്തെ അഖിലേൻഡ്യാ നിലവാരത്തിലുള്ള മൽസരങ്ങൾ നോക്കുമ്പോൾ കഴിഞ്ഞകാലത്തെ അപേക്ഷിച്ച് കേരളത്തിലെ ജനങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണെന്നു കാണാൻ കഴിയും. ഐ. എ. എസ്., ഐ. പി. എസ്. തുടങ്ങിയുള്ള അഖിലേന്ത്യാ നിലവാരത്തിലുള്ള മൽസരങ്ങളിൽ ഒരു കാലത്ത് കേരളീയർ മുന്നണിയിൽ നിന്നിരുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരുന്നത്. അത് ഇന്നു മാറിയിരിക്കുന്നു. ഇപ്പോൾ നമുക്ക് അതിൽ പ്രാതിനിധ്യം കിട്ടുന്ന കാര്യത്തിൽ വിഷമിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവേ വിദ്യാഭ്യാസരംഗത്ത് വരുത്താവുന്ന പരിഷ്ക്കാരങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കു മുന്നറിയിപ്പ് തരുകയും ആ കാര്യത്തിൽ ശ്രദ്ധാലുക്കളായിരിക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇതുമൂലം ഉണ്ടായിരിക്കുന്നത്.

മററൊരു കാര്യം അധ്യാപകരുടെ പ്രശ്നമാണ്. അധ്യാപകരുടെ കാര്യം എത്രതന്നെ പരിഹരിക്കാൻ ശ്രമിച്ചാലും കൂടുതൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാൽത്തന്നെയും അവരുടെ ശമ്പള പരിഷ്ക്കരണം ഈ ഗവൺമെൻറ് യാതൊരു കാരണവശാലും അടുത്ത കാലത്തു പുന:പരിശോധിക്കാൻ തയ്യാറല്ലെന്നു പറഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികമായി വലിയ ബാധ്യതയില്ലാത്ത പല കാര്യങ്ങളുമുണ്ട്. അദ്ധ്യാപകരെസംബന്ധിച്ചിടത്തോളം ക്വാളിഫൈഡ് ഹാൻഡ്സിനു പ്രമോഷൻ നൽകുക തുടങ്ങിയ കാര്യങ്ങൾ ചെയ്തു കൊടുക്കാൻ സാധിക്കും. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം രസകരമായ ഒരു സംഭവമുണ്ട്. അതു ഭാഷാദ്ധ്യാപകരെ സംബന്ധിച്ചുള്ളതാണ്. ശ്രീ. മൂർത്തി അത് ഇവിടെ ചൂണ്ടിക്കാണിച്ചു. മലയാളം പണ്ഡിററിന്റെ ട്രെയിനിംഗിൽ അദ്ധ്യാപകർക്ക് സയൻസിനു മാർക്കു കുറഞ്ഞു പോയാൽ ബാക്കി എല്ലാ വിഷയങ്ങളിലും പാസ്സായിട്ടുണ്ടെങ്കിലും സയൻസിനു മാർക്കു കുറഞ്ഞുപോയിയെന്നുള്ളതുകൊണ്ട് മാത്രം അദ്ധ്യാപകർക്കു കിട്ടാനുള്ള ആനുകൂല്യത്തെ സംബന്ധിച്ചിടത്തോളം അവർ അവകാശികളല്ലെന്നു വന്നുചേരുന്ന സ്ഥിതിവിശേഷം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുഴുക്കുത്താണ്. ആ വക പ്രശ്നങ്ങൾ വിദ്യാഭ്യാസത്തിന്റെ പല രംഗങ്ങളിലുമുള്ളത് പരിശോധിച്ചു നീക്കണം.

[Mr. Speaker in the chair]

അതുപോലെ തന്നെ സാങ്കേതിക വിദ്യാഭ്യാസരംഗത്ത് വരുത്തേണ്ട മാററങ്ങളെസംബന്ധിച്ചിടത്തോളം എൻജിനീയറിംഗ് കോഴ്സ് നാലുകൊല്ലം വേണമോ അഞ്ചുകൊല്ലം വേണമോ എന്നുള്ളതിനെപ്പററി പല വിദഗ്ദ്ധാഭിപ്രായങ്ങളുമുണ്ട്. വിദ്യാഭ്യാസവിദഗ്ദ്ധൻമാരുടെ സമിതികൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ ചില കാര്യങ്ങളെടുത്തു പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന്റെ വിഷമമാണിത്. അഖിലേൻഡ്യാ നിലവാരത്തിൽ ഏതു രീതിയിലാണ് പ്രാവർത്തികമാക്കുവാൻ സാധിക്കുക, അങ്ങനെ പ്രാവർത്തികമാക്കുന്ന സന്ദർഭത്തിൽ എൻജിനീയറിംഗ് കോഴ്സ് നാലു വർഷമോ അഞ്ചുവർഷമോ ഏതാണ് പ്രായോഗികമായിട്ടുള്ളതെന്ന് അഖിലേന്ത്യാതലത്തിൽ എല്ലാ സംസ്ഥാനങ്ങളും പൊതുവേ ചിന്തിച്ചു നടപ്പിൽ വരുത്തേണ്ട ഒരു കാര്യമാണിത്. അതുപോലെ തന്നെ കോത്താരികമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പരിഷ്ക്കാരങ്ങൾ വരുത്തുന്നതിൽ വന്നിട്ടുള്ള ന്യൂനതകളാണ് ഈ വക കാര്യങ്ങൾ. ഈ മേഖലയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസരംഗത്ത് കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷൻ രംഗത്തായാലും ശരി, സെക്കണ്ടറി എഡ്യൂക്കേഷൻ രംഗത്തായാലും ശരി സാങ്കേതിക വിദ്യാഭ്യാസരംഗത്തായാലും ശരി മാനേജുമെൻറുകളുടെ പങ്ക് അംഗീകരിക്കുന്നതോടൊപ്പംഇന്നു വന്നിട്ടുള്ള ബുദ്ധിമുട്ടുകളും കൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഉള്ള പ്രശ്നം ഒരു വലിയ പ്രശ്നമാണ്. ഒററപ്പാലം കോളേജിൻെറ കാര്യം ഇവിടെ പറഞ്ഞു. ഇതു പല കോളേജുകളിലുമുണ്ട്. തൃശ്ശൂരിൽ കേരളവർമ്മ കോളേജ്, മാനേജുമെൻറിന് നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. അതിൻെറ ഫലമായി അദ്ധ്യാപകരും വിദ്യാർത്ഥികളുമാണ് കഷ്ടം അനുഭവിക്കുന്നത്. വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള കാലത്ത് പീരിയഡ് നഷ്ടപ്പെടുന്നു, അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ല, ഈ വക സമയങ്ങളിൽ ഗവൺമെൻറ് മുന്നോട്ടു വന്ന് മാനേജ്മെൻറ് ഏറെറടുത്തുകൊണ്ട് അദ്ധ്യാപകരുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കാൻ തയ്യാറാകണം. സ്കൂൾ വെക്കേഷനെസംബന്ധിച്ചുള്ള തർക്കം വന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാലവർഷം വടക്കും തെക്കും വ്യത്യസ്തമാണ്. കേരളത്തിൻെറ വടക്കും തെക്കും മധ്യഭാഗങ്ങളിലും കാലാവസ്ഥയിൽ വ്യത്യാസമുണ്ട്. വേനൽക്കാലത്തെ സംബന്ധിച്ചിടത്തോളം ആ സമയത്ത് നമ്മുടെ സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലും ശുദ്ധജലംകിട്ടാൻ വിഷമമുണ്ട്. ശുദ്ധ ജലം കുടിക്കാൻ പോലും നിവൃത്തിയില്ലാത്ത ഒരു സാഹചര്യത്തിൽ വേനൽക്കാലത്ത് വെക്കേഷൻ ഏർപ്പാട് നിറുത്തൽ ചെയ്യുന്നത് സൂക്ഷിച്ച് ചെയ്യേണ്ട കാര്യമാണ്. ഇതു പരിഗണിച്ചുകൊണ്ട് പ്രത്യേകമായി കാലാവസ്ഥ മോശമാകുന്ന കാലഘട്ടത്തിൽ പത്തോ പതിനഞ്ചോ ദിവസം അവധികൊടുക്കാനുള്ള കരുതൽ നടപടി സ്വീകരിച്ചുകൊണ്ട് വെക്കേഷൻ തീർച്ചയായും ഇന്നത്തെ നിലയിൽ തുടരണം.

ശ്രീ. കെ. കെ. അബു: ഈ മാസം 16-ാം തീയതി അസംബ്ളിക്കു ഒഴിവുദിവസമായി വച്ചിരിക്കുകയാണ്. 13-ാം തീയതികൂടി ഒഴിവു നൽകിയാൽക്കൊള്ളാമെന്നുള്ള അഭിപ്രായം സഭയിൽ പൊതുവേ ഉണ്ടെന്നു തോന്നുന്നു. അങ്ങ് ഈ കാര്യം അന്വേഷിക്കുന്നതു കൊള്ളാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: 13-ാം തീയതി വച്ചിട്ടുള്ള അനൗദ്യോഗികപ്രമേയം 24-ാം തീയതി വയ്ക്കുകയാണെങ്കിൽ കുഴപ്പമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: 24-ാം തീയതി അനൗദ്യോഗികപ്രമേയം മാത്രമല്ല, അതോടൊപ്പംതന്നെ അന്നു സപ്ളിമെൻററി ഗ്രാൻറിനുള്ള അപ്രോപ്രിയേഷൻ ബിൽകൂടി ചർച്ചയ്ക്കു വെച്ചിട്ടുണ്ട്. നാളത്തെ പരിപാടിയിൽ രണ്ടു ബില്ലുകളുടെ ചർച്ചയ്ക്കുകൂടി ഉദ്ദേശിക്കപ്പെട്ടിരുന്നതാണ്. 24-ാം തീയതി വെള്ളിയാഴ്ച അല്ലാത്തതുകൊണ്ട് അരമണിക്കൂർ സമയം കൂടുതൽ കിട്ടും. അന്നത്തെ ദിവസം നാളത്തേക്കു വച്ചിരുന്ന സപ്ളിമെൻററി ഗ്രാൻറുകൂടി വയ്ക്കാം.

ശ്രീ. ബി. മാധവൻനായർ: നാളെ അവധിയായി പ്രഖ്യാപിക്കണമെന്നു പറയുന്നതു മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ പോളിററ് ബ്യൂറോകൂടാൻ പോകുന്നതിനുവേണ്ടിയാണെന്നുതോന്നുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതു അങ്ങ് പാർട്ടി നേതാക്കൻമാരുമായി സംസാരിക്കേണ്ടകാര്യമാണ്. ഐ. എസ്. പിയുടെ പോളിററ് ബ്യൂറോ സെക്രട്ടറിയായിരിക്കും മാധവൻനായർ. ഇത്തരം അബദ്ധം ഇവിടെ പറയുന്നത് ഏതായാലും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആ പരാമർശനം ആവശ്യമില്ലാത്തതാണ്. പോട്ടെ. ബഹുമാനപ്പെട്ട സഭാനേതാവിന്റെ നിർദ്ദേശം പരിഗണിച്ചുകൊണ്ടു നാളെ അസംബ്ളിക്കു ഒരു ഒഴിവുദിവസമായി പ്രഖ്യാപിക്കുകയാണ്.

ശ്രീ. കെ. പി. ആർ. ഗോപാലൻ: ഇന്നലത്തെ മറുപടിയെപ്പററി സംസാരിക്കാൻ അനുവാദം തരാമെന്നു അങ്ങു പറഞ്ഞു. അതുകൊണ്ട് അതു റെയിസ് ചെയ്യാൻ സമയം തരണം.

മി. സ്പീക്കർ: അടുത്ത ദിവസം പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ): സർ, സമയം അൽപ്പംകൂടി അങ്ങു നീട്ടിത്തരുമെങ്കിലും സങ്കഷീണിച്ചിരിക്കുന്ന സന്ദർഭത്തിൽ ദീർഘമായി സംസാരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ദീർഘമായി സംസാരിക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ടു ബഹുമാനപ്പെട്ട മെമ്പറൻമാർ വിദ്യാഭ്യാസവകുപ്പിലെ നിരവധി പ്രശ്നങ്ങളെ ക്കുറിച്ചു നൽകിയ വിദഗ്ദ്ധമായ അഭിപ്രായങ്ങളെക്കുറിച്ചൊന്നും എനിക്കു പരാമർശിക്കുവാൻ സമയമുണ്ടാകുകയില്ല. അത് ആ പ്രശ്നങ്ങളെക്കുറിച്ചു ആ അഭിപ്രായം പറഞ്ഞ മെമ്പറൻമാരോടുള്ള അനാദരവായി ആരും കണക്കാക്കരുതെന്നു മുഖവുരയായി പറഞ്ഞുകൊള്ളട്ടെ. ഇവിടെ വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിനു ദരിദ്രകേരളത്തിനു ബഡ്ജററിൽ നിന്നു ഭീമമായ ഒരു സംഖ്യ ആവശ്യപ്പെടുന്ന ഒരു മന്ത്രിക്കാവശ്യമായ എല്ലാ വിനയത്തോടുംകൂടി ഈ സംഖ്യ വളരെ സൂക്ഷ്മമായും വളരെ പ്രയോജനപ്രദമായും ഉപയോഗിക്കുന്നതിന് എന്റെ കീഴിലുള്ള വകുപ്പധ്യക്ഷൻമാരും ഗവൺമെൻറും ശ്രമിക്കുന്നതാണെന്നു പൊതുവേ പറയാൻ ഞാൻ ഉദ്ദേശിക്കുന്നു.

എന്റെ പ്രഗൽഭനായ സ്നേഹിതൻ ശ്രീ. ശേഷൻ അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ വിദ്യാഭ്യാസരംഗത്തു വരുത്താവുന്ന അല്ലെങ്കിൽ വിദ്യാഭ്യാസരംഗത്തു വരുത്താൻ ഉദ്ദേശിക്കുന്ന മാററങ്ങളെപ്പററി വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അത്ര വിശദമായിപ്പോലും അതേപ്പററി പ്രതിപാദിക്കുന്നതിനു എനിക്കും സമയമില്ലാതെ പോകുന്നതു കഷ്ടമാണ്. എങ്കിലും ആ അഭിപ്രായത്തിൽ ഗവൺമെൻറു ഉറച്ചുനിൽക്കുമെന്നുപറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ മണ്ഡലത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രധാനമാററം, അതിന്റെ എണ്ണത്തെ സംബന്ധിച്ചുള്ള അതിന്റെ വികസനത്തെ സംബന്ധിച്ചുള്ള ഊന്നലിൽനിന്നു മാറി അതിന്റെ ഗുണത്തെ സംബധിച്ച ഊന്നലുണ്ടാകും, എന്നതാണ്.

ഇങ്ങനെ ഉണ്ടാകുമ്പോഠം പ്രവൃത്തി ദിവസങ്ങളെസംബന്ധിച്ചു അൽപ്പം കൂടുതൽ വേണ്ടിവരും. അദ്ധ്യാപകൻമാരുടെ സംഘടനകളോടും വിദ്യാഭ്യാസത്തിന്റെ ഉപദേശകബോർഡിനോടും എല്ലാം ആലോചിച്ചാണ് അൽപ്പം പ്രവൃത്തി ദിവസം കൂട്ടാൻ—കോത്താരി കമ്മിഷൻ ശുപാർശ ചെയ്തിടത്തോളം ആയിട്ടില്ല—ഗവൺമെൻറു തീരുമാനിച്ചത്. അദ്ധ്യാപകരുടെ അവശതകളെ സംബന്ധിച്ചിടത്തോളം ഉള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുകൊടുത്തു രസീതുവാങ്ങിയതിനുശേഷമേ വിദ്യാഭ്യാസമണ്ഡലത്തിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങഠം വരുത്താൻ കഴിയൂ എന്നു അദ്ധ്യാപകരും ഇപ്പോഠം അവർക്കുവേണ്ടി വാദിക്കാൻ നിർബന്ധിതരായവരും ശഠിക്കുകയാണെങ്കിൽ ഈ ദരിദ്രമായ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇവിടെ താഴ്ന്നുവരുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തിയാൽ അതു സഹായകരമായിരിക്കുകയില്ല. ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ നമ്മുടെ വിദ്യാഭ്യാസം എണ്ണത്തിൽ കൂടിയിട്ടുണ്ടെങ്കിലും നമ്മുടെ ബിരുദധാരികഠം അഖിലേന്ത്യാമൽസര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും മററും, പങ്കെടുക്കുമ്പോൾ അവരുടെ പെർഫോമൻസു ഉദ്ദേശിച്ചതുപോലെ നന്നാവുന്നില്ല. ഏററവും താഴെ മണ്ഡലത്തിൽവച്ചു വിദ്യാഭ്യാസത്തിൻെറ നിലവാരം ഉയർത്തേണ്ടതുണ്ട്. സയൻസിനും മാത്തമെററിക്സിനുമുള്ള പീരിയഡുകൾ കൂട്ടേണ്ടതുണ്ട്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഇൻഡ്യയിൽത്തന്നെയും ഏററവും ചെറിയ സംസ്ഥാനങ്ങളിൽപ്പോലും സയൻസിൻെറയും മാത്തമെററിക്സിൻെറയും നിലവാരം കൂട്ടാനുള്ള ഏർപ്പാടുകൾ നടത്തുന്നുണ്ട്. അങ്ങനെ കൂട്ടുമ്പോൾ ഭാഷയ്ക്കും മററുകാര്യങ്ങൾക്കും ചിലപ്പോൾ ചില കുറവുകൾ വരും. അതേയവസരത്തിൽ ഭാഷമാത്രം പഠിച്ചു അതിൽ ഉയർന്നുവരണമെന്നുള്ളവർക്കു അതിലേക്കായി പോകാം. ഞാനൊക്കെ പഠിക്കുന്ന കാലത്തു പൊയട്രിക്കും മററും അനുവദിച്ച പീരിയഡുകൾ ഇന്നു അനുവദിക്കുന്നില്ല. കാലത്തിൽ കാര്യമായ മാററം ഉണ്ടായിട്ടുണ്ട്. ചന്ദ്രമണ്ഡലത്തെപ്പററി സംസാരിക്കുകയും ശാസ്ത്രത്തെക്കുറിച്ചു പിറുപിറുക്കുകയും ചെയ്യുന്ന ഒരു വിദ്യാർത്ഥിലോകത്തെയാണു നമ്മൾ ഇന്നു നേരിടുന്നത്. ഈ കാലാവസ്ഥയ്ക്കനുസരിച്ചു ചില്ലറ മാററങ്ങൾ വേണ്ടിവരും. അതുകൊണ്ടു ഞാൻ ഏതെങ്കിലും ഒരു ഭാഷയുടെ വിരോധി എന്നു കരുതുന്നതു ശരിയായിരിക്കുകയില്ല. ഹിന്ദി പരിശീലനത്തെസംബന്ധിച്ചു ചെയ്തു എന്നു പറയുന്നതു എന്നെപ്പററി തെററിദ്ധാരണപരത്തുവാൻ പോരുന്നതാണ്. അങ്ങനെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതു ശരിയല്ല. എല്ലാ സ്ഥലങ്ങളിലും ഇഷ്ടംപോലെ ആളുകൾ ചെറിയ ചെറിയ സ്ക്കൂളുകൾ ഉണ്ടാക്കി അവിടെനിന്നെല്ലാം ഇഷ്ടംപോലെ അദ്ധ്യാപകരെ വാർത്തുവിട്ടാൽ ആ അദ്ധ്യാപകരെല്ലാം നമ്മെ തുറിച്ചുനോക്കുന്ന പ്രശ്നമായി വരണമെന്നു ഗവൺമെൻറിനു അഭിപ്രായമില്ലാത്തതുകൊണ്ട് ഏതു പരിശീലനത്തിനും ഗവൺമെൻറിനു ആവശ്യമായ നിയന്ത്രണം ആവശ്യമായതുകൊണ്ട് ഗവൺമെൻറു അങ്ങനെ ചെയ്യുന്നുണ്ട്. ഗവൺമെൻറുതന്നെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകരുടെ സ്ഥിതിയെന്താണ്? സാധാരണ അദ്ധ്യാപകരുടെ നാമമാത്രമായ പരിശീലന യൂണിററുകൾ മാത്രമേ ഇന്നുള്ളൂ. ഏഴായിരത്തിൽ ചില്വാനം പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ ഇന്നു വലിയൊരു ചോദ്യചിഹ്നമായി ഈ രാജ്യത്തു നിൽക്കുകയാണ്. എന്നിട്ടു കുറെ ആളുകൾവന്നു ഞങ്ങൾക്കും കുറെ ആളുകളെ പരിശീലിപ്പിക്കണം അതിനു അനുവാദം വേണമെന്നു പറഞ്ഞാൽ പരിശീലിപ്പിക്കരുതെന്നു വിനീതമായി പറയുമ്പോൾ അദ്ധ്യാപകവിരോധമാണെന്നും ഹിന്ദിവിരോധിയാണെന്നും പറഞ്ഞാൽ ഇങ്ങനെയുള്ള വിമർശനങ്ങളൊക്കെ തള്ളിക്കളയാതെ യാതൊരു മാർഗ്ഗവുമില്ല. ഞാൻ ഏതോ കരിമ്പിൻ തോട്ടത്തിൽ കയറി അവിടെയുള്ള കരിമ്പിനു ഉപദ്രവമുണ്ടാക്കി എന്നു ശ്രീമാൻ പൊതുവാൾ വലിയ ഒരു ഉപമാസമ്പന്നനെപ്പോലെ ഇവിടെ പറയുകയുണ്ടായി. ശ്രീമാൻ പൊതുവാൾ അഭിഭാഷകനു പകരം ഒരു കവി ആകേണ്ടതായിരുന്നു. എങ്കിൽ രണ്ടു ജോലിയോടും അദ്ദേഹത്തിനു നീതിചെയ്യാൻ കഴിയുമായിരുന്നു. ഇങ്ങനെ കരിമ്പിൻ തോട്ടത്തിൽ ഞാൻ ഇപ്പോൾ വന്നതല്ലല്ലോ? നേരത്തെതന്നെ ഉണ്ടായിരുന്നല്ലോ എന്നുള്ളതാണു എനിക്കു പറയാൻ തോന്നുന്നത്. അന്നൊന്നും കരിമ്പിൻ തോട്ടത്തിൽനിന്നു എന്നെ സംബന്ധിച്ചു ആർക്കും ഒരു പരാതിയും ഉണ്ടായിരുന്നില്ല. ഇപ്പോൾ അതൊരു കരിമ്പിൻ തോട്ടമാണെന്നും അവിടെ ഒരു ആനയുണ്ടെന്നുമൊക്കെ ശ്രീമാൻ പൊതുവാളിനു തോന്നാൻ ചില കാരണങ്ങളുണ്ട്. അദ്ദേഹത്തിൻെറ വിമർശനങ്ങൾ വളരെ നിർദ്ദയവും വളരെ അവാസ്തവജടിലവുമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഇതിൽ കൂടുതൽ ക്രൂരമായ വാക്കുകൾ എനിക്കു പറയാൻ വയ്യ. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ധ്യക്ഷനും ശ്രീ. ജോസഫ് മുണ്ടശ്ശേരി, ഇവിടത്തെ ഫൈനാൻസ് സെക്രട്ടറി മുതലായ ആളുകൾ അംഗങ്ങളായ ഒരു കമ്മിററി ഏർപ്പെടുത്തിയ ഒരു സെലക്ഷൻ കമ്മിററി ഇവിടെ ഏതോ പ്രൂഫ് റീഡറെ

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുത്തതിൽ എന്തോ അപാകത ഉണ്ടായതിന്റെ പാപം എന്റെ തലയിൽ വച്ചുകെട്ടാൻ അദ്ദേഹം ശ്രമിച്ചതു മലർന്നുകിടന്നു മേൽപ്പോട്ടു തുപ്പുന്നതു പോലുള്ള അനുഭവമായി അദ്ദേഹത്തിന്റെ പാർട്ടിയുടെ നേരെതന്നെ സ്പ്രിംഗ് ചെയ്തതു കഷ്ടമായി തോന്നുന്നു. ശ്രീമാൻ കരിമിനെ സംബന്ധിച്ചു അദ്ദേഹം പറയുകയുണ്ടായി. മുമ്പാണെങ്കിൽ കരീം എന്റെ കുടുംബക്കാരനാണെന്ന് ആ ഭാഗക്കാർ പറഞ്ഞിരുന്നു. ഇപ്പോൾ അങ്ങനെ പറയാൻ വയ്യ. കാരണം ഞാൻ വടക്കേ മലബാറുകാരനും ശ്രീ. കരിം ഇടവനക്കാട്ടുകാരനുമാണ്. അദ്ദേഹം പണ്ടൊരു ലക്ചററായിരുന്നു. ശ്രീധരമേനോനായിരുന്നു ഗസററിയറിന്റെ എഡിററർ. അദ്ദേഹം മാറിപ്പോയപ്പോൾ ലെക്ചററായിരുന്ന ശ്രീ. കരിം ആ സ്ഥാനത്തുവന്നു. ശ്രീമാൻ കരിമാണെങ്കിൽ എം. എ. ആണ്, പി. എച്ച്. ഡി. ആണ്. ചരിത്രപരമായി പി. എച്ച്. ഡി. എഴുതി തീസിസ് നേടിയ ആളാണ്. അതിനുപുറമേ ആർക്കീവ്സു സംബന്ധിച്ചു ഡെൽഹിയിൽപ്പോയി പ്രത്യേകം ഡിപ്ലോമായും എടുത്തിട്ടുണ്ട്. ഇങ്ങനെയുള്ള ആളെ തിരഞ്ഞെടുത്തതു അഴിമതിയാണെന്നു പറഞ്ഞാൽ എത്ര വിഷമകരമാണ്.

അതുപോലെതന്നെ സർ, ഈയിടെയായി ജനസംഘത്തിന്റെ പാളയത്തിലേക്കു പോയിക്കൊണ്ടിരിക്കുന്ന എന്റെ സ്നേഹിതൻ അപ്പു മാസ്ററർ അറബി അദ്ധ്യാപകരെപ്പററി പലതും ആരോപിക്കുകയുണ്ടായി. ഞാൻ അറബി അദ്ധ്യാപകരോടു വളരെയധികം പക്ഷപാതം കാണിച്ചിരിക്കുന്നു എന്നും പഴയവാദം പഴകിയ പുട്ടു എന്നു സജ്ജയൻ പറഞ്ഞതുപോലെയുള്ള പഴയവാദം ഇവിടെ അദ്ദേഹം പറയുകയുണ്ടായി.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ആ പാളയം അങ്ങയുടെ അടിയിൽ വന്നിരിക്കുകയാണല്ലോ, അതു വളരെ സന്തോഷകരമല്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആ പാളയം പ്രകാരാന്തരേണ മദ്ധ്യത്തിലിരിക്കുന്ന അപ്പുമാസ്ററരിൽക്കൂടി അങ്ങയുടെ പാളയത്തിൽത്തന്നെയാണ് എത്തുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: രാജഗോപാലന്റെ സ്റേറററുമെന്റു പത്രങ്ങളിൽ വന്നിട്ടുണ്ടല്ലോ?

ശ്രീ. എ. കെ. അപ്പു: ഖണ്ഡിക്കാൻ നോക്കാതെ കാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ പറയണം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞങ്ങളുടെ ഭരണം ചിലർക്കു അനുകൂലിക്കേണ്ടിയും പ്രതികൂലിക്കേണ്ടിയും വന്നിട്ടുണ്ട്. എന്താണ് ഇവിടെ നടന്നത്. അഡ്വൈസർ ഭരണകാലത്ത് 5—ാം തരംവരെയുള്ള സ്ക്കൂളുകളിൽ പഠിപ്പിച്ചിരുന്ന അറബി ടീച്ചേഴ്സിനെ സ്പെഷ്യൽ ടീച്ചേഴ്സായി കണക്കാക്കി. 5—ാം തരത്തിനുമുകളിലുള്ള അറബി ടീച്ചേഴ്സിനെലാംഗ്വേജ് ടീച്ചേഴ്സായും കരുതിയിരുന്നു. ഇതൊരു അപകാതയാണെന്നു പറഞ്ഞ് അഡ്വൈസർ ഭരണകാലത്ത് ഒരു ഫയലുണ്ടായിരുന്നു. നമ്മെളെല്ലാം അധികാരത്തിൽ വന്നകാലത്ത് അതു ഞങ്ങളുടെ കയ്യിൽ വന്നു. അതു ശരിയല്ലെന്നും 5—ാം തരം വരെ പഠിപ്പിക്കുന്നവരെ സ്പെഷ്യൽ ടീച്ചേഴ്സെന്നും ആറാംതരത്തിൽ പഠിപ്പിക്കുന്നവരെ ലാംഗ്വേജ് ടീച്ചേഴ്സെന്നും കണക്കാക്കുന്നത് ശരിയല്ലെന്നു പറഞ്ഞ് രണ്ടും ലാംഗ്വേജ് ടീച്ചേഴ്സാണെന്ന് പറഞ്ഞ് ഒരു തീരുമാനം ഇ. എം. എസി. ന്റെ ഭരണകാലത്തുതന്നെ എടുത്തു. അങ്ങനെ തീരുമാനമെടുത്തതിന് എന്നെയും ഇ. എം. എസിനെയും അവർ അന്നു വിമർശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഏതോ ഗവേഷണശാലയിൽനിന്ന് കണ്ടെടുത്ത് ഇപ്പോൾ ഇവിടെ അവതരിപ്പിക്കേണ്ടിവന്ന അവസരം അപ്പുമാസ്റ്റർക്ക് ഉണ്ടായി എന്നുള്ളതാണ് പരമാർത്ഥം. അറബിഭാഷ ഒരു പ്രത്യേക സമുദായത്തെ വിദ്യാഭ്യാസത്തിലേയ്ക്ക് ആകർഷിക്കാൻ വേറെയൊരു രാഷ്ട്രാന്തരീയമായ ഒരു ഭാഷ എന്ന നിലയിലും അതിന്റെ പഠനത്തിന് ഏർപ്പാടു ചെയ്തിന്റെ പാപം ചെയ്ത് വിനീതനായ സി. എച്ച്. ആണ്.

ശ്രീ. ഏ. കെ. അപ്പു: സർ, ഒരു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ വഴങ്ങുന്നില്ല. നിങ്ങൾ പ്രസംഗിച്ചപ്പോൾ ആർക്കും വഴങ്ങിയില്ലല്ലോ അതുപോലെ ഞാനും വഴങ്ങുന്നില്ല. തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്തും. കൊച്ചി മഹാരാജാവിന്റെ കാലത്തും ഇങ്ങനെ ചെയ്തിരുന്നു. മലബാറിൽ ബ്രിട്ടീഷ് ഗവൺമെൻറിന്റെ കാലത്തും അറബി പഠിപ്പിച്ചിരുന്നു. അങ്ങനെ പഠിച്ചു വന്ന ആളാണ് ബഹുമാനപ്പെട്ട ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി. ഇതൊക്കെ ആ കാലഘട്ടത്തിൽ നടന്നു. ശ്രീമാൻ മുണ്ടശ്ശേരിയും അച്യുതമേനോനും മററും ഉണ്ടായിരുന്ന ആ ഭരണകാലത്തു ഇവിടെയുണ്ടായിരുന്ന അറബി അദ്ധ്യാപകരുടെ തസ്തിക മലബാറിലേക്കുകൂടി ബാധകമാക്കണമെന്ന് ഞാൻ നിവേദനം നൽകുകയും അന്നത്തെ ഗവൺമെൻറു ഔദാര്യപൂർവം മലബാറിലേക്കുകൂടി നടപ്പിലാക്കുകയും ചെയ്തു. ഞാൻ എന്തോ ഒരു പ്രത്യേകമായ കാര്യം ഒരു സമൂഹത്തിന് ചെയ്തുകൊടുത്തിരിക്കുന്നു. എന്നു പറഞ്ഞ് എന്നോടുള്ള വ്യക്തിവിദ്വേഷംകൊണ്ട് 31 മാസത്തിനു മുമ്പു ചെയ്ത സംഗതികളെക്കുറിച്ച് പറഞ്ഞ് പാവപ്പെട്ട അറബി അദ്ധ്യാപകരുടെ കഞ്ഞിയിൽ മണ്ണിടുന്ന ക്രൂരവും സംകുചിതവുമായ വർഗ്ഗീയമനസ്ഥിതിയാണു കാണിക്കുന്നത്. അതിന്റെ പേരിൽ വ്യാജങ്ങൾ നെയ്തെടുക്കാനുള്ള പ്രത്യേകമായ സാമർത്ഥ്യവും ശ്രീ. അപ്പുമാസ്റ്റർ കാണിച്ചത് നിർഭാഗ്യകരമായി എന്നു മാത്രമേ എനിക്കു പറയാനുള്ളൂ.

അതുപോലെതന്നെ കുറെ ആളുകൾ ഹോളിഡേ മാററുതെന്നു പറഞ്ഞു. ഹോളിഡേ മാററുന്നതിനെസംബന്ധിച്ച് എനിക്ക് ആദ്യകാലത്ത് അഭിപ്രായമുണ്ടായിരിന്നില്ല. അതുണ്ടായത് എങ്ങനെയാണ് കണ്ണവത്തും പുന്നപ്രയിലും കുറേ കുട്ടികൾ മരിച്ചപ്പോൾ കേരളത്തിലെ എല്ലാ പത്രങ്ങളും സ്ക്കൂൾ സമയം മാററണമെന്ന് എഴുതുകയുണ്ടായി. അങ്ങനെയായാൽ മൈഗ്രേഷന് ബുദ്ധിമുട്ടാകും വിദ്യാർത്ഥികൾക്ക് ചൂടുകാലത്തു പഠിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്ന് ഓരോ ഒഴിവുകഴിവുകളാണ് ഞാൻ പറഞ്ഞത്. പലരും അതുസംബന്ധിച്ചു പറഞ്ഞു. തലശ്ശേരി മുനിസിപ്പൽ കൗൺസിൽ ഇതുസംബന്ധിച്ച് ഏകകണ്ഠമായി ഒരു പ്രമേയം 18–8–1969-ൽ പാസാക്കി അയച്ചിട്ടുണ്ട്. പല അദ്ധ്യാപക സംഘടനകളും പ്രമേയം പാസാക്കി അയച്ചിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് എന്നിട്ടും ആക്ഷൻ തുടങ്ങുന്നത് എന്റെ ഭാഗത്തുനിന്നല്ല. ഞാൻ ഈ മാതിരി കാര്യങ്ങളിൽ ഒരു യാഥാസ്ഥിതികനാണ്. ഒരു പരിഷ്ക്കാരം വരുത്തുമ്പോൾ പെട്ടെന്നു ചെയ്യുകയില്ല. അന്ന് ഇ. എം. എസ്. ആയിരുന്നു മുഖ്യമന്ത്രി — അദ്ദേഹമാണ് ആദ്യമായിട്ട് 25 ജൂലൈ 1969-ൽ എഡ്യുക്കേഷൻ സെക്രട്ടറിക്ക് ഒരു നോട്ടിടുന്നത്. വെക്കേഷൻ മഴക്കാലത്ത് ആക്കണമെന്ന്. അദ്ദേഹത്തെ കുററം പറയുകയല്ല. മഴക്കാലത്ത് സ്ക്കൂളുകൾ ഇടിഞ്ഞുവീണുപോകുന്നു അതുകൊണ്ട് വെക്കേഷൻ മാററുന്നതിന് ഒരു പരീക്ഷണം നടത്തണമെന്നു പറഞ്ഞു. അതു ശരിയായിരുന്നു. എന്നിട്ടും ഒരു ശങ്ക. ഒരു ഘട്ടത്തിൽ വന്നപ്പോൾ ഞാൻ പറഞ്ഞു അദ്ധ്യാപകരോടു ആലോചിക്കണമെന്ന്. എല്ലാ എം.എൽ.ഏ. മാർക്കും വിദ്യാഭ്യാസവകുപ്പിന്റെ അഡിഷണൽ സെക്രട്ടറിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉമാശങ്കർ കത്തയച്ചു. കത്തിന്റെ കോപ്പിയുണ്ട്. കുറെ എം.എൽ.എ. മാർ നിർദ്ദേശങ്ങൾ തന്നിട്ടുണ്ട്. ശ്രീ. വി. പി. സി. തങ്ങളും മററു ചില എം.എൽ.എ. മാരും 30 അദ്ധ്യാപകരും അനുകൂലിച്ചിട്ടുണ്ട്. ഇതിനെപ്പററിയുള്ള മാതൃഭൂമിയുടെ കട്ടിംഗ് ഉണ്ട്. അദ്ധ്യാപക സംഘടനകൾ പ്രമേയം പാസാക്കി. അദ്ധ്യാപകർ പിന്നീട് ഈ കാര്യം പുനരാലോചിച്ച് വെക്കേഷൻ ഒന്നിച്ചു കിട്ടാത്തതിന്റെ അസൗകര്യങ്ങളെക്കുറിച്ച് ആലോചിച്ചുകാണും. ഒരു പരീക്ഷണമെന്ന നിലയിൽ നോക്കുക മാത്രമേയുള്ളു. ഇതുകൊണ്ട് എന്തെങ്കിലും വിഷമമുണ്ടാവുകയാണെങ്കിൽ അതിനെക്കുറിച്ച് വീണ്ടും ആലോചിക്കാവുന്നതാണ്. ചൂടെന്നാണ് പറയുന്നത്. ചൂടെന്നു പറയുന്നത് നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടോ? നമ്മുടെ കേരളത്തിലെ ചൂട് ഒരു ചൂടാണോ? ഡെൽഹി, രാജസ്ഥാൻ മുതലായ സ്ഥലങ്ങളിൽ ചൂട് മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്ന സമയത്തുപോലും സ്ക്കൂളുകൾ നടത്തുന്നുണ്ടെന്നുള്ളതാണ് പരമാർത്ഥം. ഏതായാലും നമ്മുടെ കുട്ടികൾക്ക് ഇതുകൊണ്ട് എന്തെങ്കിലും വിഷമം ഉണ്ടാവുകയാണെങ്കിൽ അതിനെക്കുറിച്ച് പുനരാലോചിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. വിദ്യാഭ്യാസത്തിന്റെ ആകപ്പാടെയുള്ള പ്രവർത്തനത്തെക്കുറിച്ച് വീക്ഷണത്തിലുണ്ടാവുന്ന പരിവർത്തനത്തെക്കുറിച്ച് പറഞ്ഞതു ശ്രീ. കുമാരപിള്ളയാണ്. അദ്ദേഹത്തിന്റെ പരാമർശനത്തെക്കുറിച്ച് ദീർഘമായി പറയാൻ പല മെമ്പറൻമാരും വിശന്നുവലഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരുകാലത്തു സാങ്കേതിക വിദ്യാഭ്യാസം വേണമെന്നായിരുന്നു നമ്മുടെ മുദ്രാവാക്യം. സാങ്കേതിക വിദ്യാഭ്യാസം നേടുക അല്ലെങ്കിൽ നശിക്കുക, ഇഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടാക്കുക, പോളിടെക്നിക്കുകൾ ഉണ്ടാക്കുക എന്നെല്ലാം പറഞ്ഞ് ആളുകൾ വന്നിട്ടുണ്ട്. അതു കൊണ്ട് തൊഴിൽ പഠിക്കുന്നതോടൊപ്പം തൊഴിലിനുള്ള സാദ്ധ്യതകളും ഉണ്ടാകണം. അതാണ് അദ്ദേഹം പറഞ്ഞത്. ഇതിൽ പരിഷ്ക്കാരം വരുത്തേണ്ടതിന്റെ ആദ്യപടിയായി കാർഷികരംഗത്തും വ്യാവസായിക രംഗത്തുമുള്ള തൊഴിൽ സാദ്ധ്യതയെക്കുറിച്ച് ചിന്തിക്കണം. ഇല്ലെങ്കിൽ എല്ലാവരുംകൂടി പഠിച്ചുവന്നാൽ അതൊരു വിഷമ പ്രശ്നമാകും. വർക്ക് എക്സ്പീരിയൻസിനെപ്പററി കോത്താരി കമ്മീഷൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെപ്പററി പല റിപ്പോർട്ടുകളുമുണ്ട്. മുതലിയാർ കമ്മിററി റിപ്പോർട്ട്, കോത്താരി കമ്മീഷൻ റിപ്പോർട്ട് ഡാക്ടർ സക്കീർ ഹുസൈൻ, ഡാക്ടർ രാധാകൃഷ്ണൻ, ചന്ദ്രസേനൻ മുതലായ വിദ്യാഭ്യാസ വിദഗ്ദ്ധൻമാർ പലരും പറഞ്ഞ പല വിദഗ്ധാഭിപ്രായങ്ങളും ഗവൺമെന്റ് പരിഗണിച്ച് അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം നടപ്പിൽ വരുത്താനുള്ള ആലോചനകൾ പലതുമുണ്ട്. പക്ഷേ ഇതിനെല്ലാം തടസ്സമായി നിൽക്കുന്നത് ആശയ ദാരിദ്ര്യമല്ല. റിപ്പോർട്ടിന്റെ ദാരിദ്ര്യവുമല്ല. കാശിന്റെ ദാരിദ്ര്യമാണ്. വാസ്തവത്തിൽ ചിലതിന്റെ കാര്യം പറഞ്ഞാൽ ഒട്ടകത്തിന്റെ മുതുകിലുള്ള അവസാനത്തെ പുൽക്കൊടിയായിരിക്കും. ദിവസേന ഈരണ്ടു ബിൽഡിംഗ്സ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും പ്രശ്നത്തിന്റെ വക്കത്തുപോലും തൊടാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ വക എല്ലാകാര്യങ്ങളിലും പൊതുജനങ്ങളുടെ സഹകരണം ഉണ്ടാകണം. അദ്ധ്യാപകൻമാർക്ക് ശമ്പളം കൊടുക്കാൻ 98 ശതമാനം ചെലവാക്കുന്നുണ്ട്. അതല്ലാതെ പല പ്രശ്നങ്ങളും വിദ്യാഭ്യാസ വകുപ്പിലുണ്ട്. ഡി. പി. സി. യെ സംബന്ധിച്ച് ഗോപാലകൃഷ്ണൻനായർ പറഞ്ഞു. ഞാൻ അതിലൊന്നും കൈകടത്താറില്ല. ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിററി ചില ആളുകളെ ഓവർലുക്കു ചെയ്യാറുണ്ടെന്നു പറഞ്ഞു. ഇതിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം. അതല്ലാതെ പ്രത്യേകമായി എന്തെങ്കിലും ഒരാളോട് വിദ്വേഷം കാണിക്കുന്ന രീതിയിൽ കാര്യങ്ങൾ ചെയ്യാൻ ഒക്കുകയില്ല. ഉദ്യോ

LIBRARY ARCHIVES Kerala Legislative Assembly

ഗസ്ഥൻമാരെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പലതും അതിശയോക്തി പരമാണ്. ചില്ലറ പോരായ്മകളുണ്ടാവും. ജോലി ശരിക്കു ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് ആക്ഷേപം വരുമ്പോൾ ആ ആക്ഷേപങ്ങളുടെ പിന്നിൽ പ്രേരിതരായ ആളുകളും കാണും. അതെല്ലാം മുഖവിലക്കെടുക്കാതെ അന്വേഷണം നടത്തി ആരുടെയെങ്കിലും ഭാഗത്ത് എന്തെങ്കിലും പോരായ്മ ഉണ്ടായാൽ അതു പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ഞാൻ കുറെ കാര്യങ്ങൾ ചെയ്തു. ശ്രീ. കൃഷ്ണമൂർത്തി പറഞ്ഞു അദ്ധ്യാപകൻമാരോട് കൺസൾട്ടു ചെയ്യാറില്ലെന്ന്. എല്ലാ മാസത്തിലും മൂന്നാമത്തെ ശനിയാഴ്ച അദ്ധ്യാപകരുടെ യൂണിയൻ കൺസൾട്ടു ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആരെങ്കിലും അങ്ങനെ കൺസൾട്ടു ചെയ്യുന്നില്ലെങ്കിൽ അത് ആലോചിക്കാവുന്നതാണ്. യൂണിയനുമായി കൂടിയാലോചന നടത്താൻ സമയക്കുറവുകൊണ്ടാണ് കൂടിയാലോചന നടത്താത്തത്. കെ. ജി. പി. ടി. ക്കാരോട് കൂടിയാലോചന നടത്താൻ സന്നദ്ധമാണ്. അങ്ങിനെ ഒരുറപ്പ് ഈ സഭ മുഖേന നൽകാൻ ഞാനാഗ്രഹിക്കുന്നു. അതിന്റെ വെളിച്ചത്തിൽ അവരുടെ പണിമുടക്കം പിൻവലിക്കുമെന്നാണെന്റെ വിശ്വാസം. അദ്ധ്യാപകർക്ക് ഒരുപാടു സംഘടനകളും ആ സംഘടനകൾക്ക് ഒരുപാട് അവശതകളുമുണ്ട്. ഒന്നരലക്ഷം അദ്ധ്യാപകർ സ്കൂൾ ഫൈനൽവരെയുണ്ട്. അവർക്കത്രയും അവശതകളും കാണും. എറണാകുളം യൂണിവേഴ്സിററിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശേഷൻ ഇവിടെ പ്രസ്താവിച്ചതിനെക്കാൾ എന്തെങ്കിലും കൂടുതൽ പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പറമ്പിത്തറമാസ്ററർ വാർദ്ധക്യമുള്ള ആളുകൾക്ക് പെൻഷൻ കൊടുക്കുന്നത് മലബാറിലെ സറണ്ടർ സ്കൂൾ ടീച്ചേഴ്സിനും കൊടുക്കണമെന്നു പറഞ്ഞു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: അതിന്റെ കൂട്ടത്തിൽ റിട്ടയർചെയ്ത മുനിസിപ്പൽ അദ്ധ്യാപകരുണ്ട്. അവർക്കുംകൂടി കൊടുക്കണം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പട്ടിക നീണ്ടു വരികയാണ്. ഈ കാര്യങ്ങളെല്ലാം വളരെ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. ഒരു വിഭാഗത്തെമാത്രം കേന്ദ്രീകരിക്കണമെന്ന് ഗവൺമെൻറ് വിചാരിക്കുന്നില്ല. ഒരു വലിയ ഡിപ്പാർട്ടുമെൻറ് ഇത്രയും പണം ചെലവാക്കുന്ന ഒരു ഡിപ്പാർട്ടുമെൻറിലുണ്ടാകുന്ന പല കാര്യങ്ങളും ചെയ്യണമെന്നു അംഗങ്ങൾ പറഞ്ഞു. എന്നാൽ അതെല്ലാം പണത്തിന്റെ ടേമിൽ കണക്കുകൂട്ടി നോക്കുമ്പോഴാണ് വാസ്തവത്തിൽ നടുങ്ങിപ്പോകുന്നത്. ആശയത്തിന് യാതൊരു പോരായ്മയുമില്ല. ഇന്നല്ലെങ്കിൽ നാളെ നടപ്പിൽവരും. വിദ്യാഭ്യാസത്തിന്റെ മണ്ഡലം നന്നായി വരുമെന്നാണ് എന്റെ പ്രതീക്ഷ. ഈ വിദ്യാഭ്യാസവകുപ്പിനെ എതിർക്കുന്നു എന്ന് ചിലരെല്ലാം മാമൂലിനുവേണ്ടി പറഞ്ഞിട്ടുണ്ട്. അവരെല്ലാം മുമ്പ് അനുകൂലിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. പെട്ടെന്ന് എതിർക്കത്തക്കവിധത്തിലുള്ള വലിയ ആക്ഷേപങ്ങളൊന്നും ഇതിലില്ല എന്നാൽ ചില സ്ഥലങ്ങളിലിരുന്നാൽ എതിർക്കുന്നു എന്നു പറയണം. എനിക്കു ഒരു കഥയാണ് ഓർമ്മവരുന്നത്. വിക്രമാദിത്യൻ പണ്ട് ഉപയോഗിച്ചിരുന്ന സിംഹാസനം കുഴിച്ചിട്ടതിന്റെ മുകളിൽ ഒരു ഇടയബാലൻവന്നിരുന്നിട്ട് അയാൾ പറയുന്ന എല്ലാ സംഗതികളും ന്യായയുക്തമാണെന്നു തോന്നി. സംശയംതോന്നി കുഴിച്ചു നോക്കിയപ്പോൾ അതിനടിയിൽ വിക്രമാദിത്യന്റെ സിംഹാസനം ഉണ്ടെന്നു കണ്ടു. ആ കസേരയുടെ സ്വാധീനംകൊണ്ടാണ് നീതിയും ന്യായവും പറഞ്ഞത്. അതുപോലെ സീററ് മാറിയിരിക്കുമ്പോൾ കുറെ എതിർക്കണം. അപ്പുമാസ്ററും പുതുവാളും ഒഴിച്ച് ബാക്കിയെല്ലാവരും രചനാത്മകമായ നിർദ്ദേശങ്ങളാണ് നൽകിയത്. ഇവർ രണ്ടുപേരും എന്നെ കൽപ്പിച്ചു കൂട്ടി താറടിച്ചുകാണിക്കാനും താറുമാറാക്കാനും വർഗ്ഗീയമായും വ്യക്തിപരമായും പരാമർശിച്ചതാണ്. ജനങ്ങൾ ഇതു കണ്ടുകെ

LIBRARY ARCHIVES Kerala Legislative Assembly

ളളുമെന്നു പ്രസ്താവിച്ചുകൊണ്ട് ഞാൻ ഇതു പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പത്തെൺപതു ദിവസമായി സത്യഗ്രഹം നടത്തുന്ന സർവ്വീസിലിരുന്നിട്ട് ട്രെയിനിംഗിനെടുക്കുകയും ട്രെയിനിംഗ കഴിഞ്ഞശേഷം ജോലിയില്ലാതിരിക്കുകയും ചെയ്തിട്ടുള്ളവരുടെ കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം എടുത്ത് ആ സമരം ഒന്നവസാനിപ്പിക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്തെങ്കിലും തീരുമാനം എടുത്താൽ ആവില്ല. അതിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നു വരുന്ന ആളുകളുണ്ട്. അവരെ എടുത്താൽ വേറെ പ്രശ്നങ്ങൾ കൂടി വരും. അത് കുഴപ്പത്തിൻെറ പ്രളയകവാടം തുറക്കലാണെന്നു വിചാരിച്ചാണ് പെട്ടെന്നു വരുത്താത്തത്. പക്ഷേ അവർക്ക് ന്യായമായും വയസ്സിന് എക്സംപ്ഷൻ കൊടുക്കാനുള്ള കറസ്പോണ്ടൻസ് പി. എസ്. സി. യുമായി നടത്തുന്നുണ്ട്. അതുപ്രകാരം കിട്ടുന്നില്ലെങ്കിൽ എന്തു ചെയ്യണമെന്നു ഗവൺമെൻറ് തീർച്ചയായും ആലോചിക്കുന്നതാണ്.

ശ്രീ കെ. കരുണാകരൻ: ഈ കാര്യത്തിൽതന്നെ ഇതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറയുകയുണ്ടായെങ്കിലും അതു സംബന്ധിച്ചു യാതൊരു കറസ്പോണ്ടൻസും നടക്കുകയുണ്ടായില്ലെന്നാണ് അന്വേഷിച്ചതിൽ നിന്ന് അറിയുന്നത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെപ്പററി ഞാൻ അന്വേഷിപ്പിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: പാലക്കാട് എൻ. എസ്. എസ്. ഇഞ്ചിനീയറിംഗ് കോളേജ് സ്തംഭനത്തെക്കുറിച്ച് എന്താണ് പറയുന്നത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സ്തംഭനം തൽക്കാലം പരിഹരിക്കാനുള്ള ശ്രമങ്ങൾ ഗവൺമെൻറ് ചെയ്യുന്നതാണ്. ഇത് സ്ഥിരമായി എല്ലാ കോളേജുകളേയും ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ്. അതിനെക്കുറിച്ച് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. കെ. എ. ഹമീദ്: ചതുർവർഷ ഇഞ്ചിനീയറിംഗ് കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചില പ്രശ്നങ്ങൾ ഉള്ളതായി അറിയാം. ആ പ്രശ്നം പരിഹരിച്ചുകഴിഞ്ഞോ? ഇല്ലെങ്കിൽ എന്തു നടപടിയാണ് എടുക്കുന്നതെന്നു വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു പരിഹരിക്കാനുള്ള ശ്രമം ചെയ്യുകയും അതിനെസംബന്ധിച്ച് ചില കമ്മിററികൾ രൂപീകരിക്കുകയും ഗവൺമെൻറുമായി സഹകരിച്ച് ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

The Cut Motion to Demand XVI—University Education, moved by Shri P. N. Chandrasenan was, by leave, withdrawn.

The Cut Motion to Demand XVI—University Education, moved by Shri C. B. Chandrasekhara Warrier was put and lost.

The Cut Motion to Demand XVI—University Education, moved by Shri N. I. Devassykutty was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

The Cut Motion to Demand XVI—University Education, moved by Shri Alexander Parambithara was, by leave, withdrawn.

The question that Government be granted a sum of Rs. 4,60,05,700 under Demand XVI—University Education was put and carried.

The grant was made.

The Cut Motion to Demand XVII—General Education, moved by Shri K. T. George was, by leave, withdrawn.

The Cut Motion to Demand XVII—General Education, moved by Shri C. B. Chandrasekhara Warrier was put and lost.

The Cut Motion to Demand XVII—General Education, moved by Shri Alexander Parambithara was, by leave, withdrawn.

The question that Government be granted a sum of Rs. 49, 83, 55, 100 under Demand XVII—General Education, was put and carried.

The grant was made.

The Cut Motion to Demand XVIII—Technical Education, moved by Shri Mustafa Kamal was, put and lost.

The question that Government be granted a sum of Rs. 1,83,51,000 under Demand XVIII—Technical Education, was put and carried.

The grant was made.

Mr. Speaker: Order, order. The House will now adjourn to meet again at 8 am. on Tuesday, the 17th March 1970.

The Assembly adjourned at 1.16 p. m. to meet again at 8 a. m. on Tuesday, the 17th March, 1970.

LIBRARY ARCHIVES Kerala Legislative Assembly